ശ്രീ

# മയൂരസന്ദേശം

മണിപ്രവാളം

---

കേരളവൎമ്മാ, എഫ്. എമ്. യൂ., എമ്. ആർ. ഏ. എസ്.
വലിയകോയിത്തമ്പുരാൻ അവർകളാൽ ഉണ്ടാക്കപ്പെട്ടതു

ശ്രീ

# മയൂരസന്ദേശം

## മണിപ്രവാളം

കേരളവൎമ്മാ, എഫ്. എമ്. യൂ., എമ്. ആർ. എ. എസ്.

വലിയകോയിത്തമ്പുരാൻ അവൎകളാൽ ഉണ്ടാക്കപ്പെട്ടതു

അവിടത്തേ ഭാഗിനേയനും ശിഷ്യനുമായ

എ. ആർ. രാജരാജവൎമ്മാ, എമ്. എ.

കോയിത്തമ്പുരാൻ അവൎകളാൽ ഉണ്ടാക്കപ്പെട്ട

## മൎമ്മപ്രകാശം

എന്ന വ്യാഖ്യാനത്തോടുകൂടേ അച്ചടിക്കപ്പെട്ടതു

മംഗലപുരം

ബാസൽ മിശ്ശൻ അച്ചുക്കൂടത്തിൽ

അച്ചടിക്കപ്പെട്ടതു.

൲൦൭

PRINTED AT THE BASEL MISSION PRESS, MANGALORE.
1895.

ശ്രീ

# മു ഖ വു ര.

മഹാകവിയായ കാളിദാസൻ 'മേഘസന്ദേശം' എന്നൊരു വ്യാജേന ഗതാനുഗതികന്മാരായ ഭാവികവികളിലുള്ള കാരുണ്യാതിശയത്താലോ എന്നു തോന്നുമാറു ഒരു നൂതനകവിതാപദ്ധതി കണ്ടുപിടിച്ചതിൻേറ ശേഷം പ്രാചീനരിലും നവീനരിലും എത്രതന്നെ കവികൾ ആ വഴിയേ പുറപ്പെട്ടുകയുണ്ടായിട്ടില്ല? സന്ദേശകാവ്യങ്ങൾ അന്നേ മുതൽ ആണു നടപ്പായതു. ഇപ്പോൾ തിരുവിതാങ്കോട്ടു കൊട്ടാരം ലൈബ്രേറി ഒന്നിൽ തന്നേ ഇതേവരെ പ്രസിദ്ധം ചെയ്തിട്ടില്ലാത്തതായ അഞ്ചു സന്ദേശങ്ങൾ കിടപ്പുള്ളതായി 'ശുകസന്ദേശ'ത്തിൻേറ മുഖവുരയിൽ ശ്രീ വഞ്ചിവിശാഖമഹാരാജാതിരുമനസ്സുകൊണ്ടു പ്രസ്താവിച്ചിരിക്കുന്നു. ആ പണ്ഡിതസാർവഭൌമനായ മഹാനുഭാവനു നമ്മുടേ ഈ 'മയൂരസന്ദേശം' കൂടി ഗണിക്കാനിടവരാഞ്ഞതു ഇകൃതിയുടേയും തൽകൎത്താവിൻേറയും ഒരു ഭാഗ്യഹീനത തന്നേ എന്നു നാം അത്യന്തം വ്യസനിക്കുന്നു. കവിസ്ത്ഥാകട്ടേ —

> "ഈ ലോകത്തിൽ സുഖമസുഖവും മിശ്രമായ് ത്താനിരിയ്ക്കും
> മാലോകൎക്കും മതിമുഖി! വരാറില്ലയോ മാലനേകം"

എന്ന സ്വാന്തസമാധാനം എവിടേയുമുണ്ടല്ലോ.

എന്നാൽ കവികുലകൂടസ്ഥനായ കാളിദാസരുടേ നവീനപന്ഥാവിനു സാഫല്യം സിദ്ധിച്ചതു ഈ 'മയൂരസന്ദേശ'ത്താലാകുന്നുവെന്നു നിൎവിവാദമായ് തന്നേ പറയാം. സന്ദേശരാജ്യത്തിൽ ഇതേവരെ 'ശുകസന്ദേശ'ത്തിന്നായിരുന്നു യൌവരാജ്യം. നമ്മുടേ കവിയെപ്പോലേ തന്നേ ലക്ഷ്മീദാസനും ശബ്ദത്തിലും അൎത്ഥത്തിലും ഒരു പോലേ ദൃഷ്ടിവച്ചിട്ടുണ്ടായിരുന്നു.

"ദചിത്രാഃ പത്രിപ്രവര പരകീയാവധി പ്രാപയേയുഃ",
"സ്തമ്ഭേ ശുഭ്രേ മരതകമണിച്ഛദ്മനാ പദ്മനാഭഃ",
"ശുക്ലൈഃ പക്ഷൈർവ്വിഹസിതഹസന്മല്ലികാ മല്ലികാക്ഷാഃ",
"തത്സേവാൎത്ഥം തരുണസഹിതാസ്സാംബ്രപാദാരവിന്ദാഃ",

ഇത്യാദിശബ്ദവൈചിത്ര്യങ്ങളും,

"അസ്യ ഭ്രമഃ കിയദനവധേരുന്നതിൎയ്യാവതീ തേ
വിദ്ബുദ്ധേരിവ വിപുലതാം ജ്ഞാസ്യസേ താവതീം ത്വം",
"പശ്യ ത്യാജ്യാഃ കില പടുധിയാ പാക്ഷികോഽപ്യന്തരായഃ",

ഇത്യാദ്യൎത്ഥവൈചിത്ര്യങ്ങളും അതിൽ അതിസുലഭങ്ങളാണു. ഈ രണ്ടു കാവ്യങ്ങളേ തമ്മിലൊത്തു നോക്കിയതിൽ ഒരു അനുഗതമായ വൈജാത്യം എന്റേ ദൃഷ്ടിയിൽ പെട്ടതെന്തെന്നാൽ— നമ്പൂരിക്കു ഒരു കല്പിതമായ ഇതിവൃത്തലേശത്തെ അവലംബിച്ചുകൊണ്ടു 'മേഘസന്ദേശ'ത്തിന്നെതിരായി ഒരു 'ശുകസന്ദേശ'ത്തേ നിൎമ്മിച്ചു അതിന്മുഖേന കാളിദാസനു പ്രതിദ്വന്ദിയായി താൻ ലക്ഷ്മീദാസനായ് ചമയണം എന്നാണുദ്ദേശ്യം. തമ്പുരാനാകട്ടേ തന്റേ ജീവചരിത്രത്തിന്റേ ഏതാനുമൊരംശം സൂചിതവൃത്തിയിൽ നിന്നും ഒരു കാവ്യത്തിലേയ്ക്കു പകൎത്തിക്കണ്ടു രസിക്കണമെന്നാണു വിചാരം. ലക്ഷ്മീദാസനെപ്പോലേ വലിയകോയിത്തമ്പുരാൻ അസംഭാവ്യവസ്തുവൎണ്ണനം ചെയ്തു ഒരിടത്തും അവാസ്തവബുദ്ധിയേ ഉളവാക്കുന്നില്ല.

"കണ്ടിട്ടാം ശാരികളതു പകൎത്തിപ്രതിച്ഛായയാ തേ" (ഉ-൨൬)
"കൊട്ടാരത്തിൽ കൊടിയ പദമായോരു സൎവ്വാധികാരം" (ഉ-൩൨)

എന്നും മററും ചില ഭാവികാൎയ്യങ്ങളേ മുൻകൂട്ടി ദിവ്യമായ കവിചക്ഷുസ്സുകൊണ്ടു കണ്ടിട്ടുണ്ടെന്നേ ഉള്ളു. 'മയൂരസന്ദേശ'കൎത്താവിന്റേ വൎണ്ണനകളിൽ "വണ്ടും ഞണ്ടും വടിവൊടു കളിക്കുന്ന കച്ഛങ്ങളും;" "പിന്നിൽക്കൂടിപ്പുരിച്ചോടണയും മററു ബോട്ടൊന്നു കണ്ടാൽ കൈവൎത്തർ തണ്ടു ചാണ്ടുന്നതും;" "സച്ചേലത്തെസ്സുരസമരയിൽ ചേൎത്തു വക്കീലന്മാർ കച്ചേരിയ്ക്കായ് ചെരിപ്പിട്ടുപോകുന്നതും;" "നാനാവൎണ്ണപ്രകടിതചമല്ക്കാരമാം വേഷമോടേ സേനാവൃന്ദം പെരുവഴി പകൎന്നീടുന്നതും;" "കയ്യാലെ-

ത്തിക്കളുകമിയലും കട്ടികൾക്കും പറിക്കാവുന്ന ഫലശ്രേണിതൂങ്ങുന്ന തൈമാവുകളും;" എന്നു വേണ്ട, ഓരോന്നും പ്രത്യേകം നോക്കിയാൽ വാസ്തവകഥനമാത്രമാകുന്നു. പൌരസ്ത്യകവികൾ ലൌകികവസ്തുക്കളേ നോക്കുന്നതു അതിശയോക്തി എന്ന ഭൂതക്കണ്ണാടിയിൽ കൂടിയാണെന്നുള്ള അപവാദത്തേ ഈ ഖണ്ഡകാവ്യം നിശ്ശേഷമായ് നിമ്മാജ്ജനം ചെയ്യുവെന്നു ലേശം മടി കൂടാതേ ഞാൻ ശപഥം ചെയ്യുന്നു.

കാളിദാസകൃതിയോടു താരതമ്യം പരീക്ഷിക്കത്തക്ക യോഗ്യത സമ്പാദിക്ക തന്നേ ഒരു കാവ്യത്തിനുണ്ടാകാവുന്ന ഭാഗ്യത്തിന്റേ പരമകാഷ്ഠയാകുന്നു. 'മയൂരസന്ദേശ'ത്തിന്നു ഈ യോഗ്യത സിദ്ധിച്ചിട്ടുണ്ടെന്നു ഞാൻ മാത്രമല്ല, ഇദാനീന്തനന്മാരായ കാവ്യരസികന്മാരിൽ ഒന്നാമനെന്നു തീച്ചപ്പെട്ടിട്ടുള്ള 'ഇന്ദുലേഖാ' കത്താവു കൂടി പ്രകടമായി സമ്മതിച്ചിരിക്കുന്നു. "ഈ പുസ്തകത്തിന്മേൽ അദ്ദേഹത്തിനുള്ള അളവില്ലാത്ത വാത്സല്യത്തിന്റേ വ്യാപാരങ്ങൾ പലപ്രകാരങ്ങളിലും തങ്ങളെത്തന്നേ പ്രദശിപ്പിക്കുന്നതിൽ ഒന്നാണു മംഗലപുരം ബാസൽ മിഷ്യോൻ അച്ചുകൂടത്തിൽ" ഇതിനേ നാനാചിത്രോപശോഭിതങ്ങളായ പത്രങ്ങളിൽ സവിശേഷമായി അച്ചടിച്ചു പ്രസിദ്ധം ചെയ്തതു. കിം ബഹുനാ,

മണിപ്രവാളവ്യാപാരി<br>
മന്നിലിക്കവിപുംഗവൻ ।<br>
നോട്ടക്കാരിലുമവ്വണ്ണം<br>
നാട്ടോടേ ചന്തുമേനവൻ ॥

എന്നാൽ 'മയൂരസന്ദേശ'ത്തിന്നു 'മേഘസന്ദേശ'ത്തേക്കാൾ ഒരു മാററു കൂടുകയില്ലയോ എന്നാണു എന്റേ തക്കം. പ്രാചീനകാളിദാസൻ ശബ്ദഭംഗിയിൽ ലേശം മനസ്സു വച്ചിട്ടില്ല. നവീനകാളിദാസന്റേ സൂക്തികളിലാകട്ടേ ശബ്ദമോ അത്ഥമോ സരസതരമെന്നു ഒരുവനും പരിച്ഛേദിക്കാൻ പാടില്ലാ. ഗുരുജനപക്ഷപാതം എന്നെ വ്യാമോഹിപ്പിക്കുന്നതല്ലെന്നു ഒന്നു രണ്ടു ഉദാഹരണങ്ങൾ മഹാജനങ്ങളേ ബോധപ്പെടുത്തും.

൧. ദൂതനേ ആവജ്ജനം ചെയ്യുന്നതിൽ—

'ജാതം വംശേ ഭുവനവിദിതേ പുഷ്കലാവൎത്തകാനാം
ജാനാമി ത്വാം പ്രകൃതിപുരുഷം കാമരൂപം മഘോനഃ |
തേനാൎത്ഥിത്വം ത്വയി വിധിവശാദ്ദൂരബന്ധുൎഗ്ഗതോ ഽഹം
യാച്ഞാ മോഘാ വരമധിഗുണേ നാധമേ ലബ്ധകാമാ' ||

'ധന്യാത്മാവേ ഖഗവര ജയിച്ചാലുമുള്ളം കനിഞ്ഞി-
ട്ടന്യായത്താലഴലിലുഴലുന്നെന്നെ നീ താൻ തുണയ്ക്ക |
വന്യാവാസേ വിഹഗനിവഹേ ബാഹുലേയൻ ഗ്രഹിച്ചാ-
നന്യാസാധാരണഗുണഗണം കാങ്കയാൽ തന്നെ നിന്നേ' || (പ്ര. ൩).

൨. ദൂതന്റെ കൃത്യം സമഷ്ടിയായ് പ്രസ്താവിക്കുന്നതിൽ—

'മാൎഗ്ഗം താവച്ഛൃണു കഥയതസ്ത്വൽപ്രയാണാനുരൂപം
സന്ദേശം മേ തദനു ജലദ! ശ്രോഷ്യസി ശ്രോത്രപേയം |
ഖിന്നഃ ഖിന്നഃ ശിഖരിഷു പദം ന്യസ്യ ഗന്താസി യത്ര
ക്ഷീണഃ ക്ഷീണഃ പരിലഘുപയഃ സ്രോതസാഞ്ചോപയുജ്യ' ||

'തന്ദേശം ചെന്നണവതിനു തേ ചൊല്ലുവേൻ മാൎഗ്ഗമാദൌ
സന്ദേശം ചൊന്നഥ സപദി ഞാൻ യാത്രയാക്കാം ഭവാനേ |
സന്ദേഹം വേണ്ട പരനുപകാരത്തിനാകാത്തതെങ്കിൽ
കിന്ദേഹം കൊണ്ടൊരു ഫലമിഹ പ്രാണിനാം ക്ഷോണിതന്നിൽ' || (പ്ര. ൧൩.)

൩. തൽകാലോചിതം പ്രവൎത്തിക്കാനുപദേശിക്കുന്നതിൽ—

'ശബ്ദായന്തേ മധുരമനിലൈഃ കീചകാഃ പൂൎയ്യമാണാഃ
സംസക്താഭിസ്ത്രിപുരവിജയോ ഗീയതേ കിന്നരീഭിഃ |
നിൎഹ്രാദസ്തേ മുരജ ഇവ ചേൽ കന്ദരേഷു ധ്വനിസ്സ്യാൽ
സംഗീതാൎത്ഥോ നനു പശുപതേസ്തത്ര ഭാവീ സമഗ്രഃ ||

'പാലിക്കാനായ് ഭുവനമഖിലം ഭൂതലേ ജാതനായ-
ക്കാലിക്കൂട്ടം കലിതകുതുകം കാത്ത കണ്ണന്നു ഭക്ത്യാ |
പീലിക്കോലൊന്നടിമലരിൽ നീ കാഴ്ചയായ് വച്ചിടേണം
മൌലിക്കെട്ടിൽ തിരുകുമതിനെത്തീച്ചയായ് ഭക്തദാസൻ' || (ഉ. ൧൩.)

൪. ദ്രോഹിപ്പാൻ വരുന്ന കളിക്കൂട്ടരെത്തടുത്തുനില്ക്കാൻ വഴി പറ ഞ്ഞുകൊടുക്കുന്നതിൽ—

'തത്രാവശ്യം വലയകലിശോദ്ഘട്ടനോദ്ഗീൎണ്ണതോയം
നേഷ്യന്തി ത്വാം സുരയുവതയോ യന്ത്രധാരാഗൃഹത്വം |
താഭ്യോ മോക്ഷസ്തവ യദി സഖേ ഘൎമ്മലബ്ധസ്യ ന സ്യാൽ
ക്രീഡാലോലാഃ ശ്രവണപരുഷൈൎഗ്ഗൎജ്ജിതൈൎഭ്ഭായയേസ്താഃ' ||

'ക്രൂടിച്ചേന്നിട്ടൊരുവക കളിക്കൂട്ടർ നിന്നെപ്പിടിക്കാ-
നോടിച്ചെങ്കിൽ പടുതയൊടു നീ പിന്തിരിഞ്ഞന്തികത്തിൽ |
ചാടിച്ചെന്നിച്ചതുരതയെഴും പീലിയഞ്ചാലകന്മാർ
പേടിച്ചോടുംപടി ഝടിതിയൊന്നുച്ചലിപ്പിച്ചിടേണം || (പൂ. ൨൧)

൩. അഭിജ്ഞാനവാക്യത്തിൽ —

'ഭൂയശ്ചാഹ ത്വമപി ശയനേ കണ്ഠലഗ്നാ പുരാ മേ
നിദ്രാം ഗത്വാ കിമപി രുദതീ സസ്വരം വിപ്രബുദ്ധാ |
സാന്തർഹാസം കഥിതമസകൃൽ പൃച്ഛതശ്ച ത്വയാ മേ
ദൃഷ്ടഃ സ്വപ്നേ കിതവ രമയൻ കാമപി ത്വം മയേതി ||
'ലീലാരണ്യേ വിഹഗമൃഗയാലോലനായേകദാ ഞാൻ
നീലാപാംഗേ! കമപി നിഹനിച്ചീടിനേൻ നീഡജത്തെ |
മാലാന്നാരാൽ മരുവുമിണയെക്കണ്ടു നീ താം ച നേത്രം
കാലാഗാരം സപദി കൃപയാ കാതരേ! ചൊല്ലിയില്ലേ || (ഉ. ൩൫.)

ആകപ്പാടെ നോക്കുമ്പോൾ വാസ്തവകൃത്രിമങ്ങൾക്കു തമ്മിലുള്ള അന്തരം ആൎക്കും അപലപിക്കാവുന്നതല്ലെന്നു നല്ലവണ്ണം ബോധപ്പെടുന്നുണ്ടു. ഉള്ളം കവിഞ്ഞു പായുന്ന സാഹിത്യസുധാസമുദ്രത്തിന്റെ തരംഗപരംപരകളാലുള്ള തള്ളൽ പൊറുക്കാതെ വലയുന്ന കവികുഞ്ജരന്മാരിലുള്ള വാത്സല്യത്താൽ ആ പരമകാരുണികനായ കവിവൃദ്ധൻ സന്ദേശം എന്നു ഒരു അച്ച് വാൎത്തിട്ടു എന്നാണു പറയേണ്ടതു. ഒരു ബഹിഷ്കൃതനായ യക്ഷൻ ഒരു മേഘത്തോടു യാചിക്കുന്നു, വിരഹിതയായ തന്റെ കാന്തയ്ക്കു ദൂതു ചെന്നു പറയണമെന്നു. യക്ഷൻ എന്നാലാരാണു? ഉദ്യാനവാപീപൎവ്വതാദിവിഹാരസ്ഥാനങ്ങളുടേ അധിഷ്ഠാതൃദേവതകളിലൊന്നെന്നേ പറയാൻ പാടുള്ളൂ. അവന്റെ നാടോ, മനുഷ്യസഞ്ചാരത്തിനു അപ്പുറത്തു കിടക്കുന്ന ഹിമവാന്റെ വടക്കുഭാഗമാകുന്ന അളകാപുരി. ദൂതനായിട്ടു കിട്ടിയതു ഒരു മേഘത്തേ ആണു. യക്ഷഗന്ധൎവ്വാദികൾ ചില സമയം മനുഷ്യസ്ത്രീകളിൽ അധിവാസം ചെയ്യുമെന്നും ആ വിവരം അവരുടേ രാജാവായ വൈശ്രവണൻ അറിഞ്ഞാൽ അവരേ അതിനു ശിക്ഷിക്കുമെന്നും മററും കുഞ്ഞുങ്ങളോടു നാം

കഥ പറയാറു പതിവുണ്ടു്. ഇപ്രകാരമുള്ള ഒരു കഥയേ എടുത്തു കാളിദാസൻ ഒരു പ്രൌഢജനമനോഹരമായ കാവ്യമാക്കിച്ചമച്ചുവെന്നോ, അല്ലാത്ത പക്ഷം വേശ്യാലമ്പടനായ ഇദ്ദേഹം ഒരു ദിവസം യദൃച്ഛയാ ഒരു സുന്ദരമായ കാർമേഘം തെക്കുനിന്നും വടക്കോട്ടു പോകുന്നതു നോക്കിക്കൊണ്ടു സന്നിഹിതയായ സ്വകാന്തയേ "ഭാതി ശ്രീരമണാവതാരദശകം ബാലേ ഭവത്യാഃ സ്തനേ" എന്നും മറ്റും സമർത്ഥിപ്പിച്ചിട്ടുള്ളതുപോലേ ഇങ്ങനേ ഒരു വിചിത്രമായ കാവ്യം ചമച്ചു വിനോദിപ്പിച്ചു എന്നോ, മറേറാ ആയിരിക്കണം 'മേഘസന്ദേശ'ത്തിന്റെ ആഗമം.

'മയൂരസന്ദേശ'മാകട്ടേ അതിന്റേ കവിയായ മഹാനുഭാവന്നു എന്തോ ഒരു ദുർദ്ദൈവവശാൽ ൨൦ വൎഷം മുമ്പു സംഭവിച്ച ഒരു ആപത്തിനെ കഥാവസ്തുവായി അവലംബിച്ചു പ്രവൎത്തിച്ചിട്ടുള്ളതാകുന്നു. ഈ സംഗതി മലയാളം ഒട്ടുക്കു പ്രസിദ്ധമാകയാൽ അതിനേപ്പററി നാം ഇവിടേ പ്രസ്താവിക്കേണ്ടതില്ലാ.

"മുട്ടാതെല്ലാം നിയതി മുറപോൽ ചെയ്തിട്ടുമ്പോൾ തടസ്ഥം
തട്ടാതററു വിരഹമനയോന്നീലകണ്ഠനുമപ്പോൾ |
കോട്ടാരത്തിൽ കൊടിയ പദമായോരു സൎവാധികാരം
കിട്ടാനുണ്ടായുടനവസരം ശ്രീവിശാഖപ്രസാദാൽ || "

തിരുവനന്തപുരം,
൧൦൭൦ കുംഭം ൫-ാം നു-.

വ്യാഖ്യാതാ
*A. R. Rajaraja Varma.*

ശ്രീ

# മയൂരസന്ദേശം.

## മണിപ്രവാളം.

## സവ്യാഖ്യാനം.

### പൂർവ്വഭാഗം.

൧.

ശ്രീമാൻ വഞ്ചിക്ഷിതിപതി ഭുജംഗക്ഷ്മജൻ ലക്ഷ്മിയാകും
സാമാന്യം വിട്ടെഴുമുരുഗുണാഭോഗയാം ഭാഗിനേയീം ।
പ്രേമാവാസപ്രിയതമവിയോഗത്തിനാലാർത്തയാക്കി-
സ്സീമാതീതേ കദനജലധൌ കേരളം തള്ളിവിട്ടാൻ ॥

(വ്യാഖ്യാനപ്രാരംഭം.)

ഗുരുപാദങ്ങൾ വന്ദിച്ചു
ഗുരുണൈവ പ്രണീതമാം ।
സന്ദേശകാവ്യരത്നത്തിൽ
സന്ദേഹങ്ങളകററുവൻ ॥

ശ്രീമാൻ വഞ്ചിക്ഷിതിപതി, ശ്രീ വഞ്ചിരാജൻ. ഭുജംഗക്ഷ്മജൻ, ആയില്യം തിരുനാൾ. "അശ്വപതിസ്ത്വശ്വിനീദേവർ ഭരണിസ്തു യമൻ തഥാ" ഇത്യാദി നക്ഷത്രദേവതകളിൽ ആയില്യത്തിനു സർപ്പത്താന്മാരാകുന്നു ദേവത. സാമാന്യം വിട്ടെഴുമുരുഗുണാഭോഗയാം, സാമാന്യം വിട്ടു അസാമാന്യമായി എഴുന്ന ഉരുഗുണാഭോഗത്തോടു ബഹുഗുണമഹിമാവോടു കൂടിയ. ലക്ഷ്മിയാകും ഭാഗിനേയീം, ലക്ഷ്മിയെന്ന അനന്തിരവളെ. പ്രേമാവാസപ്രിയതമവിയോഗത്തിനാൽ, സ്നേഹത്തിനിരിപ്പെടമായ ഭർത്താവിൻെറ വിരഹത്താൽ. ആർത്തയാക്കി, ദുഃഖിതയാക്കീട്ടു. കേരളം, കേരളനെ തൽഭർത്താ-



കേരള സാഹിത്യ അക്കാദമി

വായ കേരളവൎമ്മ വലിയ കോയിത്തമ്പുരാനെ, കേരളത്തെ മലയാളദേശത്തെ തദ്വാസികളായ ജനങ്ങളെ എന്നും ഒരൎത്ഥം സ്ഫുരിക്കുന്നു. സീമാതീതേ കദനജലധൌ, അതിരില്ലാത്ത ദുഃഖമാകുന്ന സമുദ്രത്തിൽ. തള്ളിവിട്ടാൻ, ഉന്തിഅയച്ചാൻ. അസാമാന്യഗുണയായ ഭാഗിനേയിയുടെ കഷ്ടദശയേക്കൂടി ഗണിക്കാഞ്ഞതു കഠിനമെന്നും അവധി നിശ്ചയിക്കാതെ ശിക്ഷ കല്പിച്ചതു അധൎമ്മമെന്നും ഈ വിധം ആപത്ത് അപ്രതീക്ഷിതമെന്നും ഇതിനാൽ മലയാളത്തിലേ ജനങ്ങൾക്ക് അധികമായ ദുഃഖമുണ്ടായി എന്നും അതതു പദങ്ങളുടെ സ്വാരസ്യത്താൽ ധ്വനിയ്ക്കുന്നു. ആദിയിൽ ശ്രീശബ്ദപ്രയോഗത്താൽ കവി അദ്ധ്യേതൃശ്രോതാക്കൾക്ക് മംഗളമാശംസിക്കുന്നു. വൃത്തം സന്ദേശവൃത്തമെന്നു പ്രസിദ്ധമായ മന്ദാക്രാന്ത. പരിപൂൎണ്ണമായ ദ്വിതീയാക്ഷരപ്രാസത്തിനും പുറകേ കാവ്യജീവനായ വൃത്ത്യനുപ്രാസം ഈ ഗ്രന്ഥത്തിൽ നിയമേന കാണുന്നുണ്ടു. ദമ്പതിമാൎക്ക അതൎക്കിതവും അനിശ്ചിതാവസാനവുമായ വിരഹത്തിനു നിദാനമായിത്തീൎന്ന രാജഗതമായ സാഹസത്തിന്റെ വൎണ്ണനംകൊണ്ടു ഗ്രന്ഥമാരംഭിച്ചതു്, പ്രതിപാദ്യമായ വിപ്രലംഭശൃംഗാരത്തിനു വളരേ അനുഗുണമായി എന്നു കാണ്ക.

൨.

ഇഷ്ടപ്രാണേശ്വരിയുടെ വിയോഗത്തിനാലും നരേന്ദ്ര-
ദ്വിഷ്ടത്വത്താലൊരുവനുളവാംമാനനഷ്ടത്തിനാലും ।
കഷ്ടപ്പെട്ടപ്പുരുഷനൊരു നാലഞ്ചു കൊല്ലം കഴിച്ചാൻ
ദിഷ്ടക്കേടാൽ വരുവതു പരീഹാരമില്ലാത്തതല്ലോ ॥

'ഒരു നാലഞ്ചു കൊല്ല'മെന്നു ക്ലൃപ്തം കൂടാതെ നിൎദ്ദേശിക്കയാൽ പ്രാണസ്നേഹിതയായ നായികയുടെ വിരഹവും രാജദ്വേഷം മൂലമുള്ള മാനഹാനിയും സഹിച്ചുകൊണ്ടു കഴിച്ചുകൂട്ടിയ കാലം സ്വല്പമായിരുന്നാലും ഇത്രയെന്നു പരിച്ഛേദിക്കാൻ പ്രയാസമെന്നു കാണിക്കുന്നു. എന്നാൽ ഇക്കഷ്ടമെല്ലാമെങ്ങനേ സഹിച്ചുവെന്നതിലേക്കു അൎത്ഥാന്തരന്യാസംകൊണ്ടു സമാധാനം പറയുന്നു. 'കാലക്കേടുകൊണ്ടു വരുന്നതു സഹിക്കയേ നിവ്വാഹമുള്ളുവല്ലോ' എന്നു. 'പുരുഷൻ കഴിച്ചു' എന്നതിനാൽ സ്ത്രീക്കു പ്രകൃത്യാ ഉള്ള അബലത നിമിത്തം വിരഹം ദുസ്സഹതരമായിരിക്കണമെന്നും അവളുടെ സ്ഥിതി അതിനാൽ ഏതുവിധമായിരിക്കുമെന്നറിവാനുള്ള ഉൽകണ്ഠയും വ്യഞ്ജിക്കുന്നു.

൩.

ആവിശ്ചിന്താഭരമവനരിപ്പാട്ടു വാണൊരു കാലേ
സേവിക്കാനായ് ഗുഹനെയൊരുനാളാസ്ഥയാ പോയനേരം ।
ഭാവിശ്രേയഃപിശുനശകുനം കണ്ടുപോൽ നീലകണ്ഠം
കോവില്ക്കൂട്ടിൽ കചചന ഭഗവദ്വാഹനം മോഹനാംഗം ॥

ആവിൎഭവിന്താഭരം, വിരഹത്തിനെന്താണവസാനമെന്ന ആവിൎഭൂതമായ ചിന്താഭരത്തോടുകൂടുംവണ്ണം അവൻ (സ്വഗൃഹമായ) അരിപ്പാട്ടു വാണ കാലത്തിൽ ഒരു ദിവസം (ദേശാധിനാഥനായ) കുമാരസ്വാമിയെ വന്ദിപ്പാൻ പോയപ്പോൾ ശ്രേയസ്സു ഭാവിയായിരിക്കുന്നുവെന്നു സൂചിപ്പിക്കുന്ന ശകുനവും (പക്ഷിയുമാണല്ലോ!) സ്വാമിയുടെ വാഹനമാകയാൽ അമ്പലത്തിൽ തന്നെ ഒരേടത്തു രക്ഷിക്കപ്പെട്ടതും ആയ ഒരു മയിലിനെ യദൃച്ഛയാ കണ്ടു കൂടി.

## ൨.

കൊണ്ടൽക്കോളാൽ കലിതകുതുകം പീലിയെല്ലാം പരത്തി-
ക്കൊണ്ടക്കേകിപ്രവരനഴകോടാട്ടമാടുന്ന ഭംഗീം |
കണ്ടക്കാമീ നിജകമനിയാം നീലവേണീം നിനച്ചി-
ട്ടിണ്ടൽക്കേററം വശഗനവിടെത്തന്നെ മിണ്ടാതെ നിന്നാൻ ||

കൊണ്ടൽക്കോൾ, മഴക്കാറു. മിണ്ടാതെ, നായികാസ്മരണത്താൽ പുതുതാക്കിച്ചെയ്യപ്പെട്ട ഉൽകണ്ഠയോടേ. മയിലാട്ടം മുതലായ വൎഷൎത്തുവിലേ ഉദ്ദീപനങ്ങളെ നായികയെങ്ങനെ സഹിക്കുമെന്നുള്ള ആധിയാലാണ് 'ഇണ്ടൽക്കേററം വശഗ'നായതു. മയിൽപീലി കണ്ടപ്പോൾ നീലവേണിയെ ഓൎത്തുകൊണ്ടു 'സ്മൃതിമാൻ' എന്ന അലങ്കാരം. വാസ്തവമായിട്ടു അക്കാലത്ത് അരിപ്പാട്ടു സുബ്രഹ്മണ്യക്ഷേത്രത്തിൽ ഒരു മയിലിനെ അടച്ചു സൂക്ഷിച്ചിരുന്നു.

## ൩.

സന്താപഘ്നം സകലജഗതാം സ്കന്ദനേ വന്ദനം ചെ-
യ്തെന്തായാലും വിഷമമിതിനാലൊന്നുമില്ലെന്നുറച്ചു |
ചിന്താമഗ്നൻ ചിരമവിടെ നിന്നമ്മയൂരത്തൊടേവം
ഹന്താത്യന്തം പരവശതയാലന്തരംഗേണ ചൊന്നാൻ ||

ചിന്താമഗ്നനായി നിന്നതിന്റെ ശേഷം എന്തു ചെയ്യുവെന്നു പറയുന്നു. സന്താപഘ്നം, എല്ലാ ജനങ്ങളുടെയും താപത്തെ ശമിപ്പിക്കുന്ന. ഇതിനാൽ ഈദൃശനായ ദേവനെ വന്ദിക്കുന്നതുകൊണ്ടു് തന്റെ സന്താപം ശമിക്കുമെന്നു സിദ്ധിക്കുന്നു. എന്തായാലും, കാൎയ്യം ഫലിച്ചാലും ഇല്ലെങ്കിലും മനോരാജ്യം വിചാരിക്കുന്നതിനു വിരോധമില്ലല്ലൊ. സന്ദേശം ഏതുവിധത്തിൽ വേണം ചെയ്യാൻ എന്നു ആലോചിക്കുന്നതിനു വേണ്ടിയാണ് 'ചിന്താമഗ്നനായി ചിരമവിടെത്തന്നെ നിന്നതു്'. 'അത്യന്തം പരവശതയാ'ലാണു തിൎയ്യക്കായ മയിലിനോടു സംസാരിക്കാൻ പുറപ്പെട്ടതു. ഇങ്ങനേയും വന്നുപോകുന്നല്ലോ എന്നു ആശ്ചൎയ്യം 'ഹന്ത' ശബ്ദത്താൽ വെളിപ്പെടുന്നു. സ്കന്ദവാഹനമായ മയൂരത്തിനു ദേവസംബന്ധേന

ഐശ്വൎയ്യമുള്ളതുകൊണ്ടു അതിനു മനസ്സിൽ ചെയ്യുന്ന പ്രാൎത്ഥനയെയും അറിവാൻ കഴിയുന്നതിനാലും തിൎയ്യഗാമന്ത്രണം കണ്ടു തടസ്ഥന്മാൎക്കു തന്റെ ചാപല്യത്തെ പരിഹസിപ്പാൻ ഇടകൊടുക്കരുതു് എന്നുള്ള കരുതലിനാലും ആണു മനസ്സുകൊണ്ടു ചൊന്നതു്.

ന്ത.

ധന്യാത്മാവേ! ഖഗവര! ജയിച്ചാലു മുള്ളം കനിഞ്ഞി-
ട്ടന്യായത്താലഴലിലുഴലുന്നെന്നെ നീ താൻ തുണയ്ക്കു |
വന്യാവാസേ വിഹഗനിവഹേ ബാഹുലേയൻ ഗ്രഹിച്ചാ-
നന്യാസാധാരണഗുണഗണം കാൺകയാൽ തന്നെ നിന്നേ ||

'ഏവം ചൊന്നാൻ' എന്നതിനേത്തന്നെ എങ്ങനെ എന്നു ഗ്രന്ഥശേഷം കൊണ്ടു വിവരിക്കുന്നു. മഹാജനാചാരം പ്രമാണിച്ചും ഈശ്വരവാഹനമെന്ന ഭക്തിയാലും ആശീസ്സ് ചെയ്യുന്നു 'ധന്യാത്മാവേ ഖഗവര ജയിച്ചാലു'മെന്നു. അഴൽ, കത്തിക്കാളുന്ന പോലെയുള്ള താപം. ഈ വിധം തപിക്കുന്നവനിൽ ധന്യനായ നിനക്കു കനിവു തോന്നാതിരിക്കയില്ലല്ലോ. ഭഗവാൻ നിന്നെ വാഹനമായിട്ടു തിരിഞ്ഞെടുക്കയാൽ നീ അന്യാദൃശഗുണവിശിഷ്ടനാണെന്നു എനിക്കു ബോധപ്പെടുകകൊണ്ടാണു് 'നീ താൻ തുണയ്ക്കണം' എന്നു ഞാൻ നിബ്ബന്ധിക്കുന്നതു്. വന്യാവാസം, വനി അല്ലെങ്കിൽ വന്യാ (വനസമൂഹം) ആകുന്ന ആവാസത്തോടു കൂടിയതു്. വിഹഗനിവഹം, പക്ഷിക്കൂട്ടം. സപ്തമിക്കു അതിൽ വച്ചു എന്നൎത്ഥം.

൧.

പാരിൽ പാൎത്താലിഹ ഫണികുലത്തിൽ നിന്നോടു തുല്യം
വൈരിത്വം പൂണ്ടൊരു പതഗമാം പത്രമേറിച്ചരിക്കും |
ശൌരിക്കും ത്വാം പ്രതി മമതയാൽ തന്നെ നിൻപൃഷ്ഠലഗ്നം
ഭൂരിശ്രീ ചേൎന്നൊരു തനുരുഹം മൂൎദ്ധ്നി ചൂടുന്നു ദേവൻ ||

മയൂരത്തിന്റെ വിശിഷ്ടത്വത്തെ തന്നേ പിന്നെയും പ്രതിപാദിക്കുന്നു. ഫണികുലം, സൎപ്പവംശം. പത്രം, വാഹനം, ഗരുഡൻ. നിൻപൃഷ്ഠലഗ്നം ഭൂരിശ്രീ ചേൎന്നൊരു തനുരുഹം, നിന്റെ പൃഷ്ഠത്തിൽ ചേൎന്ന പ്രകാശമാനമായ ഒരു തൂവൽ, പീലി, പൃഷ്ഠരോമത്തെ മൂൎദ്ധാവിൽ ചൂടുന്നു എന്നു പറഞ്ഞതിനാലും 'നിന്നോടു തുല്യം ഫണികുലത്തിൽ വൈരിത്വം പൂണ്ട പക്ഷി' എന്നു പൎയ്യായോക്ത രീതിയിൽ ഗരുഡനെ വൎണ്ണിച്ചതിനാലും വിഷ്ണു നിന്നെ ലഭിയ്ക്കാഞ്ഞതിനാലാണു ഗരുഡനെ സ്വീകരിച്ചതെന്നും ഇപ്പൊഴും അദ്ദേവനു നിന്നേക്കുറിച്ചു ബഹുമാനത്തിനു കുറവില്ലെന്നും ധ്വനിക്കുന്നു.

## ൮.

ആകാരത്തിൻസുഷമയിതുപോലേതു പക്ഷികൾ പാരിൽ?
കേകാരാവം ശ്രവണസുഖദം കേൾക്കിലോ തൃപ്തിയാകാ ।
ലോകാനന്ദപ്രദമസദൃശം നൃത്തവും തേ ശകുന്തേ!
ശോകാനാം മേ ശുഭഗുണ! ഭവാനീശനാം നാശനായ ॥

അനന്തരം "യത്രാകൃതിസ്തത്ര ഗുണാ വസന്തി" എന്ന സാമുദ്രികലക്ഷണപ്രകാരവും മയിൽ ഗുണവാനെന്നു സാധിക്കുന്നു. ആകൃതിസൌന്ദൎയ്യം ഒരു പക്ഷിക്കും നിന്നെപ്പോലെയില്ല; മധുരമായ നിന്റെ ശബ്ദം (കേകാരാവം) കേട്ടാലോ പിന്നെ ഒരിക്കലും മതിയാവുകയില്ല. ഹേ ശകുന്തേ! അല്ലയോ പക്ഷി! തേ ലോകാനന്ദപ്രദമസദൃശം നൃത്തവും, നിസ്തുല്യമായ നിന്റെ ആട്ടവും ലോകത്തിന്നു ആനന്ദം കൊടുക്കുന്നതാകുന്നു (അതിനാൽ) ഇച്ചൊന്ന ലക്ഷണങ്ങളാൽ ശുഭഗുണനായുള്ളോവേ! ഭവാൻ മേ ശോകാനാം നാശനായ, എന്റെ ദുഃഖനിവൃത്തിക്കു. ഈശനാം, സമൎത്ഥനാകും. മഹാത്മാക്കൾക്കു എല്ലാം ശക്യമാണല്ലൊ.

## ൯.

ദൂനം ദൂരസ്ഥിതദയിതനായേതുമാശ്വാസമില്ലാ-
തേനം ദീനം ജനമനു കനിഞ്ഞൊന്നു ചെയ്താലുമിപ്പോൾ ।
സ്യാനന്ദൂരം പുരവരമതിൽ ചെന്നു മൽപ്രാണനാഥ-
സ്യാനന്ദം നീയരുളുക പറഞ്ഞെന്റെ സന്ദേശവാക്യം ॥

ശോകനാശനത്തിനുള്ള ഉപായം പറയുന്നു. ദൂരസ്ഥിതദയിതനായി (ബഹുവ്രീഹി) ദയിത ദൂരത്തിരിക്കയാൽ. 'ഏതുമാശ്വാസമില്ലാതെ ദൂനനായ്', ദുഃഖിതനായ്, ദീനനായിരിക്കുന്ന. ഏനം ജനം, ഈ ആളെ എന്നെ. അനു, കുറിച്ചു. കനിഞ്ഞ് ഇപ്പോൾ ഒന്നു, ഈ ഒരു കാൎയ്യം ചെയ്താലും. എന്തെന്നു ഉത്തരാൎദ്ധത്തിൽ പറയുന്നു. സ്യാനന്ദൂരം, തിരുവനന്തപുരം. അരുളുക, കൊടുക്കുക.

## ൧൦.

പക്ഷിശ്രേഷ്ഠ! സ്വയമവിടെ നീ പോകിലെൻ പ്രാണനാഥാം
ലക്ഷിച്ചന്യാദൃശസുഷമകൊണ്ടാശു ഭൂലോകലക്ഷ്മീം ।
അക്ഷിദ്വന്ദ്വം തവ സഫലമാം കിഞ്ച തൽപ്രാണനെസ്സം-
രക്ഷിച്ചുണ്ടാമൊരു ഗുരുതരം പുണ്യവും ഗണ്യമല്ലോ ॥

കാൎയ്യത്തിന്റെ സ്വഭാവം നോക്കിയാൽ ഇതു് ചെയ്യുന്നതിന് നിനക്ക് മടി തോന്നാനും പാടില്ലെന്നു പറയുന്നു. അവിടെപ്പോയാൽ നിനക്കും കാൎയ്യസാദ്ധ്യമുണ്ടാവും. എങ്ങനെ? പ്രധാനമായിട്ടു മഹാലക്ഷ്മിയുടെ അവതാരം പോലെ മഹാ-

ത്മാവായ ആ രാജ്ഞിയെ കണ്ടിട്ടുള്ള നയനസാഫല്യം; അതോടുകൂടി അങ്ങനേയുള്ള ആളിന്റെ ജീവരക്ഷയെന്ന മഹാസുകൃതം; തഥാച സ്വാത്ഥം മാത്രം നോക്കുന്ന പക്ഷവും ഇക്കാൎയ്യം ചെയ്യേണ്ടതു് തന്നേ എന്നു താല്പൎയ്യം.

൧൧.

കല്യാവേശാൽ കലുഷമതിയാമെന്റെ ചാപല്യമൂലം
കല്യാണാംഗിക്കതികഠിനമാമല്ലലേവം പിണഞ്ഞു ।
കല്യാ ദൈവാൽ കഥമപി സമുന്മൂലിതസ്വാന്തശല്യാ
കല്യാ നിന്നാൽ പരമിഹ മമ ക്ഷേമവാൎത്താം നിവേദ്യ ॥

ഇത്ര മഹാഭാഗയായ രാജ്ഞിക്കു എന്നാലീവിധം ആപത്തു് എങ്ങനേ നേരിട്ടു എന്നു മയിലിനു തോന്നാവുന്ന ചോദ്യത്തിനു് അതിനും നിമിത്തം ഞാനാണു്, അതിനാൽ തന്നെ ആണു് എനിക്കു ഇത്ര നിൎബ്ബന്ധവും എന്ന അഭിപ്രായത്തിൽ ഉത്തരം പറയുന്നു. കല്യാവേശം, കലിയുടെ ആവേശം. എനിക്കും എന്തോ തല്ക്കാലമുണ്ടായ കലിബാധയാൽ അങ്ങനേ ഒരു ചാപല്യത്തിനു (അവിവേകത്തിനു) ഇടയായി എന്നേ ഉള്ളു എന്നു ഭാവം. ദൈവാൽ കല്യാ, ഈശ്വരാനുഗ്രഹം കൊണ്ടു കുശലിനിയായിരിക്കുന്ന അവൾ. ഇഹ മമ ക്ഷേമവാൎത്താം നിവേദ്യ, ഇവിടേ എനിക്കു ക്ഷേമമെന്ന വൎത്തമാനം അറിയിച്ചിട്ടു. നിന്നാൽ പരം, നിന്നാൽ തന്നേ. കഥമപി സമുന്മൂലിതസ്വാന്തശല്യാ കല്യാ, ഏതുവിധേന എങ്കിലും മനശ്ശല്യമില്ലാത്തവളാക്കിച്ചെയ്യപ്പേടേണ്ടവളാകുന്നു. എന്മൂലമാണാപത്തെങ്കിലും എന്റെ ക്ഷേമവാൎത്ത അറിഞ്ഞേ മഹാരാജ്ഞിക്കു മനശ്ശല്യത്തിനു കുറവുവരു എന്നു നിൎദ്ദേശിക്കയാൽ നായികയുടെ അനുരാഗാതിശയവും ക്ഷമയും ഗാംഭീൎയ്യവും മററും ധ്വനിക്കുന്നു.

൧൨.

തത്താദൃക്കാം നരപതിഭയം കൊണ്ടു മററാരുമിപ്പോ-
ളെത്താനും തൽപുരമതിൽ മഹാരാജ്ഞിയേക്കാണ്മവാനും ।
വൃത്താന്തം മേ പറവതിനുമാളല്ല നീ തന്നെ വേണം
ചിത്താശ്വാസം രുചിരചികുരയ്ക്കേകുവാൻ കേകിവൎയ്യ! ॥

'നിന്നാൽ പരം കല്യാ' എന്നു പരിച്ഛേദിച്ചു പറഞ്ഞതിനെ സമൎത്ഥിക്കുന്നു. രാജഭയത്താൽ സാധാരണന്മാൎക്കു ഈ അവസരത്തിൽ ഇക്കാൎയ്യം സാധ്യമല്ലാ. എന്തുകൊണ്ടെന്നാൽ ഒന്നാമതു് അവിടേ ചെല്ലുക ദുഷ്കരം, ചെന്നാൽ രാജ്ഞിയെക്കാണുക, കണ്ടാൽ എന്റെ ദൂതു് പറക; നിനക്കോ പിന്നെ പക്ഷിയും ഈശ്വരാംശവുമാകയാൽ രാജഭയം വേണ്ടല്ലോ എന്നു ഹൃദയം. അതിനാൽ ആ സുന്ദരിയ്ക്കു നീ തന്നെ ആശ്വാസമേകണം. കേകിവൎയ്യ! മയൂരശ്രേഷ്ഠ! എന്നു സംബോധനം.

൧൩.

കോടക്കാർകൊണ്ടിരുളിയലുമീയംബരം കാണവേ മാൻ-
പേടക്കണ്ണാൾ വിരഹവിധുരീഭാവമാന്നെൻെറ നാഥാ |
കൂടക്കൂടക്കരയുമതിനാലാശ്ശു നീയന്തികേ ചെ-
ന്നാടൽക്കെല്ലാമറുതിയുളവാക്കേണമെൻക്ഷേമമോതി ||

ഈ വഷത്തുവിൻെറ സ്ഥിതി നോക്കുമ്പോൾ ആ വിരഹിണിക്കു ഇപ്പോൾ ദുഃഖം ദുസ്സഹമായിരിക്കുമെന്നു തോന്നുന്നു. അതിനാൽ ശീഘ്രം തന്നേ ആശ്വസിപ്പിക്കുക ആവശ്യമെന്നുപദേശിക്കുന്നു. 'കോട', എന്നാൽ പടിഞ്ഞാറൻ കാററു്. അതിനാൽ കോടക്കാർ, കാലവഷത്തിലേ മഴക്കാർ. വിരഹവിധുരീഭാവം, വിരഹംകൊണ്ടുള്ള ഉഴൾച്ച. നാഥാ, പ്രാണനാഥാ. അന്തികേ, സമീപത്തിൽ. ആടൽ, ഉൽകണ്ഠാ.

൧൪.

ഇക്കാലത്തെൻകുശലമതിനായുംകളുന്നിൽ കുമാരൻ-
തൃക്കാലേത്താനൊരു ശരണമായോത്തു നിത്യം ഭജന്തീ |
മുക്കാലുന്നാൾ വ്രതവുമൊരുതിങ്കൾക്കു കയ്യോണ്ടിരിക്കു-
ന്നക്കാർവേണിയ്ക്കകതളിർ തണപ്പിക്ക ചിക്കെന്നു ചെന്നു ||

കുമാരൻതൃക്കാൽ, കുമാരസ്വാമിയുടെ തൃപ്പാദമെന്നു ഷഷ്ഠീതൽപുരുഷൻ. മുക്കാലുംനാൾ വ്രതവുമൊരുതിങ്കൾക്കു കയ്യോണ്ടു, മാസത്തിൽ പാതിയിലധികവും ദിവസം വ്രതാനുഷ്ഠാനങ്ങളോടു കൂടി. അകതളിർ തണപ്പിക്ക, മനസ്സിനു ആശ്വാസം കൊടുക്കുക. ഈ മഴക്കാലത്തേ ശൈത്യംകൊണ്ടൊന്നും ആ വിരഹിണിയുടെ മനം കുളുക്കയില്ലെന്നു ധ്വനിക്കുന്നു. ചിക്കെന്നു, ഉടൻ തന്നേ. ഗുഹവാഹനമായ നിനക്കു അദ്ദേവൻെറ ഭക്തയായ രാജ്ഞിയെ ആശ്വസിപ്പിക്കുന്നതിൽ ബാധ്യതയുമുണ്ടെന്നു കൂടി സ്ഫുരിക്കുന്നു.

൧൫.

പ്രേയാനാമെൻ ചിരവിരഹമാം പ്രൌഢചണ്ഡാതപത്താ-
ലായാസപ്പെട്ടതിവിവശയായ് പിച്ചിപോൽ വാടി വാഴും |
ജായായാ മേ പ്രിയസഖ! ഭവാനെൻെറ സന്ദേശമാകും-
തോയാസാരാൽ ത്വരിതമരുളീടേണമുത്താപശാന്തിം ||

പ്രേയാൻ, ഏററവും പ്രിയൻ. പ്രൌഢചണ്ഡാതപം, കഠിനമായ വെയിൽ. വാഴും, 'ജായായാഃ' എന്ന ഷഷ്ഠ്യന്തത്തിൻെറ വിശേഷണം. തോയാസാരം, മഴ. ഉത്താപം, ദാരുണമായ ദുഃഖം, ചൂടെന്നും. വെയിൽകൊണ്ടു

വാടിയ പിച്ചിക്കൊടിക്കു മഴവെള്ളം വീണവേണമല്ലോ കളിർമ ഉണ്ടാകുവാൻ. പിച്ചി പൂക്കുന്നതു് വർഷകാലത്താകുന്നു. രൂപകസങ്കീർണ്ണമായ ഉപമാലങ്കാരം. 'പ്രേയാനാമെൻചിരവിരഹമാംപ്രൌഢചണ്ഡാതപത്താൽ' എന്നു ശിഥിലസമാസം രൂപകഗർഭമായ കർമ്മധാരയൻ. പരിചയംകൊണ്ടുണ്ടായ സൌഹാർദ്ദത്താലാണു് 'പ്രിയസഖ' എന്നു മയിലിനെ സംബോധനം ചെയ്യുന്നതു്.

## ൧൩.

തന്ദേശം ചെന്നണവതിനു തേ ചൊല്ലുവേൻ മാർഗ്ഗമാദൌ
സന്ദേശം ചൊന്നഥ സപദി ഞാൻ യാത്രയാക്കാം ഭവാനേ |
സന്ദേഹം വേണ്ടപരനുപകാരത്തിനാകാത്തതെങ്കിൽ
കിന്ദേഹംകൊണ്ടൊരു ഫലമിഹ പ്രാണിനാം ക്ഷോണിതന്നിൽ ||

തന്ദേശമിത്യാദി പൂർവ്വാർദ്ധം "യാത്രയ്ക്കൊത്തൊരു താവളങ്ങളെയുരയ്ക്കുന്നേൻ നിനക്കാദ്യമായ് ദൂതിൻവാചകമങ്ങടുത്തു് പുറമേ ചൊല്ലിത്തരാം ഭംഗിയായ്" എന്ന മേഘസന്ദേശശ്ലോകാർദ്ധത്തിൻെറ സ്ഥാനത്തിൽ ചെയ്തിരിക്കുന്നു. ഉത്തരാർദ്ധത്തിൽ "പരോപകാരാർത്ഥമിദം ശരീരം" എന്ന പഴഞ്ചൊല്ലിൻെറ താല്പര്യംകൊണ്ടു മയൂരത്തെ പിന്നെയും സ്വകൃത്യസാധനത്തിനു പ്രോത്സാഹിപ്പിക്കുന്നു. തം ദേശം ചെന്നണവതിനു, ആ ദേശത്തു ചെന്നു ചേരുന്നതിനു. 'യാത്രയാക്കുക' പറഞ്ഞയക്കുക എന്നു് സമസ്തക്രിയ. കിം ദേഹംകൊണ്ടൊരു ഫലം, ദേഹംകൊണ്ടെന്തൊരു ഫലം? ഒരു ഫലവും ഇല്ലാ.

## ൧൪.

പ്രേമം നമ്മോടനുപധികലർന്നീടുമസ്മൽപ്രിയായാഃ
ക്ഷേമം നന്നായ് വരുവതിനു നീ തെല്ലു കഷ്ടപ്പെടേണം |
ആമന്ത്രിച്ചിത്രിദശപൃതനാധീശനാമീശസൂനും
നീ മന്ദിക്കാതുടനടി പുറപ്പെട്ടുകൊണ്ടാലുമിപ്പോൾ ||

പരോപകാരശ്രദ്ധയാൽ വഴിയാത്രയിലുണ്ടാകാവുന്ന കഷ്ടപ്പാടു ഒന്നും കൂട്ടാക്കാതെ ഉടൻ തന്നേ പുറപ്പെടാനുപദേശിക്കുന്നു. നമ്മോടു, എന്നോടു. സുഹൃത്തുകളുമായുള്ള സങ്കഥകളിൽ ഉത്തമസർവ്വനാമത്തിനു ഏകത്വത്തിലും ബഹുവചനം വരാം. അനുപധി, നിർവ്യാജമായ. പ്രേമം കലർന്നീടുന്ന അസ്മൽപ്രിയയ്ക്കു നന്നായ് ക്ഷേമം വരുവതിനു (വേണ്ടി) നീ സ്വല്പം ശ്രമപ്പെടണം. അവിടേ പോയ് വരണം. ആമന്ത്രിച്ചി ത്രിദശപൃതനാധീശനാമീശസൂനും, ദേവസേനാനായകനായ സുബ്രഹ്മണ്യസ്വാമിയോടു യാത്ര ചോദിച്ചുകൊണ്ടു. നീ മന്ദിക്കാതെ, അമാന്തിക്കാതെ. ഉടനടി, ഇപ്പോൾ തന്നേ പുറപ്പെട്ടുകൊണ്ടാലും. മയിലിനു യാത്രയ്ക്കു ഒരുങ്ങാനൊന്നുമില്ലല്ലോ. "ശുഭസ്യ ശീഘ്രം" എന്നല്ലേ പ്രമാണവും. സ്വാമിയേ വന്ദിച്ചുംകൊണ്ടു പോയാൽ കാര്യസിദ്ധിയും നിശ്ചയം തന്നെ.

## ൰൮.

നാട്ടിൽക്കൂടികരുതി വഴി പോകേണമല്ലെങ്കിലാൎക്കും
കൂട്ടിൽ കൊള്ളിപ്പതിനു കൊതിയാം കോമളാകാര! നിന്നേ ।
കാട്ടിൽപ്പോകുന്നളവു ധവളാപാംഗിമാർ കണ്ടുകൂടി-
പ്പാട്ടിൽ പാൎപ്പിച്ചിടുവരിതവൎക്കാകിലുത്സാഹകാലം ॥

ഇനി സമഷ്ടിയായ് യാത്രയ്ക്കുള്ള മാൎഗ്ഗമുപദേശിക്കുന്നു. 'കോമളാകാര' എന്ന സംബോധനംകൊണ്ടു മയിലിനേ കൂട്ടിൽ പിടിച്ചു ഇടുന്നതിനു ആളുകൾക്കു കൊതി തോന്നാനുള്ള കാരണം കാണിക്കുന്നു. ധവളാപാംഗിമാർ, പെൺമയിലു-കൾ; മയിലിൻെറ കണ്ണിൻറെറം വെളുത്തിരിക്കും, അതിനാൽ ഇപ്പേർ സിദ്ധിച്ചു. പാട്ടിൽ പാൎപ്പിക്കുക, സ്വാധീനപ്പെടുത്തുക. ഇതു്, ഈ വൎഷത്തു. അവൎക്കു, മയൂരികൾക്കു ഉത്സാഹകാലവുമാണല്ലോ.

## ൰൯.

ഏടാകൂടം വളരെയിടനാടോടെ പോകുന്നതാകിൽ
കൂടാ കൂടപ്രകൃതികൾ കുടിയ്ക്കാരിടയ്ക്കേറയില്ലാ ।
വാടാവല്യാം വിടപികളിലും പാൎത്തു പാരാതെ പോകാം
വാടാവള്ളിക്കുടിലുകളിലും വിശ്രമിച്ചശ്രമം താൻ ॥

നാട്ടിലും കാട്ടിലും കൂടിപ്പോകാൻ പാടില്ലെങ്കിൽ പിന്നേ ഏതു വഴിയാണു പോകേണ്ടതെന്നു പറയുന്നു. കേവലം നാടും കേവലം കാടും അല്ലാത്ത പ്രദേശം 'എടനാടു', അവിടെക്കൂടി പോകുന്ന പക്ഷം, വളരെ ഏടാകൂടം, ഘട്ടം, കൂടാ, സംഭവിക്കയില്ല. എന്തുകൊണ്ടെന്നാൽ, കൂടപ്രകൃതികൾ, കപട ശീലന്മാരായ കുടിക്കാർ ഇടയ്ക്കേറെ ഇല്ലാ. അതു് തന്നേയുമല്ലാ, വേറേ സൌ-കൎയ്യങ്ങളുമുണ്ടെന്നു ഉത്തരാൎദ്ധംകൊണ്ടു കാണിക്കുന്നു. വാടാവല്യാം, വാടങ്ങ-ളുടേ ഉദ്യാനങ്ങളുടേ; ആവലി, നിര; അതിലും വിടപികളിലും, വൃക്ഷങ്ങ-ളിലും; പാരാതേ, സ്വൈരം, പാൎത്തു്, താമസിച്ചു, പോകാം, വഴിയാത്ര ചെയ്യാം. അതിൻവണ്ണം തന്നെ വാടാവള്ളിക്കുടിലുകളിലും, അമ്ലാനങ്ങളായ ലതാഗൃഹങ്ങളിലും; വിശ്രമിച്ചശ്രമം താൻ, ആയാസം കൂടാതെ തന്നെ പോകാം. 'വാടാ വള്ളി' എന്നിടത്തു് 'വാടാ' എന്ന പേരെച്ചം നിഷേധത്തിലാകയാൽ ലുപ്തം; 'വാടാ വിളക്കു' ഇത്യാദി നോക്കുക.

൨൦.

സ്വൈരം പോലേ സുരസരണിയിൽ കൂടി നേരേ പറന്ന-
ദ്ദൂരം പോകുന്നതിനു പണിയുണ്ടാകുവോന്നാകിലും തേ |
പാരം പിന്നിൽ ഘനമിയലുമിപ്പിഞ്ഛികാസഞ്ചയത്തിൻ-
ഭാരം പാക്കിൽ പരമുപകരിക്കാതിരിയ്ക്കാ ചിലപ്പോൾ ||

തേ പാരം പിന്നിൽ ഘനമിയലുമിപ്പിഞ്ഛികാസഞ്ചയത്തിൻഭാരം, പിൻഭാരമേറുന്ന നിന്റേ പീലിക്കെട്ട്. സ്വൈരംപോലേ സുരസരണിയിൽ കൂടി നേരേ പറന്നദ്ദൂരം പോകുന്നതിനു പണിയുണ്ടാകുവോന്നാകിലും സ്വച്ഛന്ദമായിട്ട് ആകാശത്തിലൂടേ ഒന്നിച്ചു അത്രയും ദൂരം പറക്കുന്നതിനു പ്രയാസമുണ്ടാകുന്ന ഒരു വസ്തുവാണെങ്കിലും, ചിലപ്പോൾ ഏററമുപകരിക്കാതിരിക്കയില്ലാ. ഉണ്ടാകുവോന്നു = ഉണ്ടാകുമൊന്നു = ഉണ്ടാകുന്ന ഒന്നു; അനുസ്വാരത്തിനു വാദേശവും ഒകാരത്തിനു ദീർഘവും വിശേഷപ്രക്രിയാ.

൨൧.

കൂടിച്ചേൎന്നിട്ടൊരു വക കളിക്കൂട്ടർ നിന്നെപ്പിടിക്കാ-
നോടിച്ചെല്ലുകിൽ പടുതയൊടു നീ പിന്തിരിഞ്ഞന്തികത്തിൽ |
ചാടിച്ചെന്നിച്ചതുരതയെഴും പീലിയല്ലാലകന്മാർ
പേടിച്ചോടുംപടി ഝടിതിയൊന്നുച്ചലിപ്പിച്ചിടേണം ||

'ചിലപ്പോൾ ഉപകരിക്കാതിരിക്കാ' എന്നു പറഞ്ഞതിനു തന്നേ ഒരു ദൃഷ്ടാന്തം കാണിക്കുന്നു. കളിക്കൂട്ടർ, കളിച്ചുനടക്കുന്ന പിള്ളർ. ഉച്ചലിപ്പിക്കുക, ഉയൎത്തിവിടുക. കുട്ടികളെപ്പേടിപ്പിക്കാൻ ഇത്രയും മതിയാകുമല്ലോ. കൺകെട്ടുവിദ്യക്കാർ തങ്ങളുടേ കയ്യിലിരിക്കുന്ന പീലി എളക്കുന്നതുകൊണ്ട് വിശേഷവസ്തുക്കളേ ഝടിതി നിൎമ്മിച്ചു കാണികൾക്കു ഭയവിസ്മയങ്ങളേ ഉളവാക്കുന്നതുപോലേ എന്നു കൂടി ശബ്ദസ്വാരസ്യത്താൽ സ്ഫുരിക്കുന്നു.

൨൨.

നിഷ്ഠ്യൂതസിച്ചാലകലെയൊഴിയാതുഗ്രനാഗങ്ങളേറും-
മുഷ്ഠ്യാലെത്തിക്കുടിയിടകളിൽ സഞ്ചരിക്കുന്നതാകിൽ |
നിഷ്ഠ്യാരുണ്യം വഴിയിലവയേ നിഗ്രഹിച്ചഞ്ജസാ നീ
ദുഷ്ഠാലത്തേക്കളക സുമതേ! തത്ര വാഴും ജനാനാം ||

ചേതമില്ലാത്ത ഉപകാരം എപ്പൊഴും ചെയ്യേണ്ടതാണെന്നു ഉപദേശിക്കുന്നു. നിഷ്ഠ്യൂതസിക്ക, തള്ളിപ്പുറത്തുകളക. നിഷ്ഠ്യാരുണ്യം, നിൎദ്ദയം. ദുഷ്ടനിഗ്രഹത്തിൽ ദയവിചാരിച്ചുകൂടല്ലോ. വഴിയിൽ, നീ പോകുന്ന വഴിക്കു. അതിനു

വേണ്ടി ഇടയിൽ താമസം ആവശ്യമില്ലാ. അഞ്ജസാ, ഉടൻ. സുമതേ! ബുദ്ധിശാലിൻ എന്നു സംബോധനം; ഈ വക എണ്ണങ്ങളിൽ സ്വയം തന്നേ ഉചിതം നോക്കി നീ പ്രവൎത്തിച്ചുകൊള്ളും എന്നു കാണിക്കുന്നു.

൨൩.

രണ്ടും മൂന്നും തവണ കൃഷിയേററുന്ന കണ്ടങ്ങളേയും
വണ്ടും ഞണ്ടും വടിവൊടു കളിക്കുന്ന കച്ഛങ്ങളേയും ।
തണ്ടും കെട്ടിത്തരമൊടു ചരിക്കുന്ന വള്ളങ്ങളേയും
കണ്ടുംകൊണ്ടച്ചെറുപുഴകൾതൻ തീരമാൎഗ്ഗേണ പോക ॥

രണ്ടും മൂന്നും തവണ, അരിപ്പാട്ടുനിന്നു തെക്കുള്ള കണ്ടങ്ങൾ വിരിപ്പുനിലങ്ങളാകുന്നു. കച്ഛങ്ങൾ, വെള്ളം കെട്ടിനില്ക്കുന്ന താഴ്ന്ന പ്രദേശങ്ങൾ. പ്രായേണ ഈ മാതിരി ഇടങ്ങളിൽ ആമ്പൽ മുതലായ പുഷ്പങ്ങൾ കാണും; അതിനാലാണു വണ്ടിനിവിടെ പ്രസക്തി. ചെറുപുഴകൾ, ഇടത്തോടുകൾ; ഇവയിലൂടേ പ്രഭുക്കന്മാർ സാധാരണയായ് തണ്ടുവച്ച ഓടിവള്ളങ്ങളിൽ സഞ്ചരിക്കാറുണ്ടു. ഈ വൎണ്ണനകൊണ്ടു മയിൽ കായങ്കുളത്തുകായൽവഴി പോകാതെ സ്വല്പം കിഴക്കോട്ടു വന്ന് പത്തിയൂർ മുതലായ ദിക്കിലൂടെ പോകണമെന്നാണു കവിയുടെ താല്പൎയ്യമെന്നു തോന്നുന്നു.

൨൪.

വഞ്ചിക്ഷോണിയ്ക്കൊരു തിലകമാമപ്പുരത്തേയ്ക്കു പോകും-
വഞ്ചിക്കൂട്ടം വരുമളവിലത്തോട്ടുവാരത്തൊതുങ്ങി ।
വഞ്ചിയ്ക്കേണം വളരെ മരനീരുള്ളിലുണ്ടാകമൂലം
വഞ്ചിത്തഭ്രാന്തെഴുമരയരാം നാവികക്കയ്യരേ നീ ॥

വഞ്ചിക്ഷോണിയ്ക്കൊരു തിലകമാമപ്പുരത്തേയ്ക്കു, തിരുവനന്തപുരത്തേക്ക്; തോട്ടുവാരം, തോട്ടിൻകര; മരനീർ, മദ്യം; ഇത് നീചന്മാരുടേ ഭാഷയെ അനുകരിച്ചു പറഞ്ഞതാണു. വഞ്ചിതഭ്രാന്ത്, വല്യതായ മദം; അവർ മദിച്ചിരിക്കയാൽ നീ വള്ളത്തിൽ കയറുന്നത് അവർ അറികയില്ലെന്നു താല്പൎയ്യം. കുടിയന്മാരേ വഞ്ചിക്കുന്നതിൽ ദോഷമില്ലെന്നും അഭിപ്രായം. നാവികക്കയ്യർ, ദുഷ്ടരായ വള്ളക്കാർ.

## ൨൫.

നീലത്വം ചേൎന്നെഴമിലകളാൽ നിൻെറ കണ്ണാഭയോലും-
സാലത്തിന്മേൽ പരിചൊടു പറന്നെത്തിയക്കല്യതൻെറ ।
കൂലത്തേ വിട്ടൊരുതരണിതൻപാമരത്തിൽ കരേറി-
ക്കോലത്തേ നൽപ്പുടതയിലുറപ്പിച്ചു നീ വാണുകൊൾക ॥

വഞ്ചിക്കാനുള്ള വിധം പറയുന്നു. വള്ളങ്ങൾ കടന്നു പോകുമ്പോൾ നീ തോട്ടുവക്കിൽ ഒരു പച്ച മരത്തിൽ പതുങ്ങിയിരുന്നാൽ അതിൻെറ ഇലയും നിൻെറ സാധാരണ തൂവലുകളും ഒരേ നിറമാകയാൽ അവർ നിന്നെക്കാണുകയില്ലാ. തരം നോക്കി നിനക്കു വള്ളത്തിൻെറ പാമരത്തിൽ പറന്നിരിക്കയുമാം.

## ൨൬.

കണ്ടാലാൎക്കും കൃതകപതഗം തന്നെയാണെന്നതല്ലാ-
തുണ്ടാകൊല്ലാ മനമതിൽ മറിച്ചെണ്ണമപ്പോഴ്മായി ।
മിണ്ടാതേകണ്ടതിനു മുകളിൽ ചേൎന്നു ചേണാൎന്നു നിന്നെ-
ക്കൊണ്ടാടും കണ്ടിരുകരയിലും നോക്കിനിൽക്കുന്ന ലോകം ॥

കൃതകപതഗം, കൃത്രിമപക്ഷി; അലങ്കാരത്തിനായി ഉണ്ടാക്കി വച്ച പക്ഷിപ്രതിമ. എണ്ണം, വിചാരം; വിശ്വാസം; ഈ അൎത്ഥത്തിനു തമിഴിലാണു അധികം പ്രസിദ്ധി. കൊണ്ടാടും കണ്ടിരുകരയിലും നോക്കിനില്ക്കുന്ന ലോകം, നിൻേറ സാമൎത്ഥ്യവും വെളിവില്ലാത്ത അരയരുടേ മൂഢതയും ഓൎത്തു വിസ്മയിക്കയും നിൻെറ രൂപസൌന്ദൎയ്യത്തേ കണ്ടു് അഭിനന്ദിക്കയും ചെയ്യും.

## ൨൭.

ദൂരം മാൎഗ്ഗം ദുരധിഗമമായുള്ളതേവം കടക്കും-
നേരം ജാതിപ്രകൃതിയെ നിയന്ത്രിച്ചിടാതന്തരാ നീ ।
നീരന്ധ്രാംഭോധരനിരയതിന്നാൎപ്പു കേട്ടാൎഭടിക്കാ-
യാരംഭിച്ചാലതുടനശുഭോദൎക്കമാം തൎക്കമില്ലാ ॥

വഞ്ചിക്കാൻ പുറപ്പെടുന്നവൻ സദാ സൂക്ഷിച്ചിരിക്കേണ്ടതാണെന്നു മയിലിനേ രണ്ടു ശ്ലോകംകൊണ്ടു ഓൎമ്മിപ്പിക്കുന്നു. ദുരധിഗമം, കടക്കാൻ പ്രയാസമുള്ളതു്; ഇതുകൊണ്ടു് കരുതിയിരിക്കാഞ്ഞാൽ തെററുണ്ടെന്നു കാണിക്കുന്നു. ജാതിപ്രകൃതി, ജാതിസ്വഭാവം; മയിൽ 'മേഘനാദാനുലാസി'യാണല്ലോ. നിയന്ത്രിക്ക, അടക്കുക; അന്തരാ, മദ്ധ്യേ; നീരന്ധ്രാംഭോധരനിരയതിന്നാൎപ്പു, ഇടിമുഴക്കം; ആൎഭടി, നൃത്തം; അശുഭോദൎക്കം, അമംഗളഫലം; നിന്നേ അവർ പിടികൂടിയേക്കും; കായലിൻെറ നടുവിൽ വച്ചാണെങ്കിൽ നിനക്കു പറന്നു പൊയ്ക്കൊളുവാനും തരം കാണുകയില്ല.

## ൧൮.

കോപത്താൽ നീ കുതി തുടരൊലാ പന്നഗത്തെക്കുറിച്ചാ-
ലാപത്തേക്കേട്ടതുമപകടം തന്നെയാം പന്നഗാരേ! |
ആപല്ലാഭം ഫലമയി സഖേ! ഭോഗഭുക്കാംവയസ്സിൻ-
ചാപല്യത്തേസ്സപദി നിയമിയ്ക്കായ്കിലെന്നാപ്തവാക്യം ||

ഇതിലും അധികം സംഭാവ്യമായ മറ്റൊരു അപകടത്തേക്കുറിച്ചു പറയുന്നു. പന്നഗത്തെക്കുറിച്ചാലാപത്തേക്കേട്ടു, പന്നഗം എന്നാൽ ഓല പരമ്പു മുതലായതുകൊണ്ടു ഉണ്ടാകുന്ന വള്ളത്തിന്റെ മൂടി; ശ്ലേഷംകൊണ്ടു സർപ്പമെന്നർത്ഥം. 'പന്നഗം പൊക്കിയിടണം, താഴ്ത്തിയിടണം, മാററിവയ്ക്കണം,' ഇത്യാദി വള്ളക്കാരുടേ സംസാരം കേട്ടു പാമ്പിനേപ്പററിയാണ് അവർ പറയുന്നത് എന്നു ഭ്രമിച്ച്, നീ കോപത്താൽ കുതി തുടരൊലാ, പരിഭ്രമിക്കരുത്; (എന്തു കൊണ്ടെന്നാൽ) അതുമപകടം തന്നെയാം, അതും വിഷമമായിത്തീരും; പൂർവ്വശ്ലോകത്തിൽ ചൊന്നതിനേ സമുച്ചയിക്കാനായിട്ടു 'അതും' എന്നു പറഞ്ഞു. പന്നഗാരേ! സർപ്പശത്രോ! എന്നു സാഭിപ്രായസംബോധനം. ആപ്തവാക്യപ്രമാണംകൊണ്ട് ഉത്തരാർദ്ധത്തിൽ ഈ ഉപദേശത്തേ ബലപ്പെടുത്തുന്നു. അയി! സഖേ! എടോ ചങ്ങാതീ!; ഭോഗഭുക്കാം, സുഖങ്ങളേ അനുഭവിക്കുന്ന; വയസ്സിൻ, യൌവനത്തിന്റെ; ചാപല്യത്തേ, സപദി, ഉടൻ; നിയമിക്കായ്കിൽ, തടുക്കാഞ്ഞാൽ; (അതിന്റെ) ഫലം ആപല്ലാഭമാകുന്നു എന്നാണ് ആപ്തവാക്യം. യൌവനത്തിലേ ചോരത്തിളപ്പുകൊണ്ടു തോന്നുന്നതൊക്കേയും പ്രവർത്തിച്ചാൽ മേലിൽ അതിൽനിന്നു വളരേ ആപത്തുകൾക്കു ഇടവരുമെന്നാണു ഹിതോപദേശം എന്നു താല്പര്യം. അതിനാൽ നീ സാഹസമായിട്ടൊന്നും പ്രവർത്തിക്കരുതെന്നു ഭാവം. ഇതിനു പുറമേ ഭോഗശബ്ദത്തിനു സർപ്പശരീരമെന്നും ഭുക് ശബ്ദത്തിനു ഭക്ഷിക്കുന്നവനെന്നും വയസ്സെന്നതിനു പക്ഷി എന്നും കൂടി അർത്ഥം ഉള്ളതിനാൽ ശ്ലേഷമഹിമാവുകൊണ്ടു ഭോഗഭുക്കാം വയസ്സിന്റെ, പാമ്പുതീനിപ്പക്ഷിയായ മയിലിന്റെ; ചാപല്യത്തേ, തടുക്കാഞ്ഞാൽ ആപത്തിനു ഇടയാകുമെന്നു കൂടി ഒരർത്ഥാന്തരം സ്പഷ്ടമായിട്ടുളവാകുന്നു. ഏവഞ്ച മയൂരത്തേ ഒരു കാർയ്യസിദ്ധിയ്ക്കായി പറഞ്ഞയക്കുന്ന പക്ഷം അതിന്റെ സഹജചാപല്യത്തിനു കൂടി നിവൃത്തി ആലോചിക്കേണ്ടതാണെന്നാണ് ആപ്തന്മാർ പറയുന്നത്, അതിനാലാണു നിന്നോടു ഞാനിത്രയും നിർബ്ബന്ധിക്കുന്നത് എന്നൊരർത്ഥാന്തരം കൂടി ഇവിടേ സ്പുടമാകുന്നു. ഒരു ഞെട്ടിൽ തന്നേ ഇരട്ടയായിട്ടു രണ്ടു പഴം ഉണ്ടാകുന്നതുപോലേ ഒരേ ശബ്ദധാരയിൽ രണ്ടു അർത്ഥത്തിനു അനുഭവം വരുന്നതു ശ്ലേഷാലങ്കാരമെന്നു ആലങ്കാരികന്മാർ പറയുന്നു. ഇവിടേ രണ്ടു അർത്ഥവും പ്രകൃതമാകയാൽ ഇത് അതിൽ തന്നേ പ്രകൃതശ്ലേഷമെന്ന വകഭേദമാകുന്നു. വള്ളത്തിന്റേ മേല്പുര എന്നർത്ഥമായ പന്നകശബ്ദം വസ്തുതഃ കകാരാന്തമാണെങ്കിലും സംസ്കൃതത്തിൽ 'ബവയോരഭേദഃ ലളയോരഭേദഃ' ഇത്യാദി വിനിമയങ്ങ-

ളുള്ളതുപോലേ ദ്രാവിഡവംശജാതയായ മലയാളഭാഷയിൽ വർഗ്ഗങ്ങളിലേ പ്രഥമതൃതീയാക്ഷരങ്ങൾക്കു അഭേദം കല്പിക്കുന്നതിനു വിരോധമില്ലാത്തതിനാൽ പന്നഗശമെന്നു ഗകാരാന്തമായിട്ടുമുച്ചരിക്കാം. അല്ലെങ്കിൽ മറിച്ചു, സർപ്പാത്മകമായ പന്നഗശബ്ദത്തേ കൂടി തൽഭവപ്രക്രിയയാൽ കകാരാന്തമാക്കാം. ഏതു വിധമായാലും ശ്ലേഷം സാധു തന്നേ. സർപ്പവാചി പന്നഗശബ്ദം തൽഭവമല്ലാ, തത്സമമേ ആവൂ എന്നു വിചാരിക്കുന്ന പക്ഷവും മദ്ധ്യപാനികളായ അരയർ പന്നകം എന്നതിനു പകരം പന്നഗം എന്നു അക്ഷരവ്യക്തി കൂടാതേ പുലമ്പുന്നു എന്നും സമാധാനപ്പെടാമല്ലോ.

## ൨൯.

തോട്ടിൽക്കൂടിത്വരിതതരമത്തോണി ചൊവ്വായൊഴുക്കിൻ-
പാട്ടിൽക്കൂടീട്ടഴകൊടൊഴുകിക്കായലിൽ ചെന്നു ചേൎന്നാൽ |
ബോട്ടിൽക്കേറിബ്ബഹുസരസമായ് പാട്ടു പാടിച്ചു പോകും
നാട്ടിൽ കേൾപ്പുള്ളവർ ചിലർ നിനക്കക്ഷിലക്ഷീഭവിക്കും ||

പാട്ടു പാടിച്ചു, ബോട്ടുകാർ പാടിക്കൊണ്ടാണല്ലോ തണ്ടു പിടിക്കുന്നതു്. നാട്ടിൽ കേൾപ്പുള്ളവർ, പ്രഭുക്കന്മാർ; കവിക്കു ഈ സംഗതി ബഹുശഃ പരിചിതമാകയാൽ അതിസുന്ദരമായ ബന്ധത്തിൽ അനുഭവരസം തുളുമ്പുന്നതു പോലേ തോന്നുന്നു. ഒരു ദൂതനേ അയക്കുന്നതിനു പകരം തനിക്കു തന്നേ ബോട്ടിൽ കേറി വർണ്ണിക്കുന്ന മട്ടിൽ പ്രിയാസവിധത്തിലേക്കു പോകുവാൻ എന്നു സാധിക്കും? എന്നുള്ള ഉൽകണ്ഠയും വ്യഞ്ജിക്കുന്നു. അക്ഷിലക്ഷീഭവിക്ക, കാണമാറാകുക.

## ൩൦.

വീണക്കൊക്കും സ്വരമൊടു വിനോദങ്ങളോരൊന്നരയ്ക്കും
പ്രാണപ്രേഷ്ഠപ്രണയിനികളോടൊത്തു ബോട്ടിൻെറ തട്ടിൽ |
വാണക്കായൽക്കരകളിലെഴും കാഴ്ച കണ്ടുല്ലസിക്കും
ഹൂണന്മാരേക്കൃശതിലക! തേ കണ്ടൊരാനന്ദമുണ്ടാം ||

പ്രാണപ്രേഷ്ഠപ്രണയിനികൾ, അത്യന്തമിഷ്ടകളായ ഭാൎയ്യമാർ. തട്ടിൽ, മേൽതട്ടിൽ; വാണു്, അക്കായൽക്കരകളിൽ എന്നു പദച്ഛേദം. ഹൂണന്മാർ, ധവളന്മാർ. ഈ വിരഹിയായ എന്നേ കണ്ടിട്ടുണ്ടാകുന്ന വൈമനസ്യം നിനക്കു ഇപ്രകാരം സുഖിക്കുന്ന ആ കാമുകന്മാരേ കാണുമ്പോൾ പോകുമെന്നു താല്പൎയ്യം. ദാമ്പത്യസുഖം പോലും നാട്ടുകാൎക്കു യൂറോപ്യന്മാരേപ്പോലെ പാടില്ലാത്തതു ശോചനീയം തന്നേ.

൨൭.

മാനാതീതപ്രഥിമ കലരും ബോട്ടു തണ്ടും പിടിച്ച-
ന്യൂനാടോപത്തൊടു വിപുലമാം കായൽ താണ്ടുന്ന കണ്ടാൽ।
മൈനാകം തൻചിറകുകൾ വിരിച്ചാശു വാരാശിമദ്ധ്യ-
സ്ഥാനാദുർവ്വീമണവതിനൊരുമ്പെട്ടിടുന്നെന്നു തോന്നും ॥

മാനാതീതപ്രഥിമ, അളവററ വലിപ്പം; അന്യൂനാടോപം, വലുതായ ആഡംബരം; താണ്ടുക, കടക്കുക; വാരാശിമദ്ധ്യസ്ഥാനാൽ, സമുദ്രമദ്ധ്യത്തിൽനിന്ന്; ഉർവ്വീം, ഭൂമിയേ; പണ്ടു ഇന്ദ്രൻ പർവ്വതങ്ങളുടേ ചിറകു മുറിച്ചകാലത്തു സമുദ്രരാജാവിൻേറ സഖ്യത്താൽ മൈനാകം മാത്രം ആഴിയിൽ മുങ്ങിക്കിടന്ന് ആ ആപത്തിൽനിന്നും പിഴച്ചു എന്നു പുരാണം പ്രമാണിച്ചു വലിയ ബോട്ടു താളത്തിൽ തണ്ടും പിടിച്ചു വേഗത്തിൽ പായുന്നതിനേ മൈനാകം ചിറകു വിരിച്ചുകൊണ്ടു സമുദ്രമദ്ധ്യത്തിൽനിന്നും കരകേറാനായ് പറന്നു വരുന്നതിനോടുൽപ്രേക്ഷിച്ചിരിക്കുന്നു.

൨൮.

പിന്നിൽക്കൂടിപ്പുരിചൊടണയും മററു ബോട്ടൊന്നു കണ്ടാൽ
മുന്നിൽ പോകുന്നതിനു മുറുകിത്തണ്ടു ചാണ്ടിത്തുടങ്ങും।
തെന്നിച്ചംഭസ്സതിലതിരയം ബോട്ടു പായിക്കുമുള്ളം-
തന്നിൽ തിങ്ങുന്നഹമഹമികയ്ക്കൊത്തു കൈവർത്തരപ്പോൾ ॥

അനന്തരം രണ്ടു ശ്ലോകംകൊണ്ടു ബോട്ടുകാരുടേ സ്വഭാവം വർണ്ണിക്കുന്നു. അഹമഹമിക, 'ഞാൻ മുമ്പേ ഞാൻ മുമ്പേ' എന്നുള്ള തിരക്ക്; എൻേറ ബോട്ടു മുമ്പിൽ നിൽക്കണമെന്നുള്ള സ്പർദ്ധ. കൈവർത്തർ, അരയർ.

൨൯.

കള്ളം കൈവിട്ടരയരളവററുള്ള കയ്യൂക്കു കയ്ക്കൊ-
ണ്ടുള്ളന്തന്നിൽ സ്മയഭരിതരായ് മത്സരിക്കും ദശായാം।
വെള്ളം തള്ളിത്തകൃതിയിൽ വരും ബോട്ടുതാൻ കൂട്ടമോളം
വള്ളം മുക്കുന്നതിനു മതിയാമായതോർത്തീടണം നീ

സ്മയഭരിതർ, ഗർവ്വിഷ്ഠന്മാർ; തകൃതിയിൽ, തകൃത്തുംകൊണ്ടു, ആർഭാടത്തോടേ.

൩൪.

കാണിക്കേണം കിമപി സഹജം പാടവം നീ വസിക്കും-
തോണിയ്ക്കേതെങ്കിലുമപകടം നേരിടുന്നാകിലപ്പോൾ ।
ത്രാണിയ്ക്കാകുംവിധമൊടു വിചിത്രം പതത്രം പരത്തി
ക്ഷീണിയ്ക്കാതക്ഷണമണയണം കായലിന്നക്കരെയ്ക്കു ॥

സഹജം പാടവം, പക്ഷിക്കു മനുഷ്യാപേക്ഷയാ ഉള്ള വിശേഷസാമൎത്ഥ്യം; ആ സാമൎത്ഥ്യത്തേ തന്നേ ഉത്തരാൎദ്ധംകൊണ്ടു വിവരിക്കുന്നു. ത്രാണി, ശേഷി; പതത്രം, ചിറകു; "സൎവ്വഃ സ്വാൎത്ഥം സമീഹതേ" എന്നു പ്രമാണമുണ്ടല്ലോ.

൩൫.

പൊങ്ങിപ്പോയിപ്പുരിമൊടു പറന്നക്കരക്കുന്നിലെത്തി-
ത്തിങ്ങിച്ചേൎന്നുള്ളൊരു തരുകുലേ തങ്ങി നീയങ്ങിരിക്കേ ।
മുങ്ങിപ്പാഥസ്സതിൽ വലയുമത്തോണിതൻ ഛായ കാണാം
മങ്ങിദ്ദൂരത്തതിനു ഭവതാ ഭാവുകം പ്രാൎത്ഥനീയം ॥

പൊങ്ങിപ്പോയി, പക്ഷികൾക്കു ദൂരത്തേക്കു പറക്കേണമെങ്കിൽ ഇങ്ങനേ ആയാലേ സൌകൎയ്യമുള്ളു. ഛായ, വടിവു്; അതിനു ഭവതാ ഭാവുകം പ്രാൎത്ഥനീയം, അത്തോണിക്കു നീ ശ്രേയസ്സിനേ പ്രാൎത്ഥിക്കണം. മുങ്ങിപ്പോയെങ്കിലും തനിക്കു ഉപകരിച്ച തോണിക്കു ആളപായം മുതലായ ആപത്തു് ഒന്നും വരരുതെന്നു പ്രാൎത്ഥിച്ചു തന്റേ കൃതജ്ഞതയേ പ്രകാശിപ്പിക്കണമെന്നു താല്പൎയ്യം.

൩൬.

ചാരത്തോടിച്ചകിതശശപോതങ്ങൾ ചാടുന്ന കായൽ-
ത്തീരത്തോടേ സമധരണിയിൽ സത്വരം ചേൎന്നിറങ്ങി ।
കേരത്തോട്ടം പനസവനവും പുക്കു നാലഞ്ചു നല്വം-
ദൂരത്തോളം നടതുടരുകിൽ ദൃശ്യമാം കൊല്ലമഗ്രേ ॥

ഇനിക്കുറഞ്ഞൊന്നു ദൂരം കരവഴിയേ പോകാൻ പറയുന്നു. ചകിതശശപോതങ്ങൾ, ഭീരുക്കളായ മുയൽക്കുട്ടികൾ; കായൽക്കര മലംപ്രദേശമാകുന്നു. കുന്നുകഴിഞ്ഞാൽ സമഭൂമിയിൽ തെങ്ങിൻ തോട്ടവും പിലാവിൻ കൂട്ടവും ധാരാളമുണ്ടു്. നാലഞ്ചു നല്വം, ഉദ്ദേശം രണ്ടുനാഴിക. ഒരു നല്വം നാനൂറു (൪൦൦) മുഴമാകുന്നു. രണ്ടു നാഴികയോളം ചെല്ലുമ്പോൾ കൊല്ലം കാണാമെന്നു പറഞ്ഞതിനാൽ വള്ളം മുങ്ങുമെന്നു പറഞ്ഞതു അഷ്ടമുടിക്കായലിൽ പൊഴിയ്ക്കടുത്തെങ്ങാനുമായിരിക്കണം.

## ൨൭.

തത്രാനല്പം മഹിമകലരും മന്ദിരേ ഹൂണവൎയ്യൻ
സത്രാ മിത്രങ്ങളൊടു സരസം വാണിടുന്നാകിലപ്പോൾ ।
ചിത്രാകാരം കൊടിമരമതിൽ കൂറൊടക്കൂറ കാണാം
സുത്രാമാവിൻ സുഷമതമമാം വില്ലുതൻ തെല്ലു പോലേ ॥

ഇനി ൩ ശ്ലോകം കൊണ്ടു കൊല്ലത്തേ വൎണ്ണിക്കുന്നു. തത്രാനല്പം മഹിമകലരും മന്ദിരേ, റസിഡൻസിയിൽ; ഹൂണവൎയ്യൻ, ധ്വരമാരിൽ മുഖ്യൻ, റസിഡൻറു; സത്രാമിത്രങ്ങളൊടു, ബന്ധുക്കളൊരുമിച്ചു; അപ്പോൾ, ആ അവസരത്തിൽ വാഴുന്നെങ്കിൽ. സുത്രാമാവിൻ സുഷമതമമാം വില്ലുതൻ തെല്ലുപോലേ, ഏററവും സുന്ദരമായ ഇന്ദ്രചാപഖണ്ഡംപോലെ ചിത്രാകാരമായ. അക്കൂറ, പതാകാ; കൊടിമരത്തിൽ കൂറോടേ കാണാം. വൎഷചിഹ്നമായ ഇന്ദ്രധനുസ്സ് മയിലിനു ഇഷ്ടമാണല്ലോ. റസിഡൻറു അവിടെത്താമസിക്കുമ്പോഴേ കൊടിക്കൂറ ധ്വജത്തിൽ തൂക്കാറൊള്ളു.

## ൨൮.

മധ്വാസക്തഭ്രമരമുഖരാരാമമദ്ധ്യത്തിലുള്ളോ-
രധ്വാവിൽ പുക്കനവഹിതനായങ്ങുമിങ്ങും നടന്നാൽ ।
വധ്വാ ചേൎന്നിട്ടതുവഴി വരും വല്യസായിപ്പു നിന്നെ-
ബ്ബദ്ധ്വാ പാൎപ്പിച്ചിടുമദയമായഞ്ജസാ പഞ്ജരത്തിൽ ॥

റസിഡൻസിതോട്ടത്തിൽ സൂക്ഷിച്ചു വേണം നടക്കാൻ എന്നു പറയുന്നു. മധ്വാസക്തഭ്രമരമുഖരാരാമമദ്ധ്യത്തിലുള്ളോരധ്വാവിൽ, തേൻകുടിക്കുന്ന വണ്ടുകളാൽ ശബ്ദായമാനമായ തോട്ടത്തിൻേറ നടുവിലുള്ള വഴിയിൽ; പുക്കു, ചെന്നു; അനവഹിതനായ്, കരുതൽ കൂടാതെ അങ്ങുമിങ്ങും നടന്നാൽ, വധ്വാ ചേൎന്നിട്ടതുവഴി വരും വല്യസായിപ്പു, ഭാൎയ്യയുമൊരുമിച്ചു അവിടേ നടക്കാൻ വരുന്ന റസിഡൻറു; നിന്നേ ബദ്ധ്വാ, പിടിച്ചുകെട്ടി; പാൎപ്പിച്ചിടുമദയമായഞ്ജസാ പഞ്ജരത്തിൽ, ദയകൂടാതെ വേഗത്തിൽ കൂട്ടിൽ പാൎപ്പിക്കും; ധ്വരമാൎക്കു ഈ വകയിൽ വളരേ കൌതുകമുണ്ടു്.

## ൨൯.

തോക്കും താങ്ങിത്തദനുചരരാം ഹൂണരൊന്നിച്ചു നേരം-
പോക്കും തീററിട്ടൊരു വകയുമായെന്നു വേട്ടയ്ക്കു തക്കം ।
നോക്കുന്നേരത്തകലയുമിരുന്നീടൊലാ നീയകാലേ
ചാക്കുണ്ടാകാമൊരു ശകലവും ലാക്കു തെററില്ലവൎക്കു ॥

റസിഡൻററിൻെറ ആൾക്കാരായ ധ്വരമാർ അപ്പോൾ അവിടേ വേട്ടയ്ക്കു ഭാവിക്കുന്ന അവസരമാണെങ്കിൽ അടുക്കലെങ്ങുമേ നിൽക്കരുത്. എന്തുകൊണ്ടെന്നാൽ അവർ ദൂരത്തിരിക്കുന്ന പക്ഷിയേയും വെടിവെയ്ക്കാൻ സമർത്ഥന്മാരാണ്. അതിനാൽ അപമൃത്യുവരാതേ സൂക്ഷിക്കണം. തെററില്ല, തെററുകയില്ലെന്നു വടക്കൻ പ്രയോഗം.

൧൦.

ഹൃദ്യാനന്ദം നിരുപമതമം നൽകുമദ്ദിവ്യമായോ-
ദ്യാനത്തിൻസുഖമനുഭവിക്കേണമെന്നെണ്ണമെങ്കിൽ |
ഹൃദ്യാകാര! സ്ഥിതിയൊരു നികുഞ്ജത്തിലാക്കീടണം നീ
പദ്യാപാർശ്വസ്ഥലികളിലിറങ്ങാതെയന്തർഹിതാത്മാ ||

പദ്യാപാർശ്വസ്ഥലികളിലിറങ്ങാതെയന്തർഹിതാത്മാ, നടക്കാനുള്ള വഴികളുടേ ഇരുപുറവും ഇറങ്ങാതെ മറഞ്ഞിരുന്നുംകൊണ്ട്; അവിടെയേ സായ്പന്മാർ അധികം നടക്കുക പതിവൊള്ളു. ഹൃദ്യാകാര! സുന്ദരാകൃതേ! എന്നു സാഭിപ്രായസംബോധനം. വിരൂപമായ കാക്കയ്ക്കും മററും ഇപ്പേടി വേണ്ടല്ലോ.

൧൧.

മല്ലീജാതിപ്രഭൃതികുസുമസ്മേരമായുല്ലസിക്കും
സല്ലീലാഭിഃ കിസലയകരം കൊണ്ടു നിന്നെത്തലോടും |
വല്ലീനാം നീ പരിചയരസം പൂണ്ടു കൌതൂഹലത്താ-
ലുല്ലീഢാത്മാ ചിരതരമിരുന്നങ്ങമാന്തിച്ചിടൊല്ലാ ||

മുല്ല പിച്ചി മുതലായ പുഷ്പങ്ങളാൽ പുഞ്ചിരി തൂകും പോലേ പ്രകാശിക്കയും നല്ല വിലാസങ്ങളോടു കൂടി കരംപോലിരിക്കുന്ന തളിർകൊണ്ടു (ഉപമിതസമാസം) നിന്നേ തലോടുകയും ചെയ്യുന്ന വല്ലികളുടേ പരിചയരസം, സഹവാസസൌഖ്യം, പൂണ്ട് അധികമായി രസിച്ചു വളരേ നേരമിരുന്നമാന്തിക്കരുത്. 'കുസുമസ്മേരം,' 'കിസലയകരംകൊണ്ട് തലോടും,' 'പരിചയരസം പൂണ്ടു,' ഇത്യാദി വാചകങ്ങളിലേ അർത്ഥസ്വാരസ്യംകൊണ്ടും 'വല്ലീനാം' എന്ന സ്ത്രീലിംഗംകൊണ്ടും വിലാസിനിമാരൊരുമിച്ചു രമിക്കുന്ന ഒരു ദക്ഷിണനായകൻേറ വൃത്താന്തം സ്ഫുടമായിസ്ഫുരിക്കയാൽ സമാസോക്തിയലങ്കാരം. അതിൽനിന്നും താൻ ഇതുപോലെ സുഖിച്ചിരുന്നിട്ടുള്ള അവസരങ്ങളുടേ സ്മരണത്തിനു പ്രതീതിയുണ്ടാകയാൽ സ്മൃതിമദലംകാരം വ്യഞ്ജിക്കുന്നതുകൊണ്ടു അലംകാരേണാലംകാരധ്വനി.

൪൨.

തഞ്ചം നോക്കിപ്പുനരഥ പുറപ്പെട്ടു താത്തേൻ കുടിച്ചും
ചഞ്ചൽപത്രാഹതിപതിതമാം ചാരുപാകം ഭുജിച്ചും |
അഞ്ചെന്നഞ്ചിക്കണമരികിലാശ്രാമധാമത്തിലെത്തി-
ട്ടഞ്ചമ്പൻ തന്നുടെ ജനകനാമംബുജാക്ഷം സമക്ഷം ||

തഞ്ചം നോക്കിപ്പുനരഥ പുറപ്പെട്ട്, സായിപ്പും മററും അടുക്കലില്ലാത്ത തരം നോക്കി ലതാഗൃഹത്തിനു വെളിയിലിറങ്ങി; താത്തേൻ കുടിച്ചും; ചഞ്ചൽപത്രാഹതിപതിതമാം ചാരുപാകം ഭുജിച്ചും, ഇളകുന്ന ചിറകുകൾ അടിക്കുംപോൾ വീഴുന്ന നല്ല പഴങ്ങളെ തിന്നും; അഞ്ചെൻ, സഞ്ചരിച്ചുകൊണ്ടു, അരികിലാശ്രാമമെന്ന ക്ഷേത്രത്തിലെത്തിട്ട്, അഞ്ചമ്പൻ തന്നുടെ ജനകനാമംബുജാക്ഷം സമക്ഷം, കൃഷ്ണസ്വാമിയെ പ്രത്യക്ഷമായി; അഞ്ചിക്കണം, പൂജിക്കണം; റസിഡൻസിയുടേ നേരേ വടക്കുവശത്തു തന്നേ ആണു ആശ്രാമക്ഷേത്രം. മയ്യൂരം കായലിൻെറ കിഴക്കേ കരയിൽക്കൂടിവരുന്നതിനാലാദ്യം റസിഡൻസിയിൽ വന്നിറങ്ങുന്നു.

൪൩.

വിശ്രാന്തിസ്ഥായ് വിരവൊടവിടെത്തന്നെ നീ താമസിച്ചാൽ
വിശ്രാണിക്കും തവ വിതതമാം കൌതുകം കാതുകൾക്കു |
സുശ്രാവ്യത്വം കലരുമനവദ്യാനകധ്വാനധാടീ-
മിശ്രാ നാഗസ്വരവിസൃമരാ കാകളീ കേകിരാജ! ||

നീ വിശ്രമിക്കാനായിട്ടു അവിടെത്തന്നേ താമസിക്കുന്ന പക്ഷം, സുശ്രാവ്യത്വം കലരുമനവദ്യാനകധ്വാനധാടീമിശ്രാ, ശ്രുതിമധുരയായ അനവധി ആനകവാദ്യങ്ങളുടേ ധ്വാനധാടിയോടു (ശബ്ദഘോഷത്തോടു) മിശ്രാ, കലൎന്ന; നാഗസ്വരവിസൃമരാ, നാഗസ്വരത്തിൽനിന്നു പുറപ്പെടുന്ന; കാകളീ, മധുരമായ സൂക്ഷ്മശബ്ദം; തവ, നിൻേറ; കാതുകൾക്കു വിതതമാം കൌതുകം വിശ്രാണിക്കും, ചെവിക്കു അധികമായ ആനന്ദം നൽകും.

൪൪.

നന്ദന്നാനാസുജനനയനാനന്ദിയായ് പിന്നെയും സ്വ-
ച്ഛന്ദം നാഗാശനവര! പറന്നക്കരച്ചെന്നവശ്യം |
മന്ദസ്മേരാനനകമലയാം മാതുരാനന്ദവല്യാ
വന്ദസ്വ ത്വം ചരണയുഗളം ചന്ദ്രചൂഡാമണേശ്ച ||

പിന്നയും നീ, നന്ദന്നാനാസുജനനയനാനന്ദിയായ്, കൊണ്ടാടുന്നവരായ അനേകം സുജനങ്ങളുടേ കണ്ണുകളേ ആനന്ദിപ്പിക്കുന്നവനായ്; മയിലിനേക്കാണുക എല്ലാവൎക്കും നയനോത്സവകരമാണെങ്കിലും ഋജുനങ്ങൾക്കു അതിനേക്കാണുമ്പോൾ പിടിച്ചു കൂട്ടിലാക്കണമെന്നോ വെടി വയ്ക്കണമെന്നോ ഉള്ള ഉത്സാഹമാണു നയനാനന്ദത്തേക്കാൾ അധികം ജനിക്കുന്നതു എന്ന അഭിപ്രായത്തിൽ 'സുജനനയനാനന്ദി'യെന്നു പ്രത്യേകിച്ചു പറഞ്ഞു. സ്വച്ഛന്ദം, സ്വൈരം, പറന്ന്, അവശ്യമക്കരേച്ചെന്നു; മന്ദസ്മേരാനനകമലയാം, മന്ദസ്മിതസുന്ദരമുഖിയായ, ആനന്ദവല്ല്യാ മാതുഃ, ആനന്ദവല്ലീദേവിയുടേയും, ചന്ദ്രചൂഡാമണിയുടേയും ചരണയുഗളം വന്ദസ്വ. കായലിന്റെ പടിഞ്ഞാറേക്കരയിലാണു ആനന്ദവല്ലീശ്വരമെന്ന ക്ഷേത്രം. ഇവിടേ പേർകൊണ്ടു തന്നേ വെളിപ്പെടുംപ്രകാരം ദേവനേയും ദേവിയേയും പ്രതിഷ്ഠിച്ചിട്ടുണ്ട്.

൨൫.

സത്തന്മാരപ്പൊഴുതഹിഭുജം നീലകണ്ഠം ഖഗാനാ-
മുത്തംസത്വം ദധതമരികിൽ കണ്ടു സന്തുഷ്ടരാകും।
നൃത്തം ചെയ്യുന്നതിനിഹ യഥാകാലമുത്സാഹവന്തം
ചിത്തം തന്നിൽ ഗുഹനൊടധികപ്രേമവന്തം ഭവന്തം ||

സത്തന്മാർ അപ്പൊഴുതു് ഭവന്തം കണ്ടു് സന്തുഷ്ടരാകുമെന്നന്വയം. എങ്ങനേയിരിക്കുന്ന ഭവാനേ? അഹിഭുജം, പാമ്പുതീനിയായ; നീലകണ്ഠം, കഴുത്തു് നീലിച്ചവനായ; ഖഗാനാമുത്തംസത്വം ദധതം, പക്ഷിശ്രേഷ്ഠനായ; നൃത്തം ചെയ്യുന്നതിനിഹ യഥാകാലമുത്സാഹവന്തം, വൎഷൎത്തുവിൽ നൃത്തം ചെയ്വാനുത്സാഹിയായ. ചിത്തം തന്നിൽ ഗുഹനൊടധികപ്രേമവന്തം, തന്റെ സ്വാമിയായ വേലായുധനിൽ അധികസ്നേഹമുള്ളവനായ. ശ്ലേഷംകൊണ്ടു വേറേ ഒരു അൎത്ഥവും കൂടിയുണ്ടു. എങ്ങനേ? ഭവം തം എന്നു പദച്ഛേദം. തം ഭവം, ആശ്രീപരമേശ്വരനേക്കണ്ടു, സത്തന്മാർ (അവിടേ) 'സന്തുഷ്ടരാകും' സന്തോഷിക്കാറുണ്ടു് എന്നു ശീലഭാവി. അവിടേ സജ്ജനങ്ങൾ എന്നും ശിവദൎശനം ചെയ്തു സുഖിക്കുന്നു എന്നു ക്ഷേത്രവൎണ്ണന. എവ്വൎണ്ണമെല്ലാമിരിക്കുന്ന ഭവനേ? അഹിഭുജം, അഹി, സൎപ്പം ഭുജത്തിൽ (കൈത്തണ്ടിൽ) ഉള്ളവൻ; നീലകണ്ഠം, സ്പഷ്ടം; ഖഗാനാമുത്തംസത്വം ദധതം, ഖഗന്മാർ ദേവന്മാർ; നൃത്തം ചെയ്യുന്നതിനിഹ യഥാകാലമുത്സാഹവന്തം, ഭഗവാനു നിത്യം സന്ധ്യയ്ക്കു നൃത്തമുണ്ടല്ലോ; ചിത്തം തന്നിൽ ഗുഹനൊടധികപ്രേമവന്തം, ഗുഹൻ പുത്രനാണല്ലോ; രണ്ടൎത്ഥവും പ്രകൃതമാകയാൽ പ്രകൃതശ്ലേഷം.

### ൩൬.

സച്ചേലത്തെസ്സരസമരയിൽ ചേൎത്തുടുത്തിട്ടുടുപ്പി-
ട്ടച്ചേലൊത്തുള്ളൊരു കുടയുമായത്തലക്കെട്ടുമായി ।
കച്ചേരിക്കായ് പരിചൊടു ചെരിപ്പിട്ടു പോകുന്ന ലോകം
തച്ചേതസ്സിൽ കുതുകമുളവാക്കീടുമപ്പട്ടണത്തിൽ ॥

ഇനി ക്ഷേത്രത്തിനു അടുത്തു തന്നേ ഉള്ള കച്ചേരിയ്ക്കു പോകുന്ന വക്കീലന്മാരേയും മററും വൎണ്ണിക്കുന്നു. ലോകം, ആളുകൾ; ഇവരുടേ വേഷം വൎണ്ണിച്ചിട്ടുള്ളതിന്റെ സ്വാരസ്യം നോക്കുമ്പോൾ 'കോലം' എന്നു മറിച്ചു വായിച്ചാലും തരക്കേടില്ലെന്നു തോന്നുന്നു. 'അക്കുട' 'അത്തലക്കെട്ടു' എന്നു ചൂണ്ടിച്ചൊല്ലുകയാൽ അവയുടേ വൈലക്ഷണ്യം വെളിപ്പെടുന്നു. ഈ വേഷമെല്ലാം കൂടിക്കണ്ടാൽ വേഷധാരി ഒരു വക്കീലാണെന്നു പറയാതേ തന്നേ ഗ്രഹിക്കാം.

### ൩൭.

കൊല്ലം കണ്ടാലൊരുവനവിടെത്തന്നെ പാൎക്കാൻ കൊതിച്ചി-
ട്ടില്ലം വേണ്ടെന്നതു കരുതുമെന്നുള്ള ചൊല്ലുള്ളതത്രേ ।
കൊല്ലം തോറും പല പല പരിഷ്കാരമേററപ്പുരം കേ-
ളുല്ലംഘിക്കുന്നഹഹ വിഭവംകൊണ്ടു താം രാജധാനീം ॥

'കൊല്ലം കണ്ടാലില്ലം വേണ്ട' എന്നുള്ള പഴഞ്ചൊല്ലു് (ഉള്ളതു്) സത്യം തന്നേ. എന്തുകൊണ്ടെന്നുത്തരാൎദ്ധംകൊണ്ടു സമൎത്ഥിക്കുന്നു. താം രാജധാനീം, പ്രധാനപട്ടണമായ തിരുവനന്തപുരത്തേ; ഉല്ലംഘിക്കുന്നു, അതിക്രമിക്കുന്നു.

### ൩൮.

മങ്ങാതെങ്ങും മഹിതതരയാം മന്ദിരശ്രേണി കൊണ്ടും
മുങ്ങാനേററം മുദമരുളിടും മുഗ്ദ്ധപാഥസ്സു കൊണ്ടും ।
അങ്ങാടിയ്ക്കുള്ളനുപമിതയാം പുഷ്ടികൊണ്ടും നിനച്ചാ-
ലങ്ങാവാസത്തിനു ബഹുസുഖം തന്നെ സന്ദേഹമില്ല ॥

പഴഞ്ചൊല്ലിനേത്തന്നേ സ്പഷ്ടമായിട്ടു സമൎത്ഥിക്കുന്നു. പാൎക്കാൻ നല്ല ഗൃഹങ്ങളും, കുളിപ്പാൻ നല്ല വെള്ളവും, ആവശ്യപ്പെട്ടതൊക്കയും വാങ്ങാൻ വലിയ ഒരു അങ്ങാടിയും ഉണ്ടെങ്കിൽ ഇതിലധികമെന്താണു ദേശസുഖത്തിനു വേണ്ടുന്നതു് ?

## ൩൯.

ശൃംഗാഗ്രം കൊണ്ടുപരി ഗഗനം ലേഖനം ചെയ്തു നില്ക്കും-
ത്തുംഗാഗാരങ്ങളിലതുലമാം കൌതുകത്തോടജസ്രം |
അംഗാഭിഖ്യാജിതരതികളാമംഗനാഭിസ്സലീലം
ശൃംഗാരം പൂണ്ടവിടെ മരുവും യോഗ്യരേ ഭാഗ്യവാന്മാർ ||

ശൃംഗാഗ്രങ്ങൾകൊണ്ടു മാളികകൾ ആകാശത്തിൽ ഉരസുമെന്നും, അംഗശോഭകൊണ്ടു അംഗനമാർ രതിദേവിയേ ജയിക്കുമെന്നും, കൊല്ലവാസികളേ ഭാഗ്യവാന്മാരാകുന്നുവെല്ലൂ എന്നും, സംബന്ധമില്ലാത്തിടത്തു സംബന്ധമുണ്ടാക്കിയതിനാൽ അതിശയോക്തി.

## ൪൦.

പള്ളിക്കൂടം പലതു വലുതാം പാളയം പള്ളി കള്ള-
പ്പുള്ളിക്കാരെത്തടവിലിടുവാനുള്ള ജേലാശുപത്രി |
തള്ളിക്കേറിടിജരണയുമായ്പ്പൂട്ടമപ്പട്ടണത്തി-
നുള്ളിൽ കാണാമൊരു കുറി പറന്നൊക്കെ നീ നോക്കിയാലും ||

ആ നഗരത്തിൽ കാണ്മാനുള്ള കാഴ്ചകളേ വിവരിക്കുന്നു. ജേൽ, കാരാഗൃഹം, ഇംഗ്ലിഷ് വാക്ക്. ആശുപത്രി, ആതുരശാലാ; 'ഹാസ്പിററൽ' എന്ന ഇംഗ്ലിഷിന്റെ തത്ഭവം.

## ൪൧.

പട്ടാളക്കാരതി പരുഷരായങ്ങുമിങ്ങും നടക്കും-
മുട്ടാളന്മാർ മതിമുഖികളേ മുക്കിൽ മുട്ടുന്നകണ്ടാൽ |
തട്ടാതപ്പോളവമതിയവർക്കായവരേറടെ കണ്ണും
പൊട്ടാനാകുംപടി രട സകൃദ്ധീര! മാർജ്ജാരകണ്ഠ! ||

അതിപരുഷർ, നിഷ്കണ്ടകന്മാർ; മുക്കിൽ മുട്ടുക, വല്ല മൂലയിലും തനിച്ചു കണ്ടെത്തുക; കണ്ടെത്തി സാഹസം പ്രവർത്തിക്കാനാരംഭിക്കുക എന്നെടത്തോളമർത്ഥമുണ്ടു. തട്ടാതെ, തട്ടാതിരിപ്പാൻവേണ്ടി എന്നു താല്പര്യം. സകൃൽ രട, നീ ഒന്നു ശബ്ദിച്ചാലും; ബലവാന്മാരും ദുഷ്പ്രവൃത്തിക്കു ഭാവിക്കുമ്പോൾ ദുർബ്ബലന്മാരെപ്പേടിക്കുമല്ലോ. "മാർജ്ജാരകണ്ഠഃ കേകാളിർവിഷ്കിരോ നർത്തനപ്രിയഃ" എന്നു വൈജയന്തീകോശപ്രകാരം 'മാർജ്ജാരകണ്ഠപദം' മയൂരപര്യായമാകുന്നു. ഇതിന്റേ ആശയം കേകയ്ക്കും മാർജ്ജാരശബ്ദത്തിനും ഉള്ള സാമ്യമായിരിക്കണം. പൂച്ചയുടേ കരച്ചലിനു

ഭാഷയിലേ അനുകരണം 'ഇങ്ങേയാവോ' എന്നാണല്ലോ. അതിനാൽ കേകയ്ക്കു 'ഇങ്ങേ, ഈ പരസ്ത്രീകളുടേ അടുക്കലേ; ആവോ?; ഈവകപ്രവൃത്തി പാടൊള്ളൊ?' എന്നു അൎത്ഥം കല്പിക്കാവുന്നതിനാൽ മയിലിനു ഇവരേ തട്ടുക്കാൻ സൌകൎയ്യാതിശയവും കൂടി ഉണ്ടാക്കിത്തീൎക്കാമെന്നു തോന്നുന്നു. പട്ടാളക്കാർ ഈ വിധം അന്യായം പ്രവൎത്തിക്കാറുണ്ടെന്നുള്ളതു് വൎത്തമാനപത്രങ്ങൾ വായിക്കുന്നവരുടേ ചെവിക്കു ഒരിക്കലും പുത്തരിയാവുന്നതല്ലാ.

## ൩൨.

ചാകുന്നേറജ്ജനമഹികളാലാസ്ഥലത്തെന്നു കേൾപ്പു-
ണ്ടാകുന്നേടത്തറുതിയതിനാലായവററയ്ക്കു ചെയ്ക ।
ഏകുന്നേവൻ ബഹുജനഹിതം മററു കാൎയ്യത്തിനായി-
പ്പോകുന്നേരം നിയതമവനേ ബുദ്ധിമാനിദ്ധരണ്യാം ॥

'ചാകുന്നു ഏറേ' എന്നു പദച്ഛേദം. ഇവിടേ ലോപസന്ധി വരികയില്ലെന്നു ചിലർ. ഈ മാതിരി പ്രയോഗങ്ങൾക്കു സാധുത്വം കേരളപാണിനീയത്തിൽ സമൎത്ഥിച്ചിട്ടുണ്ടു.

## ൩൩.

ശ്രീമത്ത്വത്താൽ മദമൊടു ജഗൽപ്രാണനേത്തിന്നു നന്നായ്
സാമൎത്ഥ്യത്തോടഹിഭയമുദിപ്പിച്ചു ഭൂമീപതിയ്ക്കും ।
കേമത്വം പൂണ്ടന്നുജഗതിയാമബ്ദുജംഗദ്വിജിഹ്വ-
സ്തോമത്തോടസ്തുവയി തവ സഖേ! സാധ്വബാധം വിരോധം ॥

സൎപ്പദ്വേഷം ശ്ലാഘ്യം തന്നെ ആണെന്നു സമൎത്ഥിക്കുന്നു. അയി സഖേ! തവ, നിനക്കു്; അബ്ദുജംഗദ്വിജിഹ്വസ്തോമത്തോടു, ആ ഇഴഞ്ഞു നടക്കുന്ന സൎപ്പക്കൂട്ടത്തോടു; സാധുവിരോധം, നല്ലവൈരം; അബാധം, നിബ്ബാധം, ധാരാളം; അസ്തു, ഭവിക്കട്ടേ; ഭുജംഗദ്വിജിഹ്വശബ്ദങ്ങൾ രണ്ടും സൎപ്പപൎയ്യായങ്ങളാണെങ്കിലും അവയവാൎത്ഥത്തിൽ ഭേദമുള്ളതിനാൽ പൌനരുക്ത്യദോഷത്തിനു പ്രസക്തിയില്ലാ; ഭുജംഗമെന്നതിനാൽ വൈലക്ഷണ്യവും ദ്വിജിഹ്വമെന്നതിനാൽ പരദ്രോഹത്തിനു സൌകൎയ്യവും ദ്യോതിക്കുന്നു. ഇവ വിരോധാൎഹങ്ങളാണെന്നു സാഭിപ്രായവിശേഷണങ്ങളേക്കൊണ്ടു സമൎത്ഥിക്കുന്നു. ശ്രീമത്ത്വത്താൽ, വിഷമുള്ളതിനാൽ, മദമൊടു; ജഗൽപ്രാണനേ നന്നായ് തിന്നു, വായുവിനേ യഥേഷ്ടം ഭക്ഷിച്ചു്; പാമ്പു വിഷംകൊണ്ടു ജനങ്ങളുടേ പ്രാണഹാനി വരുത്തുമല്ലോ. സാമൎത്ഥ്യത്തോടു രാജാവിനും സൎപ്പഭയമുണ്ടാക്കി; ഇതരന്മാരിൽനിന്നു ഭയം വേണ്ടാത്ത രാജാവിനും പാമ്പിനേ പേടിക്കേണമല്ലോ. വിശേഷിച്ചും ആയില്യം തിരു-

നാൽ മഹാരാജാവിന്റെ സപ്തഭയമസാമാന്യമായുണ്ടായിരുന്നു. ഈ വിശേഷണത്താൽ സപ്തം പണ്ഡിതപാമരനിർവിശേഷം പരോപദ്രവി എന്നു വന്നു കൂടുന്നു. കേമത്വം പൂണ്ടു, ഇതൊക്കയും മിട്ടുക്കെന്നു നിനച്ച്; അനൃജുഗതിയാം, വക്രമായിത്തന്നെ നടക്കുന്നതായ. ശ്ലേഷംകൊണ്ടു ഇവിടെ അർത്ഥാന്തരവും ഉളവാകുന്നു. തഥാഹി. ഭുജംഗന്മാരായ, വിടവൃത്തികളായ. ദ്വിജിഹ്വന്മാരുടേ, ഏഷണിക്കാരുടേ കൂട്ടത്തോടു നിനക്കു നല്ല വിരോധമുണ്ടാകട്ടേ. അവർ എങ്ങനേയുള്ളവർ? ധനമദംകൊണ്ടു വളരേ ആളുകൾക്കു പ്രാണഹാനിക്കു തുല്യമായ് ഉപദ്രവങ്ങൾ ചെയ്യും, ഏഷണിയിലുള്ള സാമർത്ഥ്യത്താൽ രാജാവിനും സ്വപക്ഷഭയം ജനിപ്പിച്ചും മഹാകേമന്മാരെന്നുള്ള നാട്യത്തോടേ ദുർമ്മാർഗ്ഗങ്ങളിൽ പ്രവർത്തിക്കുന്ന, എന്ന്. രാവണന്നു വിഭീഷണനിൽനിന്നുണ്ടായപോലുള്ള ഭയമാണു അഹിഭയം, "മഹീഭുജാമഹിഭയം സ്വപക്ഷപ്രഭവം ഭയം" എന്ന് അമരമുണ്ടു. തനിക്കു ഈ അനർത്ഥത്തിന്നു ഇടയായതു ഈ വക ഏഷണിക്കാർ നിമിത്തമാകയാൽ അവരുടേ നേരെ സോപകാരിയായ നിനക്കു ദ്വേഷം തോന്നട്ടേ എന്നു കവിഹൃദയം. 'സാധ്വബാധം' എന്നു ഒററപ്പദമാക്കീട്ടു, അധ്വബാധത്തോടു കൂടിയ വിരോധം, അവരുടേ വഴികളേ അടയ്ക്കുന്നതായ വിരോധം എന്നും വ്യാഖ്യാനിക്കാം. പിശുനന്മാരുടേ വഴി അടച്ചേ കാര്യസിദ്ധി വരുവൊള്ളല്ലോ. ഇത്യലമതിപ്രസംഗേന.

## ൨൧.

ചുററിക്കണ്ടാനഗരമവിടം വിട്ടു വള്ളത്തിലൊന്നിൽ
പററിക്കൂടിപ്പുനരപി കടന്നശ്രമം ഭൂരി ദൂരം |
കുററിക്കാടും വയലുമതിലംഘിച്ചു നീ പോകിൽ മാർഗ്ഗം
തെററിക്കൂടാ വടിവൊടുടനേ വർക്കലെച്ചെന്നു ചേരാം ||

മാർഗ്ഗം തെററിക്കൂടാ, വഴിപിഴക്കാൻ പാടില്ലാ. കൊല്ലത്തുനിന്നു വർക്കല നേരേ തെക്കു തന്നേ ആകുന്നു.

## ൨൨.

ഉന്നിച്ചോരോ വിടപികൾ വളർന്നുന്നമിച്ചുല്ലസിക്കും
കുന്നിൽ ചക്രായുധനുടെ മഹാക്ഷേത്രമത്യന്തഹൃദ്യം |
ഇന്നിദ്ധാത്രീതലമതിലതിഖ്യാതിമൽ തത്ര കാണാമുന്നിദ്രാണാഭയൊടു കനകസ്തൂപികാദീപിതാശം ||

ഉന്നമിക്ക, ഉയരുക. ചക്രായുധൻ, ജനാർദ്ദനസ്വാമി. ഉന്നിദ്രാണാഭ, മാഴ്കാതേ വിലസുന്ന പ്രകാശം.

## ൫൬.

നല്ലോരൂററുണ്ടമലജലമക്കുന്നിൽ നിന്നൂറിടുന്നു
കല്ലോലാസ്ഫാലനമുഖരമാമാഴിതൻ തീരമാരാൽ ।
സല്ലോകക്കുസ്സലിലമധികം നല്ലതാണെന്നു തോന്നീ-
ട്ടല്ലോ പാരം പ്രിയതയതിലിന്നോക്കിലുണ്ടായിടുന്നു ॥

ഊററുണ്ട് ഊറിടുന്നു, ഊററു ഊറിടുന്നുണ്ട് എന്നു യോജന. "മേൽക്കു മേല്യം വ്യവഹിതമായുമാമനുപ്രയോഗം" എന്ന സൂത്രത്താൽ കാലാനുപ്രയോഗത്തിനു വ്യവധാനം വന്നിരിക്കുന്നു. തീരമാരാൽ, തീരത്തിനടുത്തു. "അന്യാ-രാദിതരത്തേ" എന്ന പാണിനിസൂത്രത്താൽ തീരാൽ എന്നു പഞ്ചമി വരേണ്ടതാണെങ്കിലും 'അസ്സരസ്തീർത്ഥമാരാൽ' (ശാകുന്തളം) ഇത്യാദി മഹാകവിപ്രയോഗ-സ്വാരസ്യത്താൽ വ്യാകരണാന്തരേണ ഇപ്രയോഗം സാധു തന്നേ. സല്ലോകക്കുസ്സലിലമധികം നല്ലതാണെന്നു തോന്നീട്ടല്ലോ പാരം പ്രിയതയതിലിന്നോക്കിലുണ്ടായിടുന്നു, കടപ്പുറത്തുള്ള പുണ്യതീർത്ഥമെന്നും ആരോഗ്യകരമെന്നും കരുതി പലപ്രകാരത്തിലും ആളുകൾ അതിനെ ആദരിക്കുന്നു.

## ൫൭.

നോക്കേണം നീ മലമുകളിൽ നിന്നാഴിയീ വർഷകാല-
ത്തുക്കേറിടുന്നൊരുതിരയടിച്ചെത്തിടുന്നത്തടത്തേ ।
തൂക്കേയുള്ളക്കൊടുമുടിയിടിഞ്ഞങ്ങു വീണിട്ടു കഷ്ടം
ചാക്കേകീട്ടുണ്ടനവധിജനങ്ങൾക്കു പണ്ടപ്രദേശം ॥

നീ മലമുകളിൽനിന്നു തടത്തേ നോക്കണമെന്നു അന്വയം. ഈ വർഷകാലത്ത് ആഴി ഏറെയുക്കുള്ള തിരമാല അടിച്ച് എത്തുന്ന എന്നു തടവിശേഷണം. 'എത്തിടുന്ന' എന്നു അധികരണമർത്ഥത്തിൽ പേരെച്ചം. ഏതിൽ എത്തുന്നോ അങ്ങനേയുള്ള എന്നു അർത്ഥം. ഉത്തരാർദ്ധം കൊണ്ടു അവിടേ നടക്കുന്നതു് സൂക്ഷിച്ചു വേണമെന്നു പറയുന്നു. വീണിട്ടു, വീഴുകയാൽ, എന്നു ഹേത്വർത്ഥത്തിൽ മുൻവിനയെച്ചം. 'എത്തിടുന്ന അത്തടം' എന്നിടത്ത് പേരെച്ചപ്രത്യയമായും ഒററയായും രണ്ടു ചുട്ടെഴുത്തു ചേർന്നുവരുമ്പോൾ ഒന്നിനു ലോപം.

### ദ്വ.

വേഗത്തിൽപ്പോയഥ മധുരിപോമ്മന്ദിരം പുക്ക പുണ്യാ-
ഭോഗത്തോപ്പൂണ്ടഹിശയനനാം ദേവനെസ്സേവ ചെയ്തു |
നാഗത്താന്മാർ വലിയവടമൂലത്തിലങ്ങൊത്തു വാഴ-
ന്നാഗസ്സുണ്ടാക്കരുതവരെ നീ ഹന്ത ബാധിച്ചു സാധ്വൻ ||

ഉടനേ ക്ഷേത്രത്തിൽ ചെന്നു പുണ്യത്തിൻെറ പരിപൂർത്തിയെ പ്രാപിച്ച് ജനാർദ്ദനസ്വാമിയേ വന്ദിക്കണം. മുൻചൊന്നതോർത്ത് അവിടെയുള്ള സർപ്പങ്ങളെ ദ്രോഹിക്കാൻ പുറപ്പെടരുത്, എന്തുകൊണ്ടെന്നാർ അവര് പരോപദ്രവികളല്ല, സാധുക്കളാണു. വാസ്തവത്തിൽ അവിടേ കല്ലുകൊണ്ടുണ്ടാക്കിയ നാഗപ്രതിമകളാണല്ലോ അധികം.

### ദൻ.

നീഹാരാഭം നിരുപമരസം നീരമാസ്വാദ്യ നൽപു-
ല്ലാഹാരം ചെയ്തു ഹരഹരപക്ലേശമായ് കേശവൻെറ |
ഗേഹാസന്നസ്ഥലിയതിലതിസ്വൈരമായ് സഞ്ചരിക്കും
മാഹാസംഘം മനസി നിതരാമേകുമാനന്ദമാക്കും ||

നീഹാരാഭം, മഞ്ഞ് പോലേ വെളുത്ത; ഗേഹാസന്നസ്ഥലി, മതിലകം; മാഹാസംഘം, പശുക്കൂട്ടം; വക്കലപ്പശുവെന്നു പ്രസിദ്ധമാണ്.

### ന്ന൦.

കാന്തിക്കാതൽക്കൊല്ലുമ കലരും കഞ്ജനേത്രൻെറ ബിംബം
ശാന്തിക്കാരൻ ക്ഷിതിസുരവരൻ ഭംഗിയോടുത്തമാംഗേ |
ഏന്തിപ്പോകുന്നൊരു പുതുമയേക്കാണ്കിലാനന്ദസിന്ധൌ
നീന്തി സ്വാന്തം തവ നിരവധൌ താന്തമാകും നിതാന്തം ||

കൊല്ലുമ, അതിശയം, ആഡംബരം; 'കൊല്ലു' എന്ന ധാതുവിൽനിന്നു തന്മാത്ര തദ്ധിതൻ. ഉത്തമാംഗേ ഏന്തി, ശിരസ്സിൽ എടുത്ത്; "വെണ്മഴവേന്തിയ രാമൻ" ഇത്യാദി പ്രയോഗം നോക്കുക. നിത്യമുള്ള ശീവേലിയിൽ ശാന്തിക്കാരൻ ബിംബം തലയിൽ വച്ചാണു എഴുന്നള്ളിക്കു പതിവു. അവധിയില്ലാത്ത ആനന്ദസിന്ധുവിൽ നീന്തീട്ടു നിൻെറ സ്വാന്തം, മനസ്സു; നിതാന്തം താന്തമാകും, ഏററം ക്ഷീണിക്കും; സമുദ്രത്തിൽ നീന്തുവോർ എളുപ്പത്തിൽ കുഴയുമല്ലോ. നിനക്കു ആനന്ദപാരവശ്യമുണ്ടാകുമെന്നു താൽപര്യം.

## ൨൫.

പുണ്യക്ഷേത്രത്തിനു പുറമെയതിന്നോണ്ടു സാന്ദ്രപ്രരോഹ-
ത്തൂണ്യക്ഷോണീപരിസരമതിൽ സാരമാമഗ്രഹാരം |
ഗ്ഗുണ്യന്മാരായ് ഗുരുവിനയരായ് ശ്രോത്രിയന്മാരിലഗ്രേ-
ഗണ്യന്മാരായ് ഗതകലുഷരായുള്ള ധാത്രീസുരാണാം ||

സാന്ദ്രപ്രരോഹത്തൂണ്യക്ഷോണീപരിസരം, നിബിഡമായ് മുളച്ചു നിൽക്കുന്ന പുൽതകിടിയോടു കൂടിയ ഭൂഭാഗം; ഗുണ്യന്മാർ, ഗുണവാന്മാർ; ശ്രോത്രിയന്മാർ, വേദാദ്ധ്യായികൾ; ഗതകലുഷന്മാർ, പാപമില്ലാത്തവർ; ധാത്രീസുരാണാം, ബ്രാഹ്മണരുടെ; ക്ഷേത്രത്തിന്റെ മുൻവശത്തു അല്പം തെക്കു മാറി ഒരു അഗ്രഹാരമുണ്ട്.

## ൨൬.

കല്യൻ ഘൂണപ്രവരനൊരുവൻ കാരുധൌരേയനാരാൽ
കുല്യയ്ക്കായിഗ്ഗിരിനിര തുരക്കുന്നതും ചെന്നുകാണ്ക |
തുല്യം മററില്ലുലകിലതിനോടത്തുരങ്കങ്ങൾ തീൎന്നാൽ
ശല്യം വേണ്ടാ സരണിമുഴുവൻ തോണിയിൽ തന്നെ പോകാം ||

കല്യൻ ഘൂണപ്രവരനൊരുവൻകാരുധൌരേയൻ, ഹെഡ് ഇഞ്ചിനീർസായ്പു; ആരാൽ, അടുത്തു്; കുല്യാ, തോടു; ഇക്കാലം തുരങ്കങ്ങളുടേ വേല നടക്കുന്ന അവസരമായിരുന്നു. ഇതു പോലേ തോടായുള്ള തുരങ്കം ഇൻഡ്യയിൽ മററെങ്ങുമില്ല. ഇതു രണ്ടും തീൎന്നതിന്റേ ശേഷം ഇപ്പോൾ തിരുപ്പൂണ്ടി മുതൽ തിരുവനന്തപുരം വരേ ഒന്നായി ജലമാൎഗ്ഗേണ സഞ്ചരിക്കാമെന്നുള്ളതു് അനുഭവമാണല്ലോ.

## ൨൭.

എല്ലാമീക്ഷിച്ചവിടെ വഴിയേ തെല്ലു ദൂരം പറന്നി-
ട്ടുല്ലാസത്തോടൊരുതരണിയിൽ ചാടി നീ കൂടിയെന്നാൽ |
ഇല്ലായാസം ത്രിചതുരമണിക്കൂറിനുള്ളിൽ സഖേലം
ചെല്ലാമെല്ലാവരുമറിയുമാവേളിയാം കായൽ തന്നിൽ ||

വക്കലനിന്നു പുറപ്പെടാൻ പറയുന്നു. തരണി, വള്ളം; ത്രിചതുരം, മൂന്നു നാലു്; വക്കലനിന്നു വേളിയിലേക്കു ഘവ്വ മയിലേ ഉള്ളൂ. 'എല്ലാവരുമറിയും' എന്നു വിശേഷണം ചെയ്തതു് അതിന്റേ സൌന്ദൎയ്യാതിശയത്താലാകുന്നു. നഗരവാസികൾ ഇവിടേ വള്ളംകളിക്കാനും മററും പോകാറുണ്ടു. കവിക്കു ഈ കായൽക്കര വളരേ പ്രിയമായ വിനോദസ്ഥലമായിരുന്നുവെന്നു അടുത്തശ്ലോകത്താൽ വെളിപ്പെടുന്നു.

### ൩൪.

പാറക്കൂട്ടം പരമവിടെയൊണ്ടുന്നതം ചേൎന്നു കൂടി-
ക്കാറംഭസ്സേകംവരുവതിനായ് വന്നിറങ്ങുന്നവണ്ണം ।
കൂറത്യന്തം മനസി കലരും കൂട്ടരോടൊത്തു ഞാൻ പ-
ണ്ടേറക്കൌതൂഹലമൊടു കളിച്ചീടുമാറുണ്ടതിന്മേൽ ॥

അവിടേ പരമുന്നതം, ഏററമുന്നതമായ; പാറക്കൂട്ടം, കാർമേഘം വെള്ള മെടുക്കാൻ വന്നിറങ്ങുന്ന മാതിരിയിൽ ചേൎന്നു കൂടീട്ടുണ്ടു. കളിച്ചീടുമാറുണ്ട്; 'പണ്ട്' എന്നു കൂടിപ്പറഞ്ഞതിനാൽ കളിക്കാറുണ്ടായിരുന്നുവെന്നു താല്പൎയ്യം.

### ൩൫.

കുന്നിന്നങ്ങേപ്പുറമടവിയാണായതിൽ പോയതന്ദ്രം
കുന്നിച്ചീടും കുതുകമൊടു ഞാൻ കൂട്ടി നായാട്ടുകാരേ ।
പന്നിക്കൂട്ടം പുലിയിതുകളേ വേട്ടയാടീട്ടയത്നം
കൊന്നിട്ടുണ്ടന്നതിലൊരു രസം സ്വല്പമല്ലിപ്പൊഴും മേ ॥

സ്പഷ്ടം. വാച്യാൎത്ഥചൎവ്വണക്ഷണത്തിൽ കവിഗതയായ ഉൽകണ്ഠയ്ക്കു പ്രതീതിവരുന്നതിനാൽ ഭാവധ്വനി.

### ൩൬.

വഞ്ചിക്ഷോണീവലരിപുപുരീപ്രാന്തദേശത്തിലെത്താൻ
കിഞ്ചിദ്ദൂരേ കിലികിലരവം പൂണ്ട താലങ്ങൾ കണ്ടാൽ ।
വഞ്ചിയ്ക്കാമന്ത്രണമതു കഴിച്ചിട്ടു നീ വിട്ടതേററം-
നെഞ്ചിൽ കൌതൂഹലമൊടു തടാധ്വാവിലൂടേ ഗമിക്ക ॥

കിലികിലരവം എന്നു അനുകരണം. ആമന്ത്രണം, യാത്ര പറയൽ; വടക്കുനിന്നു വരുന്നവൎക്കു തിരുവനന്തപുരം അടുത്തു എന്നുള്ളതിലേക്കു ഒരു ലക്ഷണം തോട്ടുവക്കിൽ കാണുന്ന പനക്കൂട്ടമാകുന്നു.

## ൯൭.

മേളിപ്പേറ്റം പനകളുടെയും മററുവൃക്ഷങ്ങടേയും
മോളിൽക്കേറിപ്പുരിചൊടു പറന്നൊന്നിൽ നിന്നൊന്നണഞ്ഞു ।
കേളിഷ്ടം പോലയി മരുവിയും കേളിസൌധോപരിഷ്ഠാൽ
കോളിൽച്ചെന്നീടുക തിരുവനന്താഖ്യമാമപ്പുരത്തിൽ ॥

'വൃക്ഷങ്ങടേ' എന്നും 'മോളിൽ' എന്നുമുള്ളതു വൃക്ഷങ്ങളുടേ എന്നും മുകളിൽ എന്നും പറയേണ്ടതിന്റേ സങ്കോചിതരൂപങ്ങളാകുന്നു. കോളിൽ, അതുവഴി, ക്രമേണ, സൌകര്യത്തിൽ, എന്നു വിഭക്തിപ്രതിരൂപകമവ്യയം. തിരുവനന്താഖ്യമാമപ്പുരം, തിരുവനന്തമെന്നു പേരുള്ള അപ്പുരം, തിരുവനന്തപുരം.

## ൯൮.

ഭംഗം കൂടാതനിശമരവിന്ദേക്ഷണൻ തന്നുരസ്സാം
രംഗം തന്നിൽ കൃതനടനയാമിന്ദിരായാ വിലാസാൽ ।
മംഗല്യശ്രീമഹിതവിഭവാഭ്രാജിതാം രാജധാനീ-
മംഗ സൈ്വരം പ്രവിശ പലതും തത്ര കാണാം വിശേഷം ॥

വിഘ്നംകൂടാതെ എന്നും താമരക്കണ്ണനായ ശ്രീപത്മനാഭന്റേ മാറിടമാകുന്ന രംഗത്തിൽ നൃത്തം ചെയ്യുന്ന ലക്ഷ്മിയുടേ വിലാസത്താൽ മംഗലരൂപങ്ങളായ വിഭവങ്ങളേക്കൊണ്ടു ശോഭിക്കുന്ന അപ്പുരിയിൽ നീ സ്വച്ഛന്ദം പ്രവേശിച്ചാലും. 'അംഗ' എന്ന അവ്യയം സംബോധനാത്ഥകം. ശ്രീപത്മനാഭസാന്നിദ്ധ്യത്താൽ അവിടേ സമ്പത്തു എന്നും പരിപൂർണ്ണയായിരിക്കുന്നുവെന്നു താല്പര്യം.

---

മർമ്മപ്രകാശമെന്ന മയൂരസന്ദേശവ്യാഖ്യാനത്തിൽ
പൂർവ്വസന്ദേശവ്യാഖ്യാനം സമാപ്തം.

ശുഭമസ്തു.

ശ്രീ

# മയൂരസന്ദേശം.

## മണിപ്രവാളം.

## സവ്യാഖ്യാനം.

### ഉത്തരഭാഗം.

൧.

ശ്രീലാസ്യത്താലെഴമഴകുദഞ്ചിച്ചുമുൾപ്പൂക്കൾ വാഴും
ലോലാക്ഷീണാമണികുഴലതിപ്പീലിപോലുല്ലസിച്ചും ।
നീലാശ്മശ്രീ തഴുകിന തളം നിൻഗളച്ഛായമായും
ലീലാസൌധപ്രകരമെതിരാം തത്ര തേ ചിത്രപത്ര! ॥

"പലതും തത്ര കാണാം വിശേഷം" എന്നു പൂർവ്വഭാഗാന്തത്തിൽ സമഷ്ടിയായ് സൂചിപ്പിച്ചതിനേത്തന്നേ വിസ്തരിക്കുന്നു. (ഹേ) ചിത്രപത്ര! തത്ര ലീലാസൌധപ്രകരം തേ (നിനക്കു) എതിരാം, അവിടത്തേ മേടകൾ നിന്നോടു തുല്യമായിരിക്കും; എതിരായ് കാണാം എന്നുമർത്ഥമാവാം; ശേഷം മൂന്നു പാദംകൊണ്ടു തുല്യതയേ സാധിക്കുന്നു. ശ്രീലാസ്യത്താൽ, മയൂരപക്ഷത്തിൽ ശ്രീലമായ, ശ്രീമത്തായ, ആസ്യത്താൽ മുഖത്താൽ; മറേറടത്തു് ശ്രീയുടേ ലാസ്യത്താൽ, നൃത്തത്താൽ. നീലാശ്മശ്രീ, നീലക്കല്ലിൻ ശോഭ; ശ്ലേഷസങ്കീർണ്ണയായ കല്പിതോപമാ. ഈ ഉത്തരസന്ദേശപ്രാരംഭം മേഘസന്ദേശത്തേ അനുകരിക്കുന്നു; "മിന്നൽക്കാമ്പിനു തമ്പിമാർ" ഇത്യാദി അതിലേ ശ്ലോകം നോക്കുക.

൨.

ഉല്ലാസത്തോടയിടെ മരുവും പൂൎണ്ണചന്ദ്രാസ്യമാരാം
മല്ലാക്ഷീണാം ഗണമുപവനസ്തോമമസ്തോകശോഭം |
എല്ലാമോൎക്കിൽ പ്രതിഫലിതയായ് പശ്ചിമാംഭോധിതന്നിൽ
ചൊല്ലാൎന്നീടും സുരനഗരിതാൻ കണ്ടിടുന്നെന്നു തോന്നും ||

അവിടേയുള്ള സ്ത്രീകളുടേ വിസ്മയനീയമായ രൂപലാവണ്യവും പൂന്തോട്ടങ്ങളുടേ അഴകും മററും ഓൎത്തു നോക്കുമ്പോൾ അമരാവതി തന്നെ അന്യൂനമുള്ള പടിഞ്ഞാറേ സമുദ്രത്തിൽ പ്രതിഫലിച്ചുകാണുന്നതാണോ ഈ പുരി എന്നു തോന്നിപ്പോകുമെന്നു ഉൽപ്രേക്ഷ.

൩.

കന്നൽക്കണ്ണാൾമണികളവിടെക്കള്ളമോടേ കടാക്ഷ-
ക്കന്നക്കോലാൽ തരുണരുടെയുൾത്തട്ടിനേഭ്ഭിന്നമാക്കി |
സന്നദ്ധം തൽഗതമഥ കവൎന്നാശു ധൈൎയ്യം സമസ്തം
ഖിന്നത്വം ചേൎത്തതനുവിവശീഭാവമേകുന്നു തേഷാം ||

കടാക്ഷമാകുന്ന കന്നക്കോലെന്നു രൂപകം. കന്നക്കോലെന്നാൽ കള്ളന്മാർ ഭിത്തി തുരക്കാനുപയോഗിക്കുന്ന യന്ത്രം. ഉൾത്തട്ടിനേ, ഉൾത്തട്ടാകുന്ന ഉൾ-ത്തട്ട്, മനസ്സാകുന്ന അന്തൎഗ്ഗൃഹം എന്നു ശ്ലിഷ്ടരൂപകം. സന്നദ്ധം, ബലേന ബന്ധിക്കപ്പെട്ടതു്, രൊക്കം തയ്യാറുള്ളതു് എന്നും. തൽഗതം, ആ ഉൾത്തട്ടിലിരി-ക്കുന്നു; ധൈൎയ്യം, ധനസ്ഥാനീയം; അതനു കാമൻ, അനല്പമെന്നും. സ്ത്രീകൾ കടാക്ഷങ്ങളേക്കൊണ്ടു മനസ്സിളക്കി ധൈൎയ്യം പോക്കുന്നതിനേ കവൎച്ചക്കാർ കന്ന-ക്കോലാൽ ഭിത്തി തുരന്നു വീട്ടിനുള്ളിലുള്ള ദ്രവ്യത്തേ അപഹരിക്കുന്നതിനു സദൃശ-മാക്കി വൎണ്ണിച്ചിരിക്കുന്നു. ദ്രവ്യം മോഷണം പോയാൽ ഉടമസ്ഥൎക്കു വരുന്നതുപോലേ ധൈൎയ്യഹാനിയിൽ ഇവൎക്കും ‘അതനുവിവശീഭാവവും’ ഉണ്ടാകുന്നു.

൪.

വൃത്രാരാതേരധിവസതിയാം പത്തനംതന്നിലോൎത്താൽ
ചിത്രാകാരാ ചിരതരമിരിക്കുന്നിതേകൈവ രംഭാ |
പത്രാവല്യാ പരിലസിതമായ് പന്നഗാധീശപുൎയ്യാം
തത്രാസംഖ്യം പ്രതിനവമതായുണ്ടു രംഭാകദംബം ||

ഇന്ദ്രനഗരിയായ അമരാവതിയിൽ വളരേ നാളായിട്ടും ഒരു രംഭയേ ഉണ്ടായിട്ടുള്ളൂ, ഇത്തിരുവനന്തപുരത്തോ പുത്തൻപുത്തനായിട്ടു അനവധി രംഭകളുണ്ടായിക്കൊണ്ടിരിക്കുന്നുവെന്നു അമരാവതിയേക്കാൾ ഇപ്പുരിക്കു ഉൽകൎഷം ശ്ലേഷഭംഗ്യാ പ്രതിപാദിച്ചിരിക്കുന്നു. 'പത്രാവല്യാ പരിലസിക്കുക' എന്ന വിശേഷണത്താൽ രണ്ടു തരം രംഭകൾക്കും സാധൎമ്മ്യവും സിദ്ധിക്കുന്നു. രംഭ, ഒരിടത്തു അപ്സരസ്ത്രീ; മറേറടത്തു് വാഴ; അതിൻവണ്ണം പത്രാവലി പത്തിക്കീററു്, ഇലക്കൂട്ടമെന്നും.

## ൫.

തങ്കത്താർതൻതതിലളിതമാം ദന്തശില്പോല്ലസൽപ-
ല്യങ്കത്തിന്മേൽ പരിചൊടുപവേശിച്ചു പങ്കേരുഹാക്ഷീം |
അങ്കത്തിൽച്ചേൎത്തനുകനനുകമ്പിച്ചു ബാലാമണച്ചു-
കൊങ്കത്തട്ടേത്തഴുകുമഴകും തത്ര കാണേണ്ടതത്രേ ||

തങ്കത്താർ തൻ തതിലളിതമാം ദന്തശില്പോല്ലസൽ പല്യങ്കത്തിന്മേൽ, പൊൽത്താമരകൊണ്ടു അലംകരിച്ചതും ദന്തവേലകൊണ്ടു ശോഭിക്കുന്നതുമായ കട്ടിലിന്മേൽ. അനുകൻ, കാമുകൻ, ഭൎത്താവു്. അനുകമ്പിച്ചു, ദയവു ചെയ്തു; നായിക ബാലയാകയാൽ നിൎദ്ദയവിഹാരത്തേ സഹിക്കയില്ലല്ലോ. കാണേണ്ടതു, പക്ഷിയായ മയൂരത്തിനു ഇതൊക്കയും നേരേ ചെന്നു നോക്കി രസിക്കാമല്ലോ. ഈ വൎണ്ണന പുരിയിലേ ഐശ്വൎയ്യപുഷ്ടിക്കും വാസസൌഖ്യത്തിനും ഉപലക്ഷണമാകുന്നു.

## ൬.

മാരക്രീഡാമഹലഹളയിൽ ജാലമാൎഗ്ഗേണ ലീലാ-
ഗാരക്രോഡേ നിഭൃതഗതിയായെത്തി നിത്യം നിശായാം |
വാരസ്ത്രീണാം വപുഷി വിലസും സ്വേദബിന്ദുക്കളാകും-
ഹാരസ്തോമം ഹരതി വിരുതേറുന്ന ചോരൻ സമീരൻ ||

മഹം, ഉത്സവം. ജാലമാൎഗ്ഗം കിളിവാതിൽ, ഗ്രന്ഥമാൎഗ്ഗമെന്നും. ക്രോഡം, അന്തൎഭാഗം. നിഭൃതഗതി മന്ദഗതി, ഒളിച്ചെന്നും. ഹാരസ്തോമം, മുത്തുമാല. ഹരതി അപഹരിക്കുന്നു, നശിപ്പിക്കുന്നു, കവരുന്നുവെന്നും. ചോരൻ സമീരൻ, വായുവാകുന്ന കള്ളൻ. ഉത്സവദ്ധിരുതികളിലാണല്ലോ കള്ളന്മാൎക്കു കവൎച്ചയ്ക്കുതരം. വായു സുരതശ്രാന്തകളായ സ്ത്രീകളുടേ ദേഹത്തിലുള്ള വിയൎപ്പുതുള്ളികളേ ശമിപ്പിക്കുന്നതു് കവിദൃഷ്ട്യാ ചോരൻ മുത്തുമാല കവരുന്നതിനോടു തുല്യമായിരിക്കുന്നു. ഈ രൂപകാലംകാരത്താൽ അവിടേ ഈ മാതിരിയേ, കവൎച്ചക്കേസ്സുകളുള്ളൂ, മററു പട്ടണങ്ങളിലേപ്പോലേ ചോരഭയമില്ലെന്നു ധ്വനിക്കുന്നതിനാൽ അലംകാരേണ വസ്തുധ്വനി.

൭.

നാളീകാക്ഷീമണികൾ നവസൌരഭ്യനൽകൈതകാളീ-
ധൂളീകൂടം ധുതമനിലനാൽ കൂടിടും നിഷ്കുടത്തിൽ |
ആളീലോകപ്രകൃതദയിതോദന്തമാകൎണ്ണ്യ മന്ദം
കേളീലോലാശയകൾ നടകൊള്ളുന്നതും തത്ര കാണാം ||

യുവതികളവിടേ തോഴിമാരുമൊരുമിച്ച് തോട്ടങ്ങളിൽ നേരംപോക്കും സംസാരിച്ചുംകൊണ്ടു ലാത്തുന്നതിനേ വൎണ്ണിക്കുന്നു. നാളീകാക്ഷീമണികൾ, സുന്ദരികൾ. നവസൌരഭ്യനൽകൈതകാളീധൂളീകൂടം, പുതുമണമുള്ള നല്ല കൈതപ്പൂവിന്റെ പൊടി കൂട്ടമായി പറന്നു നടക്കുന്നതു. ധുതമനിലനാൽ, വായുവിനാൽ അടിച്ചു പറത്തപ്പെട്ടതെന്നു ധൂളീകൂടത്തിന്റെ വിശേഷണം. നിഷ്കുടം, ഉദ്യാനം. ആളീലോകപ്രകൃതദയിതോദന്തം, സഖിമാരാൽ പ്രസ്താവിക്കപ്പെട്ട നായകവൃത്താന്തം.

൮.

കോട്ടംതീൎന്നോരുടൽവടിവെഴും കോമളാംഗീജനത്തിൻ-
കൂട്ടം തിങ്ങും കുതുകമതിനാൽ കൂടുമുത്സാഹമോടേ |
തോട്ടംതന്നിൽ തുടരെ വിലസും പൂച്ചെടിത്തട്ടിനൊട്ടും
വാട്ടം തട്ടാതുചിതമുപചാരങ്ങൾ ചെയ്യുന്നു ചട്ടം ||

തിങ്ങും കുതുകമതിനാൽ, നിബിഡകൌതുഹലത്താൽ; വെള്ളം കോരിനനയ്ക്കു, വളമിടുക, തടം നന്നാക്കുക, കള പറിക്ക മുതലായതിനു തോട്ടക്കാരുണ്ടെങ്കിലും പൂച്ചെടികളേ സ്വയമുപചരിക്കുന്നതു് കൌതുകത്താൽ മാത്രമെന്നു താല്പൎയ്യം. ചട്ടം, നിത്യമായ്.

൯.

ആതങ്കത്താലധികവിധുരീഭാവമുൾക്കൊണ്ടു പാന്ഥ-
വ്രാതം ഗാഢത്വരയൊടു ഗൃഹാഭ്യന്തരംതന്നിലാകും |
മാതംഗൌഘം മദതരളിതം മാൎഗ്ഗമദ്ധ്യേ വരുമ്പോൾ
സ്ഥീതം കൌതൂഹലമുദിതമാം കാളികാശങ്കയാ തേ ||

ഇനി രാജാവിന്റെ ആന, കുതിര, തേർ, കാലാൾ, എന്ന സേനാസാമഗ്രിയേ പ്രത്യേകം വൎണ്ണിക്കുന്നു. ആതങ്കത്താലധികവിധുരീഭാവമുൾക്കൊണ്ടു, ഭീരുക്കളായ; [നഗരത്തിലേക്കു നടാടേ വരുന്ന ഗ്രാമീണന്മാരും മററും ആനക്കൂട്ടം

കണ്ടിരിക്കയില്ലല്ലോ] പാന്ഥവ്രാതം, വഴിക്കാരുടേ കൂട്ടത്തെ; ശാന്ധതപരയൊട്ടു, അതിവേഗേന; ഗൃഹാഭ്യന്തരം തന്നിലാക്കും, വീട്ടിനകത്തേയ്ക്കോടിക്കുന്നതായ [ആനയേ ഭയന്നു വഴിക്കാർ ഇരുപുറത്തുമുള്ള വീടുകളിലേക്കു സ്വയം കേറുന്നു. അതിലേയ്ക്കു കാരണമായ എന്നർത്ഥം] മദതരളിതം മാതംഗൌഘം, മദയാനക്കൂട്ടം; മാൎഗ്ഗമദ്ധ്യേ വരുമ്പോൾ; തേ, നിനക്കു; കാളികാശങ്കയാ, മേഘമാല എന്നുള്ള ശങ്കയാൽ; സ്ഫീതം കൌതുഹലമുദിതമാം, വളരേ കൌതുകമുളവാകും. ആനയ്ക്കും മേഘത്തിനും ആകൃതിസാമ്യമുള്ളതിനു പുറമെ പൂർവാർദ്ധത്തിലേ വിശേഷണംകൊണ്ടു ക്രിയാസാമ്യവും ശ്ലേഷദ്വാരാ സമ്പാദിച്ചിരിക്കുന്നു. മേഘം വിരഹവിധുരന്മാരായ പാന്ഥന്മാരേ സ്വഗൃഹത്തിലേക്കു ഉന്തി അയക്കുമെന്നു കവിപ്രസിദ്ധമാണല്ലോ. "കാന്താകാർകുഴൽ ചിക്കിടാതെ വഴിയിൽ കേഴുന്ന മാലോകരേഗ്ഗാംഭീൎയ്യത്തൊടു മൂളിയില്ലമതിലേയ്ക്കോടിപ്പവൻ ഞാനെടോ" എന്നു മേഘം തന്നേ തന്റേ സ്വഭാവത്തേ വൎണ്ണിക്കുന്നു. [മേഘദൂതു-ഉത്തര-൩൩.]

## ൧൦.

യോജിക്കുന്നോരമലകവചോഷ്ണീഷഭംഗ്യാ കരത്തിൽ
ഭ്രാജിക്കും നല്ലസിലതയുമായുൽഭടാടോപമോടേ |
ആജിക്കൂർജ്ജസ്വലത കലരും സാദിസംഘേന നീതം
വാജിക്കൂട്ടം വരുവതു തവാമന്ദമാനന്ദമേകും ||

കവചം, ചട്ട; ഉഷ്ണീഷം, തൊപ്പി; അസിലതാ, ഖഡ്ഗം; ആജി, യുദ്ധം; ഊൎജ്ജസ്വലത, ചാതുൎയ്യം; സാദിസംഘം, തുരുപ്പുകാർ; തിരുവനന്തപുരത്തുള്ള തുരുപ്പുകാരുടേ ആകൃതിയും മററും ഭംഗിയായ് വൎണ്ണിച്ചിരിക്കുന്നതിനാൽ സ്വഭാവോക്തി അലംകാരം.

## ൧൧.

ചന്ദ്രപ്രഖ്യം മുഖമബലമാർ കാട്ടവേ ജാലമാൎഗ്ഗേ-
ഷ്വിന്ദുശ്രീയുള്ളൊരു രസികരാം ലോകരേറിച്ചരിക്കും |
മന്ദ്രധ്വാനാനുകൃതഘനനിൎഘോഷമാം സ്യന്ദനൌഘം
ത്വന്ദ്രഷ്ടാസി പ്രസൃമരമുദാ മേഘനാദാനുലാസിൻ! ||

മന്ദ്രധ്വാനാനുകൃതഘനനിൎഘോഷമാം, ഗംഭീരശബ്ദംകൊണ്ടു ഇടിമുഴക്കത്തേ അനുകരിക്കുന്ന; സ്യന്ദനൌഘം, തേർക്കൂട്ടത്തേ; പ്രസൃമരമുദാ, ഏററം കൌതുകത്തോടേ; ത്വം ദ്രഷ്ടാസി, നീ കാണും. ചരിക്കുമെന്ന പേരെച്ചം സ്യന്ദനൌഘവിശേഷണം. മേഘനാദാനുലാസിൻ! എന്നു സാഭിപ്രാ-

യസംബോധനം; മേഘനാദത്തിനു ചേൎന്നു നൃത്തം ചെയ്യുന്നവൻ എന്നൎത്ഥം. ഇതു മയിലിന്റെ സംജ്ഞയുമാണു; "ശിഖാവളശ്ശിഖി കേകീ മേഘനാദാനുലാസ്യപി" എന്നു അമരം.

൬൨.

നാനാവൎണ്ണപ്രകടിതചമൽകാരമാം വേഷമോടേ
സേനാവൃന്ദം പെരുവഴി പകൎന്നീടവേ പാൎത്തു കണ്ടാൽ |
ശൌനാസീരം സപദി നഭസശ്ചാപമിങ്ങാപതിച്ചോ?
ജാനാമ്യേവം ജനമനമതിൽ ജാതമാകും വിതൎക്കം ||

ചുവന്നകുപ്പായവും, വെളുത്ത വാറുകളും, കറുപ്പു കലൎന്ന കാൽച്ചട്ടയും മററും കൊണ്ടു ചിത്രവൎണ്ണമുള്ള പട്ടാളക്കാർ തെരുവുകളുടേ മുക്കിൽ വളഞ്ഞു വിലങ്ങുന്നതു കണ്ടാൽ; ശൌനാസീരം ചാപം, ഇന്ദ്രചാപം; നഭസഃ, ആകാശത്തു നിന്നും; സപദി ഇങ്ങാപതിച്ചോ, ഭൂമിയിലേയ്ക്കു ഇറങ്ങിവന്നുവോ; ഏവം, എന്നു; ജനമനമതിൽ ജാതമാകും വിതൎക്കം, ജനങ്ങൾക്കു സംശയം തോന്നും; ജാനാമി, എന്നു ഞാൻ ഉൽപ്രേക്ഷിക്കുന്നു. സ്വഭാവോക്തിക്കും ഉൽപ്രേക്ഷയ്ക്കും കൂടി സംസൃഷ്ടി.

൬൩.

നേരേ കോട്ടയ്ക്കുരികുവഴിയായ് പോയി നീയങ്ങു പൂൎവ്വ-
ദ്വാരേണ ദ്രാക് പുരമതിനകം പുക്കു പൂരിച്ചു ഭക്ത്യാ |
വാരേവാഗപത്തിനമുദധിജാധിഷ്ഠിതോരസ്സ്ഥലം പാ-
രീരേഴിന്നും പരിവൃഢമുപാസിക്ക പാഥോജനാഭം ||

ഇങ്ങനേ ൬ ശ്ലോകം കൊണ്ടു നഗരവൎണ്ണന ചെയ്തിട്ടു അവിടേ ആദ്യമേ ശ്രീപത്മനാഭനേ വന്ദിക്കാനുപദേശിക്കുന്നു. പൂൎവ്വദ്വാരേണ, കിഴക്കേ കോട്ട-വാതിൽവഴിയേ; ഇതു ശിഷ്ടാചാരാനുരോധേന ചെയ്ത ഉപദേശമാകുന്നു. വാരേവാഗപത്തിനം, വാക്കുകൾക്കു അവിഷയമായ; ഉദധിജാധിഷ്ഠിതോരസ്സ്ഥലം, ലക്ഷ്മി മാറിടത്തിലുള്ളവൻ.

൬൪.

കാരാഗാരാകലിതസുരനാം ദൈത്യനേ നിഗ്രഹിക്കാൻ
ഘോരാകാരാധികഭയദനായ് പാരിലാത്താവതാരം |
പാരാവാരാദ്ഭുതതരരവം ഭക്തലോകാനുകമ്പാ-
പൂരാധാരായിതഹൃദയമാരാധയാരാന്നൃസിംഹം ||

കാരാഗാരാകലിതസുരനാം, ദേവകളേ കാരാഗൃഹത്തിൽ ബന്ധിച്ചവനായ; ദൈത്യനേ, അസുരനേ, ഹിരണ്യകശിപുവിനേ; നിഗ്രഹിപ്പാൻ (വേണ്ടി) ഘോരാകാരാധികഭയദനായ് പാരിലാത്താവതാരം, ഘോരമായ ആകൃതികൊണ്ടു ഭയങ്കരനായിട്ടു ഭൂമിയിൽ അവതരിച്ചവനും; പാരാവാരാഭ്രരുതതരരവം, സമുദ്രത്തേക്കാൾ ഗംഭീരതരമായ അട്ടഹാസമുള്ളവനും; ഭക്തലോകാനുകമ്പാപൂരാധാരായിതഹൃദയം, ഭക്തന്മാരേപ്പററിയുള്ള ദയാപൂരത്തിനു ആധാരമായ മനസ്സുള്ളവനും ആയ, നൃസിംഹം ആരാൽ ആരാധയ, അടുത്തു് തന്നേയുള്ള നൃസിംഹസ്വാമിയേ സേവിച്ചാലും.

൫൭.

സംസാരാംഭോനിധി കരകടന്നീടുവാൻ കാംക്ഷയേറ്റം
പുംസാ രാഗാദികളകലെ വിട്ടെപ്പൊഴും സേവ്യമാനം |
തം സാരാത്മം നിഗമവചസാം തത്ത്വമസ്യാദിമാനാം
കംസാരാതിം കലയ കലുഷം തീൎത്തു കാത്തീടുവാനായ് ||

പുംസാ, പുരുഷനാൽ, ആളാൽ; തം സാരാത്മം നിഗമവചസാം തത്ത്വമസ്യാദിമാനാം, "തത്ത്വമസി ശ്വേതകേതോ" ഇത്യാദി ശ്രുതിവാക്യങ്ങളുടേ പൊരുളായവൻ; കംസാരാതിം കലയ, ശ്രീകൃഷ്ണനേ വന്ദിച്ചാലും.

൫൮.

പാലിക്കാനായ് ഭുവനമഖിലം ഭൂതലേ ജാതനായ-
ക്കാലിക്കൂട്ടം കലിതകുതുകം കാത്ത കണ്ണന്നു ഭക്ത്യാ |
പീലിക്കോലൊന്നടിമലരിൽ നീ കാഴ്ചയായ് വച്ചിടേണം
മൌലിക്കെട്ടിൽ തിരുകുമതിനെത്തീച്ചയായ് ഭക്തദാസൻ ||

ശ്രീകൃഷ്ണന്നു ആൻപാടിയിൽ പശുക്കളെ മേച്ചു നടന്നകാലത്തിൽ മയിൽപീലി ചൂടുന്നതു് വളരേ പ്രിയമായിരുന്നു. സ്വാമിദൎശനം ചെയ്യുമ്പോൾ കാണിക്ക ഇടേണ്ടതാവശ്യമാണല്ലോ. ഭക്തദാസൻ, എന്നു സാഭിപ്രായവിശേഷണം. ഭക്തിരസപരിപൂൎണ്ണമായ ഈ ശ്ലോകത്തിൻേറ ബന്ധഭംഗിയും, അനായാസപ്രസൃമരമായ പ്രാസവിലാസവും, അൎത്ഥൌചിത്യപരിപൂൎത്തിയും, ലാളിത്യപരമകാഷ്ഠയും, സംസ്കൃതപദവൈരള്യവും എല്ലാം കൂടി നോക്കുമ്പോൾ മണിപ്രവാളശ്ലോകത്തിനു ഇതിലധികം ജാത്യം വരാനില്ലെന്നു തീൎച്ചപ്പെടുന്നു. ഇച്ചൊന്ന ഗുണങ്ങളെല്ലാം ഇക്കാവ്യത്തിലേ മിക്ക ശ്ലോകങ്ങളിലും നിരന്തരം കാണുന്നതാകയാൽ പ്രകൃതപദ്യത്തേ സ്ഥാലീപുലാകന്യായേന മദ്ധ്യേ പ്രത്യേകിച്ചു എടുത്തു കാണിച്ചതേ ഉള്ളൂ എന്നു വായനക്കാരെ അറിയിച്ചു കൊള്ളുന്നു.

### ൫൭.

സ്വച്ഛന്ദം നീ തദനു ഭഗവന്മന്ദിരത്തിൻപുറത്തായ്
സ്വച്ഛശ്രീയാമനവധി ഗൃഹം കാണുമധ്വാവിലൂടേ |
ഗച്ഛൻ കൃപക്കരമഠമതിൽ ചെന്നു കൃഷ്ണം ജനങ്ങൾ-
ക്കിച്ഛയ്ക്കൊക്കും വരമരുളുമദ്ദുൎഗ്ഗയേയും നമിക്ക ||

ഭഗവന്മന്ദിരത്തിൻ പുറത്തായ്, മതിൽക്കു വെളിയിൽ; സ്വച്ഛശ്രീയാമനവധിഗൃഹം കാണുമധ്വാവിലൂടേ ഗച്ഛൻ, പടിഞ്ഞാറേ ഗോപുരം ഇറങ്ങി വടക്കോട്ടു വന്ന്, 'കൃപക്കരമഠം' എന്ന ക്ഷേത്രത്തിൽ ചെന്നിട്ട്; കൃഷ്ണം ജനങ്ങൾക്കിച്ഛയ്ക്കൊക്കും വരമരുളുമദ്ദുൎഗ്ഗയേയും നമിക്ക, ഭക്തന്മാൎക്കു വരദയായ ദുൎഗ്ഗാദേവിയെയും വന്ദിക്കണം.

### ൫൮.

ദേവാരാതിക്ഷപണചണയാം ദേവിതൻസേവചെയ്തി-
ട്ടാവാകേ നീ വടിവൊടു പടിഞ്ഞാട്ടു കിഞ്ചിൽ ഗമിച്ചാൽ |
തേവാരത്തെന്നഭിധ കലരുന്നോരു കോയിക്കൽ കാണാ-
മാവാസം മൽപ്രിയയുടയതാണെന്നു ബോധിച്ചുകൊൾക ||

ദേവാരാതിക്ഷപണചണ, അസുരവിനാശനി; വടിവൊടു പടിഞ്ഞാട്ടു കിഞ്ചിൽ ഗമിച്ചാൽ, നേരേ സ്വല്പം പടിഞ്ഞാട്ടു പോയാൽ; തേവാരത്തെന്നഭിധ കലരുന്നോരു കോയിക്കൽ, തേവാരത്തുകോയിക്കൽ എന്ന കൊട്ടാരം; ആവാസം, വാസസ്ഥലം; കവി ഇവിടേ മയൂരത്തിനു ദേവാരാധന ക്രമമുപദേശിച്ചതു് തന്റേ പതിവനുസരിച്ചാകുന്നു.

### ൫൯.

ചാരത്തോരോവശമതിലെഴും ചന്ദ്രശാലാന്തരാളേ
ദ്വാരത്തിന്മേലസമസുഷമാഡംബരം കംബുരത്നം |
ശൂരത്വം പൂണ്ടൊരു ഹരിയുഗത്തിന്റെ മദ്ധ്യത്തിലദ്ധാ
ധീര! ത്വം കണ്ടറിക നരലോകേന്ദിരാമന്ദിരത്തേ ||

ഇനി തെററിപ്പോകാതിരിപ്പാൻ വേണ്ടി നായികാഗൃഹത്തിനു ലക്ഷണം പറയുന്നു. ചന്ദ്രശാല, മട്ടുപ്പാവു; അസമസുഷമാഡംബരംകംബുരത്നം, അസാധാരണശോഭയുള്ള ശംഖമുദ്ര; ഹരിയുഗം, രണ്ടു സിംഹങ്ങൾ; അദ്ധാ, നേരേ; ഹേ ധീര! അചഞ്ചലബുദ്ധേ! എന്നു സംബുദ്ധി; നിനക്കു ഈ ഒരു ലക്ഷണംകൊണ്ടു തന്നേ അക്കൊട്ടാരം തിരിച്ചറിവാൻ കഴിയുമെന്നു താല്പൎയ്യം. നരലോകേന്ദിരാമന്ദിരത്തേ, ഭൂലോകലക്ഷ്മിയായ രാജ്ഞിയുടേ വാസഭവനത്തേ; കൊട്ടാരത്തിന്റെ തെക്കേവാതിലിലാണു ഈ ചിത്രമുള്ളതു്.

## ൨൦.

സമ്യക്കായ്ത്താൻ നിയതസമയേ തോയസേകം നിമിത്തം
തിമ്യത്താകും തടമൊടഭിശോഭിച്ചിടും പുഷ്പവാട്യാ |
രമ്യത്വം പൂണ്ടവിടെ വലഭിത്തിന്റെ ഹർമ്മ്യത്തിനാലും
നമ്യശ്രീയായ് വിലസതി മഹാരാജ്ഞിതൻസൌധവര്യം ||

തിമ്യത്ത്, നനവുള്ളത്; അഭിശോഭിച്ചിടും പുഷ്പവാട്യാ, ചുററും ശോഭിക്കുന്ന പൂന്തോട്ടത്താൽ; വലഭിത്തിന്റെ ഹർമ്മ്യം, വൈജയന്തം; സൌധവര്യം, ഉത്തമമായമാളിക; വിലസതി, ശോഭിക്കുന്നു.

## ൨൧.

മണ്ടിച്ചെന്നങ്ങതിന്റെ മുകളിൽച്ചേന്നിരിക്കുന്ന നിന്നെ-
ക്കൊണ്ടിന്ധാനം ശിഖിപരിവൃഢ! ശ്രീഭരം ശീഭരം തം |
കണ്ടിട്ടാശാരികളതു പകർത്തി പ്രതിച്ഛായയാ തേ
പണ്ടില്ലാത്തോരഴകിനിയനേകാലയങ്ങൾക്കു ചേക്കും ||

ഇന്ധാനം, ജ്വലിച്ചിയങ്ങുന്നതു; ശീഭരം, പ്രവൃദ്ധം; പ്രതിച്ഛായയാതേ മയൂരപ്രതിമകൊണ്ടു; പണ്ടില്ലാത്തോരഴകിനിയനേകാലയങ്ങൾക്കു ചേക്കും, നീ മുകളിൽ ചെന്നിരിക്കുന്നത് ആ മാളികയ്ക്കു ഒരു നല്ല അലങ്കാരത്തിന്നായിത്തീരുന്നതിനാൽ ശില്പികൾ അതു കണ്ടു് ഇനി മേൽ പണിയുന്ന മേടകൾക്കു ഈ ഒരു വൈചിത്ര്യം കൂടി ചെയ്യേണ്ടതാണെന്നു ഗ്രഹിച്ച് അതിൻവണ്ണം പ്രവൎത്തിക്കും. വാസ്തവത്തിൽ പിന്നീടു പണി ചെയ്തിട്ടുള്ള മഹാരാജാ തിരുമനസ്സിലെ ശ്രീകൃഷ്ണവിലാസം മാളികയിലും മററും മയിൽപാവകളേ ഉണ്ടാക്കി വെച്ചിട്ടുമുണ്ടു്. അതിനാൽ ഇവിടേ ഹേതുൽപ്രേക്ഷ ധ്വനിക്കുന്നു.

## ൨൨.

വാസായാസ്മദ്ദയിത ഹിതമൊപ്പിച്ചു തീൎപ്പിച്ചതാമ-
പ്രാസാദത്തിൽ ശബളമുകുരശ്രേണിക്ളൃപ്തം കവാടം |
ഭാസാമുച്ചൈസ്തരവിസരണംകൊണ്ടു നിൻബർഹഭാര-
ശ്രീസാദൃശ്യം കലരുമതിസൌന്ദൎയ്യചാതുൎയ്യധുൎയ്യം ||

ശബളമുകുരശ്രേണിക്ളൃപ്തം, പലനിറമുള്ള കണ്ണാടികളാൽ ചമയ്ക്കപ്പെട്ടതു്; ഭാസാമുച്ചൈസ്തരവിസരണം, ഉയരുന്ന കാന്തിക്കതിരുകൾ. അതിസൌന്ദൎയ്യചാതുൎയ്യധുൎയ്യം, വളരേ അഴകും വേലയ്ക്കു വൃത്തിയുമുള്ള, എന്നു കവാടവിശേഷണം. കണ്ണാടിവാതിലിൽനിന്നു നെടുകേ പുറപ്പെടുന്ന നാനാ

വർണ്ണങ്ങളായ രശ്മിസൂത്രങ്ങൾ മയൂരബർഹത്തിനൊത്തിരിക്കണമല്ലോ. ഇതിനാൽ ആ വാതിൽവഴിയേ ചെന്നാൽ നിനക്കു ശ്രദ്ധമായിത്തന്നേ ഭൃത്യം നടത്താമെന്നു ഒരുപദേശം ധ്വനിക്കുന്നു. മീലിതാലങ്കാരരൂപമായ ഈ വ്യംഗ്യാർത്ഥം കവാടം ബർഹിതുല്യമാകുമെന്നുള്ള ഉപമയിൽനിന്നു ജനിക്കുന്നതാകയാൽ അലങ്കാരേണാലങ്കാരധ്വനി.

൨൩.

പ്രത്യഗ്രശ്രീഭരിതമവനീഭർത്ത്രിതൻപത്തനത്തിൻ-
പ്രത്യഗ്ഭാഗത്തതിരുചിരമായുണ്ടു നീരാഴിയാരാൽ |
നിത്യം തന്വീമണിയുടെ തനുസ്പർശഭാഗ്യാതിരേകാ-
ലത്യന്തം തത്സലിലമതിനോടുണ്ടെനിക്കഭ്യസൂയ ||

ഇനി രാജ്ഞീദർശനം കാത്തിരിക്കുന്ന മയിലിനു നേരം പോക്കിനായി അവിടേയുള്ള ഓരോ കാഴ്ചകൾ നോക്കാൻ പറയുന്നു. പുതുശോഭകൊണ്ടു നിറഞ്ഞതായ ആ രാജ്ഞീപ്രാസാദത്തിന്റെ പടിഞ്ഞാറുവശത്തു് അടുക്കൽതന്നേ ഒരു ഭംഗിയുള്ള നീരാഴിയുണ്ടു. ഉത്തരാർദ്ധംകൊണ്ടു നായികയ്ക്കു നിയമേന സ്നാനം ഈ നീരാഴിയിലാണെന്നുള്ള ഒരു സാധാരണ സംഗതിയേ കവിദ്രഷ്ട്രാ വർണ്ണിച്ചിരിക്കുന്നു. അചേതനമായ ജലത്തോടു അസൂയയുണ്ടെന്നു അസംബന്ധേ സംബന്ധകല്പനം ചെയ്കയാൽ ഉളവായ അതിശയോക്ത്യലംകാരത്തിൽനിന്നു അനുരാഗാതിശയവും വിരഹാസഹനതയും ധ്വനിക്കുന്നു.

൨൪.

അസ്താലസ്യം മമ കമനി താൻ നട്ടു വാത്സല്യമോടേ
ഹസ്താബ്ജത്താലതുളമുപചാരങ്ങളാൽ പുഷ്ടശോഭം |
ശസ്താഭിഖ്യാപരിമളമിളൽപുഷ്പവല്ലീസമൂഹം
വിസ്താരം പൂണ്ടൊരു തടമതിൽ കാണുമന്നിഷ്കുടത്തിൽ ||

അസ്താലസ്യം, മടിയെന്നിയേ; വളമിടുക മുതലായതു ഉപചാരങ്ങൾ. ശസ്താഭിഖ്യാപരിമളമിളൽ പുഷ്പവല്ലീസമൂഹം, ശസ്തയായ, പ്രശസ്തയായ; അഭിഖ്യയോടും ശോഭയോടും പരിമളത്തോടും ഗന്ധത്തോടും മിളത്തുകളായ പുഷ്പങ്ങളോടു കൂടിയതായ വല്ലീസമൂഹം, വള്ളിക്കൂട്ടം, കത്താവു. കാണും, കാണാകും; നിഷ്കുടം, ഉദ്യാനം.

## ൨൫.

കയ്യാലെത്തിക്കുതുകമിയലും കുട്ടികൾക്കും പറിക്കാൻ
വയ്യാതല്ലാതുരുതരഫലശ്രേണി തൂങ്ങിക്കിടക്കും |
തയ്യാമുള്ളോരനവധി രസാലാളി വിസ്മേരമാക്കി-
ച്ചെയ്യാതേ കണ്ടവിടെയൊരുവൻേറയുമില്ലന്തരംഗം ||

കൌതുകമുള്ള കുട്ടികൾക്കു കൂടി കൈകൊണ്ടെത്തിപ്പറിക്കത്തക്കവിധത്തിൽ വലിയ മാങ്ങകൾ തൂങ്ങിക്കിടക്കുന്നതായ അനവധി മാന്തയ്യിൻകൂട്ടം അവിടേ എല്ലാ ജനങ്ങളുടേയും മനസ്സിൽ വിസ്മയം ഉണ്ടാക്കുന്നു. മാളികയുടേ കിഴക്കു വശത്തു അനവധി ഒട്ടുമാവുകൾ നിൽപ്പുണ്ട്.

## ൨൬.

മൂലത്തിൽത്തൊട്ടുപരി വിടപശ്രേണിയോളം ഫലത്തിൻ-
ജാലത്തേക്കൊണ്ടതിനിബിഡമായ് ഭംഗിയോടുല്ലസിക്കും |
ബാലത്വം പൂണ്ടൊരു പനസവൃക്ഷൌഘവും കാണുമങ്ങി-
ക്കാലത്തന്യസ്ഥലമതിലതിന്നൊപ്പമുണ്ടാകയില്ല ||

മാവിനേ വർണ്ണിച്ചതു പോലേ പിലാവിനേയും വർണ്ണിക്കുന്നു. അവിടേയുള്ള പിലാവുകളിൽ വർഷകാലത്തും ധാരാളം കാകൾ കാണും.

## ൨൭.

ചാരുത്വത്താൽ പുരുതരമദം പൂണ്ടു പൂമേനിയാൾത-
ന്നൂരുദ്വന്ദ്വത്തൊടു പൊരുതുവാനാഞ്ഞടുത്താത്തഭംഗം |
ആരുദ്ധം സൽ ബഹിരുപവനംതന്നിൽ മോചാകദംബം
ഭീരുത്വത്തോടവിടെ മരുവുന്നേററവും ജാതജാള്യം ||

അവിടേ, മോചാകദംബം, വാഴക്കൂട്ടം; ബഹിരുപവനന്തന്നിൽ, പുറന്തോട്ടത്തിൽ; ആരുദ്ധം സൽ, നാട്ടപ്പെട്ടതായിട്ടു, (തടവിൽ പാൎപ്പിക്കപ്പെട്ടതെന്നും). ഏററവും ജാതജാള്യം, അധികം തണുപ്പുള്ളതായിട്ടു; വളം നല്ല-വണ്ണം ചെയ്കയാൽ കുളുൎത്ത് എന്നു താല്പൎയ്യം. (അവമാനം സിദ്ധിച്ചതായിട്ടെന്നും). ഭീരുത്വത്തോടു മരുവുന്നു, ചെടികളുടെ ഇടയിൽ അങ്ങുമിങ്ങും നില്ക്കുന്നു. (പേടിച്ചു നില്ക്കുന്നുവെന്നും). ഇങ്ങനെ നില്ക്കുന്നതിലേക്കു പൂൎവ്വാൎദ്ധത്തിൽ ഹേതുവിനേ ഉൽപ്രേക്ഷിക്കുന്നു. ശോഭാമദം കൈക്കൊണ്ടു മൃദുലഗാത്രിയായ രാജ്ഞിയുടേ തുടകളുമായി പടവെട്ടാൻ ഒരുമ്പെട്ടു മടങ്ങിപ്പോയിട്ടാണോ എന്നു തോന്നുമെന്ന്. യുദ്ധത്തിൽ പരാജിതനു ഈ അവസ്ഥയെല്ലാം വരുമല്ലോ. ഊരുവിനും വാഴയ്ക്കും

ആകൃതിസാമ്യവും പ്രസിദ്ധമാണല്ലൊ. വാചകശബ്ദപ്രയോഗമില്ലാത്തതിനാൽ ശമ്യോൽപ്രേക്ഷാ. 'പൊരുതുവാൻ' എന്നതു് 'പൊരുതു' എന്നുള്ള നവീനധാതുവിന്റെ പിൻവിനയെച്ചം. "മന്മഥൻ നിർമ്മൂലം നമ്മെ പൊരുന്നതു" എന്ന കൃഷ്ണഗാഥയിലും "ഒന്നു പൊരേണം നമുക്കിന്നു" എന്ന നളചരിതത്തിലും കാണും പോലേ ധാതു 'പൊരു' എന്നാണെങ്കിലും നവീനന്മാർ 'പൊരുതുകയേ' കൂടി സ്വീകരിച്ചിട്ടുണ്ടു്. "രാമനും രാവണനും പൊരുതുംവണ്ണം" എന്നു ഭാരതത്തിൽ എഴുത്തച്ഛൻ. 'പൊരുകുവാൻ' എന്നു തന്നേ വായിച്ചാലും വിരോധമില്ല.

## ൨൮.

സാരാമോദപ്രസവനികരം സഞ്ചരത്സത്സമീരം
ധാരാളോദ്യത്സുമധുരഫലം കീരസംരാവരമ്യം |
പാരാതീതപ്രതിനവലതാഗാരസൌന്ദര്യമാരാ-
ദാരാമം തേ സുഖമതിതരാമിന്ദ്രിയങ്ങൾക്കു നല്കും ||

ആരാദാരാമം, അടുത്തുള്ള ആ തോട്ടം; തേ, നിന്റെ ഇന്ദ്രിയങ്ങൾക്കു, ചക്ഷുശ്ശ്രോത്രത്വഗ്ജിഹ്വാഘ്രാണങ്ങൾ എന്ന അഞ്ചു ജ്ഞാനേന്ദ്രിയങ്ങൾക്കു; അതിതരാം, ഏററം; സുഖം നല്കും. ഓരോ ഇന്ദ്രിയത്തിനും സുഖം ഉണ്ടാകുന്നതിനേ ഓരോ വിശേഷണംകൊണ്ടു സമൎത്ഥിക്കുന്നു. സാരാമോദപ്രസവനികരം, സുഗന്ധിപുഷ്പസമൂഹമുള്ള, എന്നു മൂക്കിനു; സഞ്ചരൽസൽസമീരം, നല്ല കാററു വീശുന്ന, എന്നു ത്വക്കിനു; ധാരാളോദ്യത്സുമധുരഫലം, മധുരഫലസമൃദ്ധിയുള്ള, എന്നു ജിഹ്വയ്ക്കു; കീരസംരാവരമ്യം, കിളികളുടേ നാദംകൊണ്ടു മനോഹരം, എന്നു ചെവിക്കു; പാരാതീതപ്രതിനവലതാഗാരസൌന്ദൎയ്യം, പാരാതീതമായ (അതിരില്ലാത്തതായ) പ്രതിനവലതാഗാരസൌന്ദൎയ്യത്തോടു (പുതുലതാഗൃഹചമത്കാരത്തോടു) കൂടിയ, എന്നു കണ്ണിനു.

## ൨൯.

സ്വൈരം വാണീടുകിലവിടെ നീ സായമുള്ളൂരിൽ നിന്നെൻ-
സാരംഗാക്ഷീമണി രമണി സാ ഷണ്മുഖസ്വാമിതന്നേ |
പാരം ഭക്ത്യാ പരിചൊടു ഭജിച്ചാഗമിക്കും തിരിച്ച-
ന്നേരം നേത്രത്തിനു തവ സഖേ! ജന്മസാഫല്യമുണ്ടാം ||

സായം, സന്ധ്യയ്ക്കു; ഉള്ളൂർ, ഇതു് നഗരത്തിൽനിന്നും മൂന്നു നാഴിക വടക്കുള്ള ഒരു വേലായുധക്ഷേത്രമാകുന്നു. സാരംഗാക്ഷീമണിരമണി സാ, മാൻകണ്ണിമാരിൽ ഒന്നാമതായ ആ സ്ത്രീ, രാജ്ഞി, അന്നേരം നേത്രത്തിനു തവ സഖേ! ജന്മസാഫല്യമുണ്ടാം, ആ രാജ്ഞിയെ കാണുമ്പോൾ നിനക്കു കണ്ണുണ്ടായതിന്റെ ഫലം സിദ്ധിക്കും.

൩൦.

വേഗാലെത്തും രഥമതിലെഴുന്നള്ളിയെൻപ്രാണനാഥാ
സ്വാഗാരത്തിൻ നടയതിലിറങ്ങിടുമായന്തരത്തിൽ |
നാഗാരാതേ! തിരുവുടൽ നഭോവീഥിയേ വിട്ടു ഭൂമീ-
ഭാഗായാനസ്പൃഹയൊടു വരും മിന്നൽ പോലൊന്നു കാണാം ||

തിരുവുടൽ, 'കാണാം' എന്നതിൻെറ കമ്മം; മധ്യേ 'ആകാശം വിട്ടു ഭൂമിയിലേക്കു വരുന്ന മിന്നല്പോലേ' എന്നുപമ. ഇത്രയും പരിഭ്രമിക്കുന്നതിനുള്ള കാരണം അടുത്ത ശ്ലോകത്തിൽ വ്യക്തപ്പെടുത്തും.

൩൧.

സൂക്ഷിച്ചംഗം പ്രതി സുരുചിരസ്ഫാരസൌന്ദൎയ്യസാരം
ഭൂക്ഷിദ്വംശത്തിനു തിലകമാം പ്രേയസീമസ്മദീയാം |
വീക്ഷിക്കാനപ്പൊഴുതവസരം കിട്ടുകില്ലൊട്ടുമംഭോ-
ജാക്ഷിക്കോരോ നിയമമതിനായാശു പോകേണ്ടതുണ്ടാം ||

സുരുചിരസ്ഫാരസൌന്ദൎയ്യസാരം, അതിരമ്യമായും പ്രവൃദ്ധമായും ഉള്ള സൌന്ദൎയ്യസാരത്തോടുകൂടിയ എന്നു അംഗത്തിൻേറ വിശേഷണം. ഭൂക്ഷിദ്വംശം, രാജകുടുംബം.

൩൨.

പള്ളിക്കെട്ടിൻദിനമതുമുതൽ പുള്ളിമാൻകണ്ണിയെന്നിൽ
കൊള്ളിച്ചീടും കൊടിയ മമതയ്ക്കൊത്തു മംഗല്യപൂജാം |
ഉള്ളിൽ ശ്രദ്ധാഭരമൊടു കഴിച്ചററ ഭക്ത്യാ പ്രമീളാം
തള്ളിസ്സേവിച്ചിടുമഥ വിനാ ഛത്മനാ പത്മനാഭം ||

പ്രമീളാം, മടിയേ; വിനാ ഛത്മനാ, കള്ളമെന്നിയേ.

൩൩.

സേവിച്ചംബാമഖിലജഗതാം സേവകാഭീഷ്ടദാത്രീ-
മാവിൎഭക്തി ത്രിഭുവനപിതാവായ തൽകാന്തനേയും |
ഭൂവിണ്ണോരാൽ പരിചരിതയായ് ഭക്തിചെയ്താശു ഭൂയ-
സ്സാ വിശ്വസ്തപ്രിയസഖികളോടൊത്തു സൌധത്തിലെത്തും ||

അഖിലജഗതാമംബാം, ജഗദംബയായ ദേവിയേ; ആവിർഭക്തി, ഭക്തിയോടേ; ഭൂവിഭർണ്ണാരാൽ പരിചരിതയായ് ഭുക്തിചെയ്തു, ഭോജനകാലത്തിലുള്ള പരിചാരങ്ങളെല്ലാം ബ്രാഹ്മണരാണല്ലോ ചെയ്ക പതിവ്.

### ൫൪.

മെല്ലേ മല്ലേക്ഷണ മണിയറയ്ക്കുള്ളിലെത്തിക്കഴിഞ്ഞാൽ
ചെല്ലേണം നീ സമവഹിതനായ് സൌധവാതായനത്തിൽ |
അല്ലേശ്യം തദ്വിവരമതിൽനിന്നപ്രതീഘാതമഗ്രേ
ചൊല്ലേറുന്നക്ഷിതികമലയെക്കാണ്ക ദീപാന്തികത്തിൽ ||

സമവഹിതനായ്, സാവധാനമായിട്ടു, സംഭ്രമിക്കാതേ. സൌധവാതായനം, മുൻ ചൊന്ന ജനൽവാതിൽ. അല്ലേശ്യം, അകത്തുള്ള ദീപത്തിൻേറ നിഴലാൽ ഇരുളടഞ്ഞു; തദ്വിവരത്തിൽ, ആ വാതായനദ്വാരത്തിൽ; അപ്രതീഘാതം, തടവു കൂടാതേ; വിളക്കിനടുത്തു് നിൽക്കുന്നവരേ നിഴലിൽ നിൽക്കുന്നവർക്കു ഇങ്ങോട്ടു കാണാതേ അങ്ങോട്ടു കാണാമല്ലോ.

### ൫൫.

വെണ്ണില്ലവ്വീതലമതിൽ മഹാരാജ്ഞിയെപ്പോലെയിപ്പോൾ
വിണ്ണിൽപോലും വിപുലഗുണസൽകീർത്തിസംപൂർത്തിയോർത്താൽ |
എണ്ണിക്കൂടാത്തൊരു സുഷമയുള്ളോരു തന്മൂർത്തിയാക്കും
കണ്ണിൽ ചേർക്കും ഖഗവര! പരം ഹർഷപീയൂഷവർഷം ||

എണ്ണിക്കൂടാത്ത, അനിർവ്വചനീയമായ; ഹർഷപീയൂഷവർഷം, ആനന്ദമാകുന്ന അമൃതത്തിൻേറ വർഷം; പൂർവ്വാർദ്ധംകൊണ്ടു ആഭ്യന്തരഗുണങ്ങളേയും ഉത്തരാർദ്ധംകൊണ്ടു ബാഹ്യമായ രൂപസൌന്ദര്യത്തേയും വർണ്ണിച്ചിരിക്കുന്നു.

### ൫൬.

ഓജസ്സൂർജ്ജസ്വലമുലകിലില്ലേവമന്യാംഗനാനാം
തേജസ്സോടൊത്തുടലിനിതുപോലാർക്കു സൌന്ദര്യമോർക്കിൽ |
സൌജന്യത്തേപ്പറകിലതസാധാരണം തന്നെയാണേ
രാജന്യസ്ത്രീമണിയുടെ ഗുണൌഘങ്ങളന്യാദൃശങ്ങൾ ||

ഊജ്ജസ്വലം, ബലവത്തു്, ഉറപ്പുള്ളതു്, തീക്ഷ്ണം; രാജന്യസ്ത്രീമണി, ക്ഷത്രിയസ്ത്രീകളിൽ ഉത്തമയായ രാജ്ഞി; അന്യാദൃശങ്ങൾ, മററാരാൽക്കും ഇതുപോലേ കാണാത്ത മട്ടിൽ അപൂൎവ്വങ്ങൾ; 'ഗുണൌഘങ്ങളന്യാദൃശങ്ങൾ' എന്നുള്ള നാലാം പാദത്തേ ശിഷ്ടം മൂന്നു പാദങ്ങളേക്കൊണ്ടു സമൎത്ഥിക്കുന്നതിനാൽ കാവ്യ-ലിംഗാലംകാരം.

## ൬൭.

ഹന്താനന്താപരിവൃഢ മഹൈശ്വൎയ്യസത്വേപ്യപാസ്താ-
ഹന്താ ദന്താവളഗതി ദയാധീനചേതാ വിനീതാ |
സന്താപന്താർമധുമൊഴിയകററീട്ടഭീഷ്ടങ്ങളെല്ലാം
സന്താനന്താനടിമലർപണിഞ്ഞീടുവോൎക്കേകിടുന്നു ||

മഹൈശ്വൎയ്യസത്വേ അപി അപാസ്താഹന്താ, മഹത്തായ ഐശ്വൎയ്യം ഇരിക്കിലും അഹങ്കാരത്തേ ത്യജിച്ചവൾ; ദന്താവളഗതി, ആനനടയാൾ; ദയാധീനചേതാഃ, ദയാലു; വിനീതാ, വിനയവതി; താർമധുമൊഴി, പൂന്തേൻവാണി; അടിമലർ പണിഞ്ഞീടുവോൎക്കു സന്താനം താൻ, ആശ്രിതന്മാൎക്കു ഒരു കല്പവൃക്ഷം തന്നേ ആയുള്ളവൾ; ഈവണ്ണമെല്ലാമായിരിക്കുന്ന അനന്താപരിവൃഢ, രാജ്ഞി; സന്താപമകററീട്ടു (അൎത്ഥാൽ അടിമലർ പണി-ഞ്ഞീടുവോൎക്കു, അല്ലെങ്കിൽ എല്ലാവൎക്കും തന്നെ) അഭീഷ്ടങ്ങളെല്ലാമേകിടുന്നു.

## ൬൮.

ദുൎമ്മാൎഗ്ഗത്തിൽ ക്ഷണമപി മനോവൃത്തിയെത്താതെ നിത്യം
ധൎമ്മാസക്ത്യാ ധരണിരമയായീടുമെൻധൎമ്മപത്നീ |
നിൎമ്മായം സൽപഥനിരതയായ്ത്തന്നെ വൎത്തിച്ചിടുമ്പോൾ
മൎമ്മാവിത്താം വിരഹകദനം വന്നതെൻകൎമ്മമത്രേ ||

എത്താതെ, പ്രവേശിക്കാതെ; ധൎമ്മാസക്ത്യാ, ധൎമ്മങ്ങളിൽ ശ്രദ്ധയോടേ, 'വൎത്തിച്ചിടുമ്പോൾ' എന്നതിൽ അന്വയം. ധരണിരമ, ഭൂലോകലക്ഷ്മി; ധൎമ്മ-പത്നീ, അഗ്നിസാക്ഷികമായ് വേൾക്കപ്പെട്ട ഭാൎയ്യ; ഇതിനാൽ എന്റേ പുണ്യ-പാപങ്ങൾക്കു രാജ്ഞിയും അംശഭാഗിനി എന്നു സമൎത്ഥിക്കുന്നു. നിൎമ്മായം, നിൎവ്യാജം; സത്പഥനിരത, സന്മാൎഗ്ഗപ്രവൃത്ത; മൎമ്മാവിത്തു്, മൎമ്മങ്ങളേ വേധിക്കുന്നതു്, അതിദുസ്സഹമെന്നൎത്ഥം; വിരഹകദനം, വിരഹദുഃഖം; കൎമ്മം, ദുൎഭാഗ്യം.

## ൩൯.

തണ്ടാർപൊയ്കയ്ക്കു ശിശിരകരൻതന്റെ സാന്നിധ്യമില്ലാ-
തുണ്ടായീടും ദശയൊടു സമാവസ്ഥയാ മദ്വിയോഗേ |
വണ്ടാർകൂവേണികൾ പണിയുമെൻകാന്ത വാഴുന്നതയ്യോ
കണ്ടാലാരും കരയുമലിയും കല്ലിനൊത്തോരു ഹൃത്തും ||

സൂര്യവിരഹാതുരയായ പത്മിനിയ്ക്കൊപ്പം ഉഴലുന്ന വിരഹിണിയായ എൻ കാന്തയേക്കണ്ടാൽ കഠിനഹൃദയന്മാൎക്കും ദയ തോന്നിപ്പോകും; പിന്നയാണോ നിന്നെപ്പോലുള്ള ദയാലുക്കൾക്കു; സാന്നിധ്യമില്ലാതെ, ഇല്ലാഞ്ഞിട്ടു, എന്നു ഹേത്വൎത്ഥത്തിൽ നിഷേധവിനയെച്ചം.

## ൪൦.

ആൎത്താ താൎത്തേൻമൊഴിയരികിലുള്ളിഷ്ടയാം ചേടിയോടെൻ-
വാൎത്താമാവൎത്തനമൊടനുയോഗിക്കുമുൽകണ്ഠമൂലം |
പാൎത്താലാരുള്ളൊരു തരുണിയിന്നിത്തരം ഭൎത്തൃഭക്താ
മൂൎത്താ പുണ്യോൽകരപരിണതിഃ കേവലം സാ മദീയാ ||

ഇഷ്ടയാം ചേടിയോടു, ഗാംഭീൎയ്യത്താൽ മററാരോടും ചാപല്യം പ്രകാശിപ്പിക്കയില്ല എന്നു ഭാവം; ആവൎത്തനമൊടു, ചോദിച്ചതു് തന്നേ പിന്നയും ചോദിക്കും; അതിലേയ്ക്കു കാരണം ഉൽകണ്ഠ, പ്രിയവൃത്താന്തശ്രവണത്തിലുള്ള അത്യാസക്തി; എന്നാൽ രാജ്ഞിയായ നായികയ്ക്കു ഇത്രയും ഭൎത്തൃഭക്തി വരുമോ എന്നു മദ്ധ്യരത്തിനു തോന്നാവുന്ന സന്ദേഹത്തേ മൂന്നാം പാദംകൊണ്ടു നിരാകരിച്ചിട്ടു് നാലാം പാദംകൊണ്ടു ഈദൃശനായികാലാഭം തന്റേ പൂൎവ്വപുണ്യഫലം തന്നേ എന്നേ പറയാൻ കാണുന്നൊള്ളു എന്നു ഉപസംഹരിക്കുന്നു. മൂൎത്താ, മൂൎത്തിമതി; പരിണതി, പരിണാമം.

## ൪൧.

വാണീദേവീ പരമുദിതമായോരു കൌതൂഹലത്താൽ
ക്ഷോണീലോകേ സ്വയമവതരിച്ചെന്നൊരാശങ്കയേകും |
ഏണീശാബേക്ഷണ നിപുണമായ് വീണവായിക്കുമപ്പോൾ
വാണീടും നീയവിടെയമിതാനന്ദനിഷ്പന്ദനായി ||

ഇങ്ങനേ നായികയുടേ സ്വഭാവത്തേ സാമാന്യരീത്യാ വൎണ്ണിച്ചിട്ടു തൽകാലാവസ്ഥയേ ഊഹിക്കുന്നു. സരസ്വതിയുടേ അവതാരം തന്നയോ എന്നു ശങ്കിക്കപ്പെടാവുന്ന ആ സുന്ദരി ഒരു വേള ആ സമയത്തു് വീണ വായിക്കയായിരിക്കും. എന്നാൽ

അപ്പോൾ നീയതു കേട്ടു ആനന്ദനിശ്ചലനായി അവിടേനിന്നു പോകും. ആശങ്ക ഏകും, ഏകുന്നവളായ, എന്നു പേരെച്ചം 'ഏണീശാബേക്ഷണ'യുടേ വിശേഷണം. വായിക്കും, വായിക്കുക സംഭാവ്യമാണ്, എന്നു ശീലഭാവി.

൪൨.

ദൂനം ചിത്തം ദുരിതഹരമാം നാമപാരായണത്താ-
ലാനന്ദിപ്പിച്ചതിവിദുഷി താൻ കീർത്തനം തീർത്തനേകം ।
ഗാനം ചെയ്യുന്നളവിലളവില്ലാത്തൊരാനന്ദപൂരേ
നൂനം മജ്ജിച്ചിടുമയി മയൂരേന്ദ്ര! കർണ്ണേന്ദ്രിയം തേ ॥

വീണവായനയോടു ചേർന്നു പാടുകയും ചെയ്യുമെന്നു പറയുന്നു. ദൂനം, ദുഃഖിതം; ദുരിതഹരം, പാപഹരം; നൂനം, നിശ്ചിതം, ഉറപ്പായിട്ട്. രാജ്ഞിക്ക് പാട്ടിലും വീണവായനയിലും ഉള്ള പാണ്ഡിത്യം അന്യാദൃശമാകുന്നു. അതിനാൽ ഇവിടേ കവി അതിശയോക്തിക്ക് ലേശം അവസരം കൊടുത്തിട്ടില്ലാ.

൪൩.

അല്പം പാടി ശ്രമമൊടബലാമൌലിരത്നം ത്യജിച്ചാ-
കല്പം മൽപ്രേയസി മനസി മാമോർത്തു നിശ്ശ്വസ്യ ദീർഘം ।
തല്പംതന്നിൽ പരിചൊടുപവേശിച്ചു തൽപാണിയാൽ താൻ
ശില്പം കല്പിച്ചെഴുമൊരു മദാലേഖ്യമാലോക്യ വാഴും ॥

ത്യജിച്ചാകല്പം, ആകല്പത്തേ (അലംകാരത്തേ) ത്യജിച്ചിട്ട്; വിരഹാവസ്ഥയിലും സ്ഥാനത്തിനു ചേർന്നതായ ഏതാനും അലങ്കാരം ആവശ്യമാണല്ലോ. തൽപാണിയാൽ താൻ ശില്പം കല്പിച്ചെഴും, ചിത്രമെഴുത്തിലും തുന്നൽപണിയിലും മററും നായികയ്ക്കു അസാധാരണമായ വാസനയുണ്ടു. മദാലേഖ്യം, എൻേറ പടം; ആലോക്യ, നോക്കീട്ട്, നോക്കിക്കൊണ്ടു എന്നു താല്പര്യം.

൪൪.

കാര്യ്യം നോക്കേണ്ടതു പലതുമുണ്ടാകകൊണ്ടും സ്വഭാവ-
സ്ഥൈര്യ്യം കൊണ്ടും പകലതു പണിപ്പെട്ടു സന്ധിച്ചുകൂട്ടും ।
ധൈര്യ്യം പോകുന്നതു നിശയിലാണെൻപ്രിയയ്ക്കെൻവിയോഗം
സൂര്യ്യൻ പോകുന്നതു സുസഹമായീടുമോ പത്മിനിയ്ക്കു ॥

സന്ധിച്ചുകൂട്ടം, ഒരുവിധം കഴിച്ചുകൂട്ടം, 'അവൾ' എന്നു കൎത്താവൎത്ഥസിദ്ധം. നാലാം പാദം ദൃഷ്ടാന്തം. "ഓരോരോ ഗൃഹജോലിയാൽ പകൽ പൊറുത്തീടാം വിയോഗാൎത്തിയേ സ്വൈരം വിശ്രമകാലമാമിരവിലാണമ്മാലിനേററം ബലം" എന്നു മേഘദൂതിലേ അൎത്ഥത്തിനു ഇതിനോടു സാദൃശ്യം കാണുക.

### ൮൮.

പാപം മൂലം പരവശതയാ പാൎത്തിടുന്നിജ്ജനത്തെ
സ്വാപംതന്നിൽ കമലമിഴിയാൾ കാണുമെന്നാശയോടേ |
താപം പൂണ്ടത്തൃണകടമതിൽ പള്ളികൊണ്ടീടുമെന്നാൽ
കോപം കൊണ്ടക്കൊടിലവിധി ഹാ നിദ്രയും നീക്കിവൈക്കും ||

ദുരദൃഷ്ടത്താൽ പരാധീനനായ് വസിക്കുന്ന എന്നെ സ്വപ്നത്തിൽ കാണാമെന്നുള്ള ആശയാൽ താപത്തോടേ പുല്ലുപായിൽ ആ വിരഹിണി കിടന്നു നോക്കും; എന്നാൽ ദുൎദ്ദൈവം നിദ്രയ്ക്കു ഇടം കൊടുക്കുകയില്ലാ. ഹാ, കഷ്ടം; നിദ്രാച്ഛേദം എന്ന അവസ്ഥ ഇതിനാൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. 'തൃണകടമതിൽ പള്ളികൊണ്ടീട്ട'മെന്നതിനാൽ വിരഹവ്രതാനുഷ്ഠാനം ഉക്തമായ്. ദൈവത്തിൻേറ നേരേ അസൂയ വ്യഞ്ജിക്കുന്നതിനാൽ ഭാവധ്വനി.

### ൮൯.

നിദ്രാസൌഖ്യം നിയതി നിരസിച്ചീടവേ നീലവേണീ
മുദ്രാഹീനവ്യഥയൊടു മുഹുൎമ്മുഞ്ചതീ മഞ്ചമദ്ധ്യം |
ഭദ്രാ സാ മൽപ്രിയതമയെഴുന്നേററു ലാത്തും ഗവാക്ഷ-
ച്ഛിദ്രാഭ്യൎണ്ണേ തദനു തരുണാൎണ്ണോജകൎണ്ണേജപാക്ഷീ ||

നിയതി, ദൈവം; മുദ്രാഹീനവ്യഥ, നിരൎഗ്ഗളമായ ദുഃഖം; മുഹുഃ, കൂടക്കൂടേ; മഞ്ചം, കട്ടിൽ; ഗവാക്ഷച്ഛിദ്രാഭ്യൎണ്ണേ, ജനൽവാതലിൻേറ രന്ധ്രത്തിനു സമീപത്തു്; കാററുകൊണ്ടു താപശാന്തി ചെയ്വാനാണു ജനൽവാതലിനു കുറുകേ ലാത്തുന്നതു്. തരുണാൎണ്ണോജകൎണ്ണേജപാക്ഷീ, നല്ല തൊടുമുള്ള താമരയിതളിനു തുല്യമായ കണ്ണുള്ളവൾ. കൎണ്ണേജപൻ, ഏഷണിക്കാരൻ, കൎണ്ണത്തിൽ ജപിക്ക സൌഹാൎദ്ദം അധികം ആയാലേ സാധിക്കു എന്നു വച്ചു് ലക്ഷണയാ അന്തരംഗസഖി എന്നൎത്ഥം. അല്ലെങ്കിൽ നേരേ മറിച്ചു, ഏഷണികൂട്ടുക അസൂയമൂലം പരശ്രീസഹിക്കവഹിയായ്ക്കകൊണ്ടാകയാൽ വിരോധി എന്നൎത്ഥം. രണ്ടുവിധമായാലും സാദൃശ്യത്തിൽ പൎയ്യവസാനം കവിസംകേതപ്രസിദ്ധമാകുന്നു. യഥാ, തരുണാൎണ്ണോജങ്ങൾ പോലുള്ളവയും കൎണ്ണേജപങ്ങളും (ചെവിയോളം നീണ്ടവയും)

ആയുള്ള അക്ഷികളോടു കൂടിയവൾ എന്നു കർമ്മധാരയോത്തരപദമായ ഉപമാസമാസം.

## ൪൭.

കോകീവാർത്താ പ്രിയവിരഹിതാ കോമളാംഗീ തദാനീ-
മേകീഭൂതാ സഖികളകലെച്ചെന്നുറങ്ങുന്ന നേരം |
ഏകീടും തേ ധ്രുവമവസരം വാചികം മേ കഥിക്കാൻ
കേകീന്ദ്ര! ത്വത്സവിധഗതയായ് നിന്നു സാ സന്നതാംസാ ||

ഇതു് തന്നെയാണു് നിനക്കു സന്ദേശം ചൊല്വാൻ നല്ല അവസരമെന്നുപദേശിക്കുന്നു. കോകീഇവ ആർത്താ, ചക്രവാകിയെപ്പോലെ വിരഹവിവശാ. ഏകീഭൂതാ, ഏകാകിനിയായവൾ; അതിലേക്കു കാരണം സഖികളകലെച്ചെന്നുറങ്ങുന്ന നേരം; ത്വൽസവിധഗതയായ് നിന്നു, നിന്റെ സമീപത്തു് നിന്നിട്ടു്; അവൾ ലാത്തുന്നതു് നീ ഇരിക്കുന്ന ജനലിനു കുറുക്കേ ആകയാൽ നിനക്കു പറയാൻ സൌകര്യമുണ്ടെന്നു താല്പര്യം. സന്നതാംസാ, സുന്ദരീ.

## ൪൮.

അന്നേരം നീ പറക മൃദുവായുള്ള ഷഡ്ജസ്വരത്തിൽ
കുന്നേലുംനൽകുചകൾമണിയാം റാണിയോടിപ്രകാരം |
വന്നേനാര്യേ! വിരവിനൊടരിപ്പാട്ടുനിന്നോതുവാനാ-
യിന്നേഷ ത്വൽകണവനരചെയ്തോരുസന്ദേശവാചം ||

മൃദുവായുള്ള ഷഡ്ജസ്വരത്തിൽ, "ഷഡ്ജം മയൂരോവദതി" എന്നു പ്രമാണമുണ്ടു്; കുന്നേലുംനല്കുചകൾമണി, കുന്നിനു ഏലുന്ന (ചേരുന്ന, ഒപ്പമാകുന്ന) നല്ല കുചങ്ങളുള്ളവരിൽ മണി (ഉത്തമ) ആയവൾ; ഉപമാനപൂർവ്വപദാനേകപദ ബഹുവ്രീഹിയിൽനിന്നു തൽപുരുഷൻ; റാണി, രാജ്ഞി, എന്നു ഹിന്ദുസ്ഥാനി തത്സമം; പര്യവസാനത്തിൽ സംസ്കൃതതത്ഭവം തന്നേ. ഇപ്രകാരം, ഏതുപ്രകാരമെന്നു ഉത്തരാർദ്ധം വിവരണം.

## ൪൯.

ഏവം നീതാനമൃതമധുരം ചൊല്ലവേ പല്ലവാംഗീ
സാ വന്നീടും കുതുകമൊടടുത്തെത്രയും ചിത്രമോടേ |
ഭാവം നന്നായ് തെളിയുമളിവേണിക്കു വേലായുധൻ താ-
നീവണ്ണം മേ ശുഭമരുളിയെന്നാർത്തിവിട്ടോർത്തിടും സാ ||

അമൃതമധുരം, സ്വരവിശേഷത്താലും, വിശേഷിച്ച 'അരിപ്പാട്ടുനിന്നുവന്നു' എന്നുള്ള പ്രതിപാദ്യത്താലും; ചിത്രമോടേ, ആശ്ചര്യത്തോടു കൂടേ; മയിൽ സംസാരിക്കുന്നതിനാലും നിരുവിച്ചിരിക്കാതേ ലഭിച്ച പ്രിയവാർത്താശ്രവണത്താലും വിസ്മയം. വേലായുധൻതാൻ ഇത്യാദി, പകലേ ഉള്ളൂരിൽ ചെന്നു സേ-വിച്ചസ്വാമിയുടേ പ്രസാദമാണിതു എന്നു നിശ്ചയിക്കും.

## ൭൦.

വല്ലീജാനിപ്രിയ! വസുമതീനായികാം വല്ലഭാം മേ
ചൊല്ലീടേണം പുനരപി ഭവാനേവമുല്ലാസമോടേ |
വല്ലീചില്ലി! ത്വദഭികനവൻ വാണിടുന്നല്ലൽ പോക്കി
ത്വല്ലീലാനുസ്മരണമതിനാലിപ്പൊഴുല്ലാഘനായ് താൻ ||

വല്ലീജാനിപ്രിയ, വാഹനമാകയാൽ വേലായുധന്ന് ഇഷ്ടനായുള്ളോവേ. ഇതിനാൽ ദൂതിന്നു സ്ഥാനവലിപ്പം സൂചിക്കുന്നു. വസുമതീനായിക, രാജ്ഞീ; ഇതിനാൽ നീ വിനയത്തോടേ വേണം സംസാരിക്കാൻ എന്നു ധ്വനിക്കുന്നു. ഉല്ലാസമോടേ, പ്രസന്നമുഖനായിട്ട്; നിന്റേ മുഖഭാവംകൊണ്ടു ആണ് നീ വിശ്വസ്തനോ വഞ്ചകനോ എന്നു രാജ്ഞി നിശ്ചയിക്കുന്നത്.. ഉത്തരാൎദ്ധം മയൂരവാക്യം. വല്ലീചില്ലി, വള്ളിപോലുള്ള ചില്ലിയുള്ളവൾ; ഈ സംബോധനത്താൽ സൌഭാഗ്യം വ്യഞ്ജിക്കുന്നു. ത്വദഭികൻ, നിന്റേ കാമുകൻ, സ്വാധീനനായ ഭൎത്താവു ആയ അവൻ; ത്വല്ലീലാനുസ്മരണമതിനാൽ അല്ലൽ പോക്കി, നിൻ വിലാസങ്ങളേ ഓൎത്തു രസിക്ക എന്നുള്ള വിനോദത്തോടു കൂടി; ഇതിനാൽ ത്വദേകപരായണനായ അവനിൽ നിനക്കു അന്യഥാ ബുദ്ധിക്കു ഒരിക്കലും അവകാശം വരികയില്ലെന്നു ആശ്വാസനം തോന്നുന്നു. ഉല്ലാഘനായ് താൻ, ക്ഷേമത്തോടു തന്നേ; വാണിടുന്നു, ത്വദ്വിരഹവ്യഥയെന്നിയേ അവന്നു മററു സുഖക്കേടൊന്നുമില്ല.

## ൭൧.

പങ്കം പോക്കും ഗുഹനുടെ പദം നിത്യമൎച്ചിച്ചപാസ്താ-
തങ്കം പാലിപ്പതിനു ഭവതീം പാരമൎത്ഥിച്ചു ദേവം !
തങ്കം പോലുള്ളൊരു തവ വപുസ്സെപ്പൊഴും ത്വൽപ്രിയൻ നി-
ശ്ശങ്കം പുൽകിസ്സുഖമനുഭവിക്കുന്നു സങ്കല്പശക്ത്യാ ||

പങ്കം, പാപം; അപാസ്താതങ്കം, ഉപദ്രവങ്ങളേ ഒഴിച്ചു, എന്നു പാലിപ്പതിന്റേ വിശേഷണം. എപ്പൊഴും നിശ്ശങ്കം പുൽകി, സങ്കല്പത്തിലേ

ആലിംഗനാദികൾക്കു സ്ഥലകാലനിയമം വേണ്ടല്ലോ. "സംഗമവിരഹവികല്പേ വരമിഹ വിരഹോ ന സംഗമസ്തസ്യാഃ, സംഗേ സൈകൈവ തഥാ ത്രിഭുവനമപി തന്മയം വിരഹേ."

൫൨.

അച്ഛിന്നൌഘം നയനസലിലം കൊണ്ടനച്ഛാസ്യനായി-
പ്പൃച്ഛിക്കുന്നു കുശലമയി തേ കാമുകൻ കോമളാംഗി! |
അച്ഛിദ്രം നിൻതിരുവടിയിരിക്കേണമെന്നൊന്നു താനാ-
ണിച്ഛിച്ചീടുന്നതവനരവിന്ദാക്ഷി! സർവ്വോപരിഷ്ടാൽ ||

അച്ഛിന്നൌഘം നയനസലിലം കൊണ്ടനച്ഛാസ്യനായി, ധാര മുറിയാതെ ഒലിക്കുന്ന കണ്ണീരാൽ കലുഷമുഖനായിട്ടു; ആ കാമുകൻ നിനക്കു കുശലം ചോദിക്കുന്നു. 'അയി കോമളാംഗി' എന്ന സംബോധനത്താൽ വിരഹക്ലേശാനർഹത ധ്വനിക്കുന്നു. ഈ സ്ഥിതിയിലിരിക്കുന്നവൾക്കു എങ്ങനെ കുശലം സംഭാവ്യമെന്നുള്ള ആധിയാലാണു ചോദിക്കുമ്പോൾ അനവരതയായി ബാഷ്പധാര പുറപ്പെടുന്നതു്. അച്ഛിദ്രം, അക്ഷതം, ആരോഗ്യത്തോടുകൂടേ; നിൻതിരുവടി, നിൻ തൃപ്പാദം നീ എന്നതിനുള്ള ആചാരമൊഴി. സർവ്വോപരിഷ്ടാൽ, എല്ലാററിനുമുപരി.

൫൩.

തിണ്ടാടീടും പതഗമിതിനോടെൻെറ കാൎയ്യം രഹസ്യം
മിണ്ടാനെന്തെൻപതി ബത! മൂതിന്നെന്നു സന്ദേഹമേതും |
ഉണ്ടാകേണ്ടാ തിരുമനസി ഞാൻ ശ്രീവിശാഖൻെറ പത്രം
വണ്ടാർവേണീ! തവ ച നിതരാം നന്മയിൽപ്രേമമില്ലേ? ||

കുശലപ്രശ്നാനന്തരം താൻ വിശ്വസ്തനെന്നു സമൎത്ഥിക്കാൻ ഉപക്രമിക്കുന്നു. തിണ്ടാടീടും പതഗമിതിനോടു, അങ്ങുമിങ്ങുമലഞ്ഞു നടക്കുന്ന പക്ഷിയോടു; രഹസ്യം, ദൂതനോടു ഗോപ്യങ്ങളായ അഭിജ്ഞാനങ്ങളും മററും ഉപദേശിക്കേണ്ടിവരുമല്ലോ. തിരുമനസ്സിൽ സംശയം തോന്നേണ്ടാ എന്നു പറഞ്ഞതിനെ 'ശ്രീ വിശാഖൻെറ പത്രം' ഇത്യാദിനാ സമൎത്ഥിക്കുന്നു ഒന്നാമതു, ഞാൻ ശ്രീവിശാഖൻെറ വേലായുധസ്വാമിയുടേ പത്രം, വാഹനമാണു്. ഇതിനാൽ ഒരു രാജ്ഞിക്കു ഭൃത്യം ചെയ്വാനൎഹനെന്നു സിദ്ധിക്കുന്നു. രണ്ടാമതു, അയിസുന്ദരി! നിനക്കും നന്മയിൽപ്രേമം, നല്ല മയിലിൻേറ നേരേ പ്രേമം (സ്നേഹം) ഇല്ലയോ? മയൂരം നിൻേറ ഇഷ്ടനമാണല്ലോ. വാസ്തവത്തിൽ മയൂരസ്നേഹമുണ്ടോ എന്നു ചോദിക്കുമ്പോൾ 'നന്മയിൽ' നല്ല വസ്തുവിൽ പ്രേമം എന്നു അന്യഥാപദച്ഛേദം ചെയ്തിട്ടു ശ്ലേഷംകൊണ്ടു സമാധാനം. സഭംഗശ്ലേഷസങ്കീൎണ്ണമായ കാവ്യലിംഗം

അലങ്കാരം. ഇതിനു പുറമേ കവി സംഗമാനന്തരകൃതമായ ഈ സന്ദേശത്തിൽ ഒരു മയൂരത്തെ ദൂതനാക്കി കല്പിച്ചതിൻേറ താല്പൎയ്യം വായനക്കാരേ അറിയിക്കുന്നതായും ഒരൎത്ഥം വ്യാഖ്യാനിക്കാം; എന്തുകൊണ്ടെന്നാൽ "ഉണ്മയിൽ തന്നെ രാജ്ഞിക്കു നന്മയിൽ പ്രേമമൂലമായ്, ശ്രീവിശാഖൻേറ പത്രം താനീ വിശ്ലേഷാൎത്തി തീൎത്തുപോൽ". ശ്രീവിശാഖൻേറ പത്രം, ശ്രീവിശാഖമഹാരാജാവിൻേറ തിരുവെഴുത്തു് എന്നു ശ്ലേഷം.

## ൧൧.

താന്തൻ കാന്താവിരഹദഹനജ്വാലയാൽ ദഹ്യമാന-
സ്വാന്തൻ ഹൃന്തേൻമൊഴി! പിഴകളാൽ വിപ്രതീസാരമഗ്നൻ |
ശാന്തൻ സന്ദേശവുമവശമായ് മന്മുഖേന ത്വദീയൻ
കാന്തൻ ചിന്താതരളനരുളിച്ചെയ്തിട്ടുന്നിപ്രകാരം ||

താന്തൻ, ഖിന്നൻ; കാന്താവിരഹദഹനജ്വാലയാൽ ദഹ്യമാനസ്വാന്തൻ, വിരഹാഗ്നിയാൽ കത്തിക്കാളുന്ന മനസ്സോടു കൂടിയവൻ; പിഴകളാൽ വിപ്രതീസാരമഗ്നൻ, താൻ ചെയ്ത തെറ്റുകളേ ഓൎത്തു പശ്ചാത്താപത്തിൽ മുഴുകിയവൻ; ശാന്തൻ, ഗൎവ്വമടങ്ങിയവൻ; അവശൻ, പരാധീനൻ; ചിന്താതരളൻ, മനോരാജ്യങ്ങളാൽ വ്യാകുലൻ; ഈ വിധമൊക്കെയുമായിട്ടു നിൻേറ കാന്തൻ സന്ദേശത്തെയും മന്മുഖേന, ഞാൻ മുഖാന്തരം, ഉപരി വിവരിക്കും പ്രകാരം അരുളിച്ചെയ്യുന്നു. മേൽ വരുന്ന ശ്ലോകങ്ങൾ നായകവാക്യമായിട്ടു തന്നെ മയൂരം പറയേണ്ടുന്നവയാകുന്നു.

## ൧൨.

മംഗല്യാംഗീമണിമകുടമേ! മൽപ്രിയേ! സാമ്പ്രതം നി-
ന്നംഗസ്പൎശം മമ സുലഭമല്ലെങ്കിലും നിങ്കലേറ്റം |
സംഗത്തോടെന്മനമതു ലയിക്കുന്നു ഹാൎദ്ദത്തിനോൎത്താൽ
ഭംഗത്തിന്നല്ലുലകിൽ വിരഹം തുംഗതസ്ഥ്യേ നിമിത്തം ||

എൻേറ മനസ്സു ഏറ്റം, വൎദ്ധിക്കുന്നതായ സംഗത്തോടു കൂടെ നിങ്കൽ ലയിക്കുന്നു. വിരഹം മനസ്സംഗത്തേ ബലപ്പെടുത്തുമെന്നു പ്രതിപാദിക്കുന്ന 'ഹാൎദ്ദത്തിനോൎത്താൽ' ഇത്യാദി വാക്യം "സ്നേഹത്തിന്നു വിരോധിയല്ല വിരഹം നേരോൎക്കിൽ നേരേ മറിച്ചേറീടും പ്രിയമിച്ഛപോലനുഭവിക്കാത്തപ്പൊഴിക്കുങ്ങളിൽ" എന്ന മേഘസന്ദേശശ്ലോകത്താൽ വ്യാഖ്യാതമായി.

൫൩.

എന്നാലും ഞാനതിവിതതമാമാധിപാഥോധിപൂരേ
നന്നായിപ്പോൾ നളിനനയനേ! വീണിതാ കേണിടുന്നേൻ |
ഇന്നാരോടെൻവ്യസനമറിയിക്കുന്നു ഞാൻ? നിന്നുപാന്തേ
വന്നാലല്ലാതൊരു സുഖമെനിക്കില്ല പൊയ്യല്ല തെല്ലും ||

എന്നാലും, യുക്തികൊണ്ടു അടുത്ത ശ്ലോകത്തിൽ വിവരിച്ച വിധത്തിൽ സ്ഥാപിക്കാമെങ്കിലും; അതിവിതതമാമാധിപാഥോധിപൂരേ, ഏററം വിശാലമായ ആധിയാകുന്ന ആഴിയിൽ; ഇന്നാരോടെൻ വ്യസനമറിയിക്കുന്നു ഞാൻ?, ആരോടു ഞാൻ ആവലാധി പറയേണ്ടു; ആവലാധി കേൾക്കേണ്ടവൻ കേൾക്കാത്ത സ്ഥിതിക്കു സംഗമം എങ്ങനേ സാധിക്കും! വിരഹശാന്തി വരാതേ സുഖവും ദുഷ്കരമാകുന്നു.

൫൪.

കുന്നിച്ചീടും കുളുർമതിരുചാ സുന്ദരേ മന്ദിരേ നാ-
മൊന്നിച്ചിന്ദീവരദളഗളഗ്രാഹിനേത്രേ! സുഖേന |
ചെന്നിട്ടോരോ കളികളിലെഴും കൌതുകത്തോടു വാണോ-
രന്നിക്കഷ്ടസ്ഥിതി വരുവതായോർത്തിരുന്നോ തരിമ്പും ||

ഇന്ദീവരദളഗളഗ്രാഹിനേത്രേ!, കരിങ്കുവളപ്പൂവിന്റെ എതളിനേ കഴുത്തിനു പിടിച്ചു തള്ളുന്ന കണ്ണുള്ളവളേ, തത്തുല്യനേത്രേ; വാണോരന്നു, വാണകാലത്തിൽ; തരിമ്പും, ലേശംപോലും; അപ്രതീക്ഷിതമായ് വന്നതാകയാൽ ഈ വിരഹം അതിദുസ്സഹമെന്നു ഭാവം.

൫൫.

ആപത്തേവം ബത വരുവതിന്നായതാക്ഷീമണേ! മൽ-
പാപത്തേത്താൻ പ്രബലതരമാം ഹേതുവായോർത്തിടുന്നേൻ |
സ്വാപത്തേയും സുമുഖി!-യശനത്തേയുമുജ്ഝിച്ചു പശ്ചാ-
ത്താപത്തേ ഞാൻ പരമനുഭവിക്കുന്നു തന്മൂലമിപ്പോൾ ||

തന്മൂലം, പാപമൂലം; വിരഹഹേതുഭൂതമായ ആ പാപത്തിനു ഇടം കൊടുത്തല്ലോ എന്നു പശ്ചാത്താപം. അന്നു നിന്നോടു ഒരുമിച്ചു സ്വാപത്തേയും (ഉറക്കത്തേയും) അശനത്തേയും അനുഭവിച്ചിരുന്ന സ്ഥാനത്തു ഇന്നു പശ്ചാത്താപത്തേ ആണു അനുഭവിക്കുന്നതു എന്നു ഭാവം.

## ൫൯.

ഗാഢപ്രേമ പ്രഗുണകരുണം രൂഢവാത്സല്യമെന്നോ-
ട്ടൂഢസ്ഥേമസ്സ്ഫുടബഹുമതി ത്വം സദാ വാണിടുമ്പോൾ |
മൂഢത്വത്താൽ പല പിഴകൾ ഞാൻ ചെയ്തു പോയുള്ളതെല്ലാം
പ്രൌഢസ്ത്രീകൾക്കണിതിലകമേ! നീ പൊറുത്തീടവേണം ||

അന്നു വിരഹം അസംഭാവ്യമെന്നല്ല മദത്താൽ ഹിതാനുവൎത്തിനിയായ നിന്നിലും പ്രണയാപരാധങ്ങൾ ചെയ്തുപോയിട്ടുള്ളവയേ ക്ഷമിക്കേണമെന്നു പ്രാൎത്ഥിക്കുന്നു. ഗാഢപ്രേമ, അചഞ്ചലമായ അനുരാഗത്തോടു കൂടേ; പ്രഗുണകരുണം, സാമാന്യത്തിലിരട്ടി ദയയോടേ; രൂഢവാത്സല്യം, വേരുറച്ച വാത്സല്യത്തോടു; ഊഢസ്ഥേമസ്സ്ഫുടബഹുമതി, ഊഢസ്ഥേമാവായും (അത്യന്തം സ്ഥിരമായും) സ്ഫുടയായും ഇരിക്കുന്ന ബഹുമതിയോടെ.

## ൬൦.

നിഷ്കാരുണ്യം നരപരിവൃഢൻ തന്വി! തേ സന്നിധേൎമ്മാം
നിഷ്കാസിച്ചിട്ടതികഠിനമായ് ചെയ്തുനിബന്ധമെല്ലാം |
നിഷ്കാലുഷ്യേ! ധൃതിയൊടു തടുത്തോരു നിന്നോടു തുല്യം
നിഷ്കാപട്യം പതിഹിതകരീ നാരിയിപ്പാരിലുണ്ടോ? ||

രാജാവു ദയയെന്നിയേ എന്നേ നിൻറടുക്കൽനിന്നു ബഹിഷ്കരിച്ചിട്ടു അന്യപുരുഷനെ സ്വീകരിക്കണമെന്നു അതികഠിനമായി ചെയ്തു നിബന്ധത്തെ എല്ലാം ധൈൎയ്യത്തോടു കൂടി തടുത്തു നില്ക്കുന്ന നിനക്കു ഒപ്പം നിഷ്കപടമായി ഭൎത്തൃഹിതം ചെയ്യുന്ന നാരി ഇന്നു ദുല്ലഭം തന്നേ. നിഷ്കാലുഷ്യേ, സൎവ്വദാ എന്നിൽ പ്രസന്നയായുള്ളോവേ! എന്നു സംബോധനം. പൂൎവ്വശ്ലോകത്തിൽ പറഞ്ഞ അപരാധങ്ങളേ നീ ഗണിച്ചിട്ടില്ലെന്നു ഇതിനാൽ പ്രതിപാദിക്കുന്നു.

## ൬൧.

നാമീവണ്ണം വ്യഥയനുഭവിക്കുന്നതിന്നിന്നു ദൈവം
വാമീഭൂതം വരതനു! വരുത്തിച്ചതാമീ വിയോഗം |
ഭൈമീസീതാപ്രഭൃതിസതികൾക്കുള്ള സൽകീൎത്തിയിപ്പോൾ
ഭൂമീനാഥേ! തവ സുലഭയായീടുവാൻ ഹേതുവായി ||

ഉൎവ്വശീശാപമുപകാരമെന്ന മട്ടിൽ വിഷമാലങ്കാരരീത്യാ ഒരു വിധം സമാധാനപ്പെടുന്നു. നാം ഈ വിധം കഷ്ടപ്പെടണമെന്നു നിശ്ചയിച്ച പ്രതികൂലമായദൈവം

സംഗതിവരുത്തിയ ഈ വിരഹം നിനക്കു ദമയന്ത്യാദികളേപ്പോലേ പാതിവ്രത്യകീൎത്തിക്കു ഹേതുവായിത്തീൎന്നു. സീത ദമയന്തി മുതലായ രാജ്ഞികൾ വളരേക്കാലം വിരഹദുഃഖം സഹിച്ചുവല്ലോ. ഇതേവരേ നിനക്കു സൌന്ദൎയ്യാദിഗുണങ്ങളാൽ മാത്രമേ സീതാദിസാമ്യമുണ്ടായിരുന്നൊള്ളു. ഇപ്പോൾ പാതിവ്രത്യനിഷ്ഠയിലും അതു സിദ്ധിച്ചുവെന്നു നിനക്കു ഇതിലും ഒരു ലാഭം തന്നേ എന്നു പറയാം. അതിനാൽ ദൈവപ്രാതികൂല്യമെന്നിലാണു അധികം ഫലിച്ചതെന്നു വ്യഞ്ജിക്കുന്നു.

൯൨.

പാതിവ്രത്യം പരമയി പയോജാക്ഷി! യീ നാട്ടിലേ സ്ത്രീ-
ജാതിക്കില്ലെന്നൊരു പഴി ചിരാജ്ജാതമായുള്ളതിപ്പോൾ |
നീതിജ്ഞ്യോകം നിജനടപടിച്ചെയ്തിയാൽ നീക്കി നീതാൻ
ഖ്യാതിജ്യേറം മതിമതി! മഹാരാജ്ഞി! പാത്രീഭവിക്കും ||

പാതിവ്രത്യം പരം, പാതിവ്രത്യംമാത്രം; ഈ നാട്ടിലേ സ്ത്രീജാതിക്കു, മരുമക്കത്തായമനുഷ്ഠിക്കുന്ന കേരളസ്ത്രീകൾക്കു; മതിമതി!, ബുദ്ധിമതി; എന്നു സംബുദ്ധി.

൯൩.

ഭീത്യാ മുക്താം പരജനിതയാ പാരിടം പാലയന്തീ
നീത്യാ വിക്ടോറിയ നിരുപമശ്രീമതീ ശീമറാണി |
പ്രീത്യാ നൾകും ബഹുമതി മഹാലോകരെല്ലാം പുകഴ്ത്തും-
രീത്യാ സാധ്വീത്വസദൃശയശോലാഭവത്യൈ ഭവത്യൈ ||

ബഹുമതിനൾകും, ബഹുമാനം തരും; എന്നു പൂൎണ്ണക്രിയ. 'സി. ഐ' എന്ന ബിരുദു രാജ്ഞിക്കു ഉടൻ തന്നേ ലഭിച്ചല്ലോ. സാധ്വീത്വസദൃശയശോലാഭവത്യൈ ഭവത്യൈ, പതിവ്രതയെന്നു അനന്യസാധാരണ കീൎത്തി ലഭിച്ചവളായ നിനക്കു.

൯൪.

ഏവഞ്ചിന്തിച്ചൊരുവിധമൊരാശപാസമുണ്ടാക്കിയാലും
ഹേ വഞ്ചിക്ഷ്മാവലരിപുകുലത്തിന്നൊരുത്തംസമുത്തേ! |
ഹാ വഞ്ചിച്ചിക്കരിമുകിൽ നിരക്കുന്നകാലം ശുചാസ്ഥീ-
ഭാവഞ്ചിത്തേ ഭൃശമരുളിടുന്നൊണ്ടു മേ കൊണ്ടൽവേണി! ||

ഏവം, അടുത്തു കഴിഞ്ഞ മൂന്നു ശ്ലോകങ്ങളാൽ വിവരിച്ച പ്രകാരം; ഉണ്ടാക്കിയാലും, നിർമ്മിക്കാമെങ്കിലും; ഇക്കരിമുകിൽ നിരക്കുന്ന കാലം, വൎഷത്തു; വഞ്ചിച്ചു, ധൈൎയ്യം അപഹരിച്ചിട്ടു, എങ്ങനേ എന്നു അറികവഹിയാത്ത വിധത്തിൽ; മേ ചിത്തേ, എൻേറ മനസ്സിൽ; ഭൃശം, ഏററം; ശൂചാന്ധീഭാവത്തേ, ദുഃഖജന്യമായ വ്യാമോഹത്തേ അരുളിടുന്നുണ്ടു, ഇക്ഷണത്തിലും ചെയ്തുകൊണ്ടു തന്നേയിരിക്കുന്നു. ഹാ, എന്നു ശോകത്തിൽ. വഞ്ചിക്ഷ്മാവലരിപുകുലത്തിന്നൊരുത്തംസമുത്തേ! വഞ്ചിരാജവംശമൌലിരത്നമേ, എന്നും കൊണ്ടൽവേണി! മേഘതുല്യകേശി എന്നും സാഭിപ്രായസംബോധനങ്ങൾ. യദ്വാ, 'ഉണ്ടാക്കിയാലും' എന്നു നിയോജകപ്രകാരത്തിലേ മദ്ധ്യമപുരുഷൈകവചനം: ഇത്തരമൊക്കയും വിചാരിച്ചു നീ സമാധാനപ്പെട്ടു എന്നു നായികയേ ആശ്വസിപ്പിച്ചിട്ടു "ഹാ വഞ്ചിച്ചു" ഇത്യാദ്യുത്തരാൎദ്ധത്താൽ തനിക്കോ പിന്നെ സമാധാനം ഒന്നുമില്ലെന്നു മാത്രമല്ല, പ്രത്യുത കൊണ്ടൽവേണിയായ നിൻേറ സ്മരണത്തിനു പ്രതിക്ഷണമവസരം കൊടുക്കുന്ന ഈ വൎഷത്തുവാകുന്ന വിഭാവത്താൽ ഉദ്ദീപിതമായ വിരഹമഹാമോഹത്തിൽ ഞാൻ മുഴുകിപ്പോകുന്നുവെന്നു പിന്നയും വിലപിക്കുന്നു, എന്നു വ്യാഖ്യാനിക്കാം.

## ൯൭.

ഓൎത്തീടുന്നേനുടലിനെയുമക്കേശപാശത്തിനേയും
പാൎത്തീടുമ്പോൾ പടുതടിതമിക്കാളമേഘാളിയേയും |
ചേൎത്തീടുന്നു രണരണികയെച്ചേതസി സ്ഫീതയാക്കി-
ത്തീൎത്തീടുന്നു വിരഹരുജയേക്കഷ്ടമീ വൃഷ്ടികാലം ||

വൎഷകാലത്തിൻേറ ഉദ്ദീപനതയേത്തന്നേ രണ്ടു ശ്ലോകംകൊണ്ടു വൎണ്ണിക്കുന്നു. പടുതടിതം, ചൊടിയുള്ള മിന്നൽപിണരിനേ, പാൎക്കുമ്പോൾ ഉടലിനേയും, കാളമേഘാളിയേ പാൎക്കുമ്പോൾ കേശപാശത്തേയും ഓൎക്കുന്നേൻ എന്നു യഥാസംഖ്യം അന്വയം. ഈ വൃഷ്ടികാലം ചേതസ്സിൽ രണരണികയേ, ഉൽകണ്ഠയേ; ചേൎക്കയും വിരഹവേദനയേ സ്ഫീത(പ്രവൃദ്ധ)യാക്കിച്ചെയ്കയും ചെയ്യുന്നു. പൂൎവാൎദ്ധത്തിൽ സ്മൃതിമദലങ്കാരം; ഉത്തരാൎദ്ധത്തിൽ സമുച്ചയാലങ്കാരം; രണ്ടിനും കൂടി സംസൃഷ്ടി.

## ൯൮.

ഓമൽപിച്ചിച്ചെടിലത മരുല്ലോളിതാ വൎഷബിന്ദു-
സ്തോമക്ലിന്നാ പുതുമലർ പതുക്കെ സ്ഫുടിപ്പിച്ചിടുമ്പോൾ |
പ്രേമക്രോധക്ഷുഭിത ഭവതീ ബാഷ്പധാരാവിലാംഗീ
ശ്രീമന്മന്ദസ്മിതസുമുഖിയാകുന്നതോൎമ്മിച്ചിടുന്നേൻ ||

ഓമൽപിച്ചിച്ചെടിലത, ഇളം പിച്ചിവള്ളി; നായികാസ്ഥാനീയാ. മരുല്ലോളിതാ, കാററടിച്ചിളക്കപ്പെട്ടതു, (ആയിട്ടു); ഇതു പ്രണയകലഹകൃത-

മായ ക്ഷോഭത്തിന്റെ സ്ഥാനം വഹിക്കുന്നു; വ ഷ് ബി ന്ദു ഭ സ്തോ മ ക്ലി ന്നാ, മഴവെള്ളത്താൽ നനഞ്ഞതു (ആയിട്ട്); ഇതു് 'ബാഷ്പധാരാവിലാംഗീ' എന്നതിനു എതിരാകുന്നു. പു തു മ ല ർ, പുത്തൻ പൂക്കളേ; ആസന്നവികാസത്തേ ഉദ്ദേശിച്ചു ആണു 'മലർ' എന്നു പ്രയോഗിച്ചതു്. പ തു ക്കെ, ക്രമേണ; സ്ഫു ടി ക്കു മ്പോ ൾ, വിരിയിക്കുമ്പോൾ; ഇതു മന്ദസ്മിതോത്ഭേദത്തിന്റേ പ്രതിബിംബം. പൂർവവൽസ്മൃതിമദലങ്കാരം.

## ൯൭.

പ്രാണേശിത്രി! പ്രണയമസൃണേ! വല്ല ജോലിക്കുമായ് ഞാൻ
വാണേനെന്നാലൊരു പകലകന്നല്പദൂരേപ്യഗാരേ |
കേണേററം നീ വലയുവതു ഞാൻ കേൾപ്പതുണ്ടന്നതിന്നാ-
ലാണേ ചേതസ്സതിചകിതമാകുന്നതേണേക്ഷണേ! മേ ||

ഇനി വിരഹാസഹത നിനക്കും തുല്യമെന്നു പറയുന്നു. പ്രാ ണേ ശി ത്രി! പ്രാണനാഥേ; പ്ര ണ യ മ സൃ ണേ! സ്നേഹംകൊണ്ടു ആർദ്രഹൃദയേ; അ ഗാ രേ, വാസഗൃഹത്തിൽ. ക്ഷണികവിരഹം പോലും പ്രണയചാപല്യത്താൽ സഹിക്കാത്തവൾ ഈ ദീർഘവിപ്രവാസത്തേ എങ്ങനേ പൊറുക്കുമെന്നാണു എനിക്കു ഭയമെന്നു ഭാവം.

## ൯൮.

ലീലാരണ്യേ വിഹഗമൃഗയാലോലനായേകദാ ഞാൻ
നീലാപാംഗേ! കമപി നിഹനിച്ചീടിനേൻ നീഡജത്തേ |
മാലാന്നാരാൽ മരുവുമിണയേക്കണ്ടു നീ താം ച നേതും
കാലാഗാരം സപദി കൃപയാ കാതരേ! ചൊല്ലിയില്ലേ? ||

അനന്തരം ദൂതപ്രത്യായനത്തിനായ് ഒരു അഭിജ്ഞാനം (അടയാളവാക്കു) കൂടേ പറയുന്നു. ഒരിക്കൽ ഞാൻ തോട്ടത്തിൽ പക്ഷിവേട്ട ചെയ്യുമ്പോൾ ഒരു ആൺപക്ഷിയേ വെടിവെച്ചു കൊന്നു. അപ്പോൾ അതിന്റേ ഇണയായ പേട അടുത്തിരുന്നു വ്യസനിക്കുന്നതു കണ്ടു് കനിഞ്ഞു് നീ അതിനേക്കൂടി യമലോകത്തേ പ്രാപിപ്പിക്കാൻഎന്നോടു പറകയുണ്ടായില്ലയോ? ഇതിനാൽ വിരഹഭീതി നിനക്കു എത്രത്തോളമുണ്ടെന്നു എനിക്കു നല്ലവണ്ണം അറിയാമെന്നു താല്പര്യം.

## ൯൯.

ഈ ലോകത്തിൽ സുഖമസുഖവും മിശ്രമായ് ത്താനിരിക്കും
മാലോകർക്കും മതിമുഖി! വരാറില്ലയോ മാലനേകം |
ആലോചിച്ചീവിധമവിധവേ! ചിത്തമാശ്വസ്തമാക്കി-
ക്കാലോപേതം കദനമതിനിക്കാണിക്കുടി ക്ഷമിക്ക ||

പിന്നെയും സമാധാനപ്പെടാൻ തന്നേ പറയുന്നു. മിശ്രമായ് താനിരിക്കം, ഇടകലൎന്നേ ഇരിക്കു; അവിധവേ, സുമംഗലി; ജീവനായ ഭൎത്താവിനോടു പതിവ്രതയ്ക്കു ഏതുകാലത്തെങ്കിലും യോഗം വരാതെയിരിപ്പാൻ പാടില്ലെന്നു താല്പൎയ്യം. കദനം, ദുഃഖം; കാണി, ക്ഷണനേരം; നാം ചെയ്യുന്ന സൽകൎമ്മങ്ങൾ അചിരേണ ഫലിക്കാതിരിക്കയില്ലെന്നു ഹൃദയം. "ഏതി ജീവന്തമാനന്ദോ നരം വൎഷശതാദപി."

## ൭൦.

ധീരത്വത്താലനതിശയിതേ! പൂരുഷന്മാരുമന്ത-
സ്സാരത്താൽ നിൻസദൃശത കലൎന്നോരയിപ്പാരിലില്ല ।
നേരത്രേ ഞാൻ നിരുപമഗുണേ! നിൻെറ ധൈൎയ്യത്തെയാണി-
ന്നേരത്തോൎക്കുന്നതു ദൃഢതരാലംബമായംബുജാക്ഷി! ॥

എന്നാൽ വേദാന്തവേദ്യമായ ഈ തത്വജ്ഞാനം ഒരു സ്ത്രീക്കു വരാവുന്നതാണോ എന്ന ആശങ്കയെപ്പരിഹരിക്കുന്നു. ഹേസവ്വോൽകൃഷ്ടധൈൎയ്യശാലിനി, പുരുഷന്മാരിലും നിന്നെപ്പോലേ അന്തസ്സാരമുള്ളവൻ ചുരുക്കം. എനിക്കു കൂടിയും നിൻേറ ധൈൎയ്യമാണു ഈ കഷ്ടപ്പാട്ടിൽ മുഖ്യമായ ഒരു അവലംബം. ഭാവം സ്പഷ്ടം. "നിരുപമഗുണേ", "അംബുജാക്ഷി" എന്ന സംബോധനങ്ങൾ പ്രണയചാപല്യത്തെ ദ്യോതിപ്പിക്കുന്നു. ഈ സന്ദേശവാചികത്തിൽ സവ്വത്ര സംബോധനാപ്രാചുൎയ്യം കാണുന്നതിനു ഇങ്ങനേ ഉപപത്തി ആലോചിച്ചു കൊള്ളേണ്ടതാകുന്നു.

## ൭൧.

ലോകത്രാണോദ്യതനവിരതം സേവയാലാവയോര-
സ്തോകപ്രീതാശയനുദയദൎക്കാഭനാം ശ്രീവിശാഖൻ ।
കോകദ്വന്ദ്വത്തൊടു സദൃശമായ് സന്തപിക്കും നമുക്കി-
ശ്ശോകത്തേത്തീൎത്തരുളുമുടനേ മംഗളം ഭംഗമെന്യേ ॥

ഈശ്വരപ്രസാദത്താൽ ശുഭം തന്നേ വരുമെന്നുപസംഹരിക്കുന്നു. അവിരതം, എന്നും; ലോകത്രാണോദ്യതൻ, ലോകരക്ഷാദീക്ഷിതൻ; സേവയാൽ ആശ്രയം ഹേതുവായിട്ട്; ആവയോഃ, നമ്മളിൽ; അസ്തോകപ്രീതാശയൻ, അനല്പപ്രസാദമുള്ളവൻ; ഉദയദൎക്കാഭൻ, നിറംകൊണ്ടു ബാലാൎക്കതുല്യൻ; രാജപക്ഷത്തിൽ അഭ്യുദയോന്മുഖതയാൽ ബാലാൎക്കസാമ്യം. ഈദൃശനായ ശ്രീവിശാഖൻ, വേലായുധസ്വാമി; തല്ക്കാലം യുവരാജാവായ വിശാഖമഹാരാജാവെന്നും. ശേഷം സ്പഷ്ടം.

൧൦൦.

ഇത്യേവം മദ്വചനമുരചെയ്താശ്വസിപ്പിച്ചു സാധ്വീം
സത്യേ വൎത്തിച്ചിടുമബലമാർമൌലിയാം വല്ലഭാം മേ ।
പ്രത്യേകം തൽകുശലവുമറിഞ്ഞെത്തിയെന്നോടു ചൊല്ലി-
ക്കൃത്യേ നിത്യേ കൃതമുഖ! സമുദ്യച്ഛ നീയിച്ഛപോലേ ॥

നിത്യേ കൃത്യേ, പതിവായുള്ള സ്വന്തജോലിയിൽ നി ഇച്ഛ പോലേ സമുദ്യച്ഛ ഉദ്യോഗിച്ചാലും, കൃതമുഖ! സമൎത്ഥ, എന്നു സംബോധനം.

൧൦൧.

മുട്ടാതെല്ലാം നിയതി മുറപോൽ ചെയ്തിടുമ്പോൾ തടസ്ഥം
തട്ടാതാവാമവിരഹിതരാം ദമ്പതീ നീലകണ്ഠ!
കൊട്ടാരത്തിൽ കൊടിയ പദമായോരു സൎവ്വാധികാരം
കിട്ടാനുണ്ടാം തരമഥ തവ ശ്രീവിശാഖപ്രസാദാൽ ॥

നിയതി, ഈശ്വരൻ; മുട്ടാതെല്ലാ കാൎയ്യങ്ങളും മുറയ്ക്കു നടത്തുമ്പോൾ ഒരു തടസ്ഥവും കൂടാതെ ദമ്പതീ ആവാം, ദമ്പതികളായ ഞങ്ങൾ; അവിരഹിതരാം, വിരഹം തീൎന്നു തങ്ങളിൽ ചേരും; ഹേ നീലകണ്ഠ, ഞങ്ങൾക്കു ഈ ഉപകാരം ചെയ്യുന്ന മയൂരമേ; തവ, നിനക്കു; ശ്രീവിശാഖപ്രസാദാൽ, സ്വാമിയുടേ പ്രസാദത്താൽ, കൊട്ടാരത്തിൽ, സ്വാമിയുടെ സന്നിധാനത്തിൽ; കൊടിയ പദമായൊരു, ഉൽകൃഷ്ടസ്ഥാനമായ; സൎവ്വാധികാരം, പരിവാരങ്ങളുടേ മേലധികാരം കിട്ടാൻ തരമുണ്ടു. ഭക്തന്മാരായ ഞങ്ങൾക്കുപകാരം ചെയ്കയാൽ സ്വാമി പ്രസാദിച്ച് ഞങ്ങളുടെ പ്രാൎത്ഥന സാധിപ്പിച്ചാൽ ഉടൻ നിനക്കും ഒരു വിശേഷസംഭാവന ചേയ്യാതിരിക്കയില്ലെന്നു ഭാവം. ഇതിനാൽ മയിലിനും പ്രത്യുപകാരം ലഭിക്കുമെന്നു സിദ്ധിച്ചു. ശ്ലേഷത്താൽ നീലകണ്ഠപ്പിള്ളയ്ക്കു വിശാഖ മഹാരാജാവു കൊട്ടാരത്തിൽ സൎവ്വാധികാൎയ്യക്കാർ എന്ന ഉദ്യോഗം കൊടുക്കുമെന്നും ഒരൎത്ഥം. വിശാഖ മഹാരാജാവിനു രാജ്യഭാരം ലഭിച്ച ഉടനാണ് ഈ ദമ്പതിമാൎക്കു സംഗമവും നീലകണ്ഠപ്പിള്ളയ്ക്കു സൎവ്വാധികാരവും ലഭിച്ചത്. വിരഹശാന്തിയ്ക്കു ഹേതുവായിത്തീൎന്നതു ശ്രീവിശാഖപ്രസാദമാകയാൽ ആ ശബ്ദത്തെ ഗ്രന്ഥാന്തത്തിൽ പ്രയോഗിച്ചതു അത്യന്തം ഉചിതമായി; ശ്രീ ശബ്ദം കൊണ്ടു മംഗലവുമായി. ശുഭം.

മയൂരസന്ദേശവ്യാഖ്യാനമായ മൎമ്മപ്രകാശത്തിൽ
ഉത്തരഭാഗം സമാപ്തം.

മയൂരസന്ദേശമണിപ്രവാളവും മടിച്ചിടാതിങ്ങു ചമച്ചു ഞാനിതു ।
മഹാജനങ്ങൾക്കു രസിക്കുമെങ്കിലീ മമ ശ്രമം നിഷ്ഫലമല്ല കേവലം ॥

ശുഭമസ്തു.

കേരള സാഹിത്യ അക്കാദമി

കേരള സാഹിത്യ
അക്കാദമി